KOTTAYAM PUBLIC LIBRARY

Call No M 900 Acc. No 21418

Author ഉ.ബ.പ വാര്യർ ടി.ആർ

Title ചിന്താസംസ്കാരം

1182

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

# ചീനസംസ്കാരം.

---

ഗ്രന്ഥകൎത്താ,
എം. ആർ. മാധവ വാൎയ്യർ,
ബി. എ. എൽ എൽ. ബി.

---

(ഒന്നാം പതിപ്പ്.)

---

ശ്രീധര പ്രസ്സ്, തിരുവനന്തപുരം.

1111

വില അണ വ.

21418

# മുഖവുര

'ചീനസംസ്കാരം' എന്ന ഈ ഗ്രന്ഥം ഞാൻ പ്രസിദ്ധപ്പെടുത്തുന്നത് ഇന്ത്യയുടെ അയൽരാജ്യമായ ചൈനായെപ്പററി മലയാളികൾക്ക് സാമാന്യമായ ഒരു ബോധമുണ്ടാകണമെന്നുദ്ദേശിച്ചാണ്. ചൈനക്ക് അതിപുരാതനമായ ഒരു സംസ്കാരം ഉണ്ടായിരുന്നുവെന്നും പാശ്ചാത്യസംസ്കാരവുമായുള്ള സംഘട്ടനം നിമിത്തം അതിനുടവുവന്നിട്ടുണ്ടെന്നും നമുക്ക് മനസ്സിലാക്കുവാൻ കഴിയും. ചൈനാക്കാർ ഇന്ത്യാക്കാരേക്കാൾ ഭൌതികകാര്യങ്ങളിൽ ശ്രദ്ധിച്ചിരുന്നുവെന്ന് അവരുടെ ചരിത്രം നമ്മെ പഠിപ്പിക്കുന്നു. ഒരു കാലത്ത് ബുദ്ധമതം മുഖേന ഭാരതീയ സംസ്കാരം ചൈനായിൽ വ്യാപിച്ചിരുന്നുവെന്നുള്ള കഥയും നാം ഓർക്കേണ്ടതാണ്. പൌരസ്ത്യവും പാശ്ചാത്യവുമായ പരിഷ്കാരങ്ങളുടെ സംഘട്ടനം ഒരഖിലേഷ്യാപ്രശ്നമായിത്തീർന്നിരിക്കുകയാണ്. ഇതരരാജ്യക്കാർ ഈ പ്രശ്നത്തിന് എങ്ങിനെ പരിഹാരം കണ്ടുപിടിക്കുന്നുവെന്നറിയുവാൻ ചൈനാ, ജപ്പാൻ, ടർക്കി, അഫ്ഗാനിസ്റ്റാൻ മുതലായ രാജ്യങ്ങളുടെ ചരിത്രം നാം പഠിക്കുന്നതു് നന്നായിരിക്കും.

ഈ ചെറിയ പുസ്തകത്തിൽ ചൈനായുടെ ആദികാലം മുതലുള്ള ചരിത്രം വർണ്ണിക്കുന്നതിന് സാധിക്കുകയില്ല. ചൈനായുടെ പ്രാചീനവും അർവാചീനവുമായ

നടപടികളും ആചാരങ്ങളും അഭിപ്രായങ്ങളും കാണിക്കുന്നതിനുപയുക്തമായ ചില പ്രധാനഭാഗങ്ങൾ മാത്രമേ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ളു. ആംഗല വിദ്യാഭ്യാസം സിദ്ധിച്ച അവിടത്തേ യുവാക്കന്മാർ പാശ്ചാത്യാദർശങ്ങളും സമ്പ്രദായങ്ങളും നടപ്പിൽ വരുത്തുവാൻ ചെയ്യുന്ന ശ്രമങ്ങൾ അന്തഃഛിദ്രത്തിനിടയാക്കിയിരിക്കുന്നു. അവരുടെ ആദർശങ്ങൾ വിസ്തൃതമായ ചൈനായിലെ സാമാന്യജനങ്ങളുടെ ഇടയിൽ പ്രചരിക്കാതെ നൂതനമായ ഒരു സംസ്കൃതിയുണ്ടാകുവാൻ പ്രയാസമാണ്. പാശ്ചാത്യദേശങ്ങളിൽ തഴച്ചുവളരുന്ന സംസ്കാരച്ചെടി ചൈനായിലെ മണ്ണിനു യോജിച്ചതാണോ എന്ന് തന്നെ നിശ്ചയിക്കുവാൻ വയ്യാ. പാശ്ചാത്യവും പൌരസ്ത്യവുമായ സംസ്കാരങ്ങളിൽ നിന്ന് സംജാതമാകുന്ന ഒരു നവീനസംസ്കാരമായിരിക്കും ചൈനായ്ക്കു് യോജിച്ചതെന്ന് വന്നേക്കാം.

ചൈനായിലെ അഭിപ്രായങ്ങളും പ്രശ്നങ്ങളും നാം പഠിക്കുന്നതുകൊണ്ടു് നമ്മുടെ പ്രശ്നങ്ങൾക്ക് ഒരു പോംവഴികണ്ടുപിടിക്കുവാൻ കഴിയും. യൂറോപ്യൻ സംസ്കാരം ഇപ്പോൾ രണ്ടുതരത്തിലുണ്ടു്. ബ്രിട്ടനും ഫ്രാൻസും സമത്വം, സ്വാതന്ത്ര്യം, ജനപ്രഭുത്വം, ദേശീയത്വം, മുതലാളിത്തം മുതലായ ആദർശങ്ങളെ ബഹുമാനിക്കുന്നു. ഏകാധിപത്യം, പൊതുവുടമ, മുതലായ ആദർശങ്ങളാണു റഷ്യ പ്രചരിപ്പിക്കുന്നതു്. ഇററലിയും ജർമ്മനിയും ജനപ്രഭുത്വ

ത്തെ കൈവെടിയുകയും സ്വാച്ഛ്യാധികാരത്തിന് പ്രാമാണ്യം നൽകുകയും ചെയ്യുന്നു. മത്സരം, ചൂഷണം, യന്ത്രസഹായം, ശാസ്ത്രീയപുരോഗതി, സമരാസക്തി, സാമ്രാജ്യമോഹം ഇവ പാശ്ചാത്യ സംസ്കാരത്തിൻെറ ഘടകങ്ങളാകുന്നു. പൌരസ്ത്യൻ ധർമ്മത്തേയും സാഹോദര്യത്തേയും ബഹുമാനിക്കുന്നു. അവൻെറ ആരാദ്ധ്യപുരുഷന്മാർ തത്വചിന്തകന്മാരും മഹർഷിമാരുമാണ്. പൌരസ്ത്യൻ മതാസക്തനാകയാൽ ഭൌതികമായ പുരോഗമനത്തിൽ ശ്രദ്ധാലുവല്ല. വ്യവസായീകരണമോ യാന്ത്രികപ്രവർത്തനമൊ ഇന്ത്യയിലും ചൈനായിലും പുരോഗമനത്തേ പ്രാപിച്ചിട്ടില്ല. ശാന്തിയെ പരമലക്ഷ്യമായിക്കരുതുന്ന പൌരസ്ത്യക്ക് സമരസന്നദ്ധതയില്ല. അന്യന്മാരെ ചൂഷണം ചെയ്യണമെന്നോ സാമ്രാജ്യം സ്ഥാപിക്കണമെന്നോ ഇന്ത്യയോ ചൈനായോ താല്പര്യപ്പെടുന്നില്ല. ജനപ്രഭുത്വത്തിൻേറയും ഭോഗാസക്തിയുടേയും ആക്രമണം മൂലം പൌരസ്ത്യസംസ്കാരത്തിന് നാശം സംഭവിച്ചിരിക്കുന്നു. എന്നാൽ പാശ്ചാത്യരുടെ സംസ്കാരം മുഴുവൻ നിരക്കെപരക്കുകയോ വിദ്യാസമ്പന്നന്മാർ പോലും അത് മുഴുക്കെ സ്വീകരിക്കുകയൊ ചെയ്തിട്ടില്ല. മതപരവും സാമുദായികവും സാമ്പത്തികവും രാഷ്ട്രീയവുമായ രംഗങ്ങളിൽ പൌരസ്ത്യധർമ്മങ്ങൾ തിരസ്കൃതമാകുന്നു. അവയ്ക്കുപകരം പാശ്ചാത്യധർമ്മങ്ങളെ സ്വീകരിക്കത്തക്കമനസ്ഥിതി ജനങ്ങൾക്കുണ്ടായിട്ടില്ല.

ഇന്നത്തെ വിദ്യാസമ്പന്നന്മാർ ഈ പരമാൎത്ഥം മനസ്സിലാക്കി ഇന്ത്യയ്ക്കു യോജിച്ചതും ഇക്കാലത്തിന് പററിയതുമായ ഒരു നവീന സംസ്കാരം പ്രചരിപ്പിക്കുവാൻ നിസ്തന്ദ്രം പ്രയത്നിക്കേണ്ടതാകുന്നു. ഏതുതരത്തിലുള്ള സംസ്കാരത്തിനാണ് നാം സ്വാഗതം നൽകേണ്ടതെന്ന് ചിന്തിക്കുമ്പോൾ ഇതരരാജ്യങ്ങളിലുള്ള വൈഷമ്യങ്ങളും പരിചയങ്ങളും നാം അറിയുന്നത് നന്നായിരിക്കും. ഈ ഗ്രന്ഥരചനയ്ക്ക് എന്നെ പ്രേരിപ്പിച്ച ഉദ്ദേശം ഇതുമാത്രമാകുന്നു.

എം. ആർ. മാധവവാര്യർ.

# ചീനസംസ്കാരം.

## അദ്ധ്യായം ൧.

### പ്രഭുപ്രാഭവകാലം.

ചൈനാരാജ്യം പുരാതനകാലത്തു് തന്നെ പരിഷ്കൃതമായിരുന്നു. ഇസ്ലാംമതസ്ഥാപകനായ മഹമ്മദ്പോലും തൻെറ അനുചരന്മാരെ ഉപദേശിക്കുന്നതു് ചൈനായിൽ പോയി വിദ്യാഭ്യാസം സമ്പാദിക്കണമെന്നാണു്. ചൈനാരാജ്യമെന്നു് പറയുമ്പോൾ നാം മംഗോളിയായും, മഞ്ചൂരിയായും കിഴക്കെ ടർക്കിസ്റ്റാനും ടിബറവും ൟവ്വ പ്രവിശ്യകളും ഉൾപ്പെടുത്തുന്നു. ൟ സ്ഥലങ്ങളുടെ വിസ്താരം ൪൦ ലക്ഷം ചതുരശ്രമയിലാണു്. യുണൈറെറഡ്സ്റ്റേററ്സിനേക്കാൾ രണ്ടിരട്ടി വലിപ്പം ചൈനയ്ക്കുണ്ടു്. എന്നാൽ ചൈനായുടെ ആചാരങ്ങളും സമ്പ്രദായങ്ങളും വിചാരഗതികളുമറിയണമെങ്കിൽ ൟവ്വ പ്രവിശ്യകളെ മാത്രം ചൈനായായി ഗണിക്കേണ്ടതാകുന്നു. ചൈനാസാമ്രാജ്യത്തിൻെറ ൟ ഭാഗം ആകെയുള്ള സ്ഥലത്തിൽ അഞ്ചിൽ രണ്ടുഭാഗമേയുള്ളു. ൟ ഭൂവിഭാഗത്തിൻെറ വിസ്തൃതി ൧൫ ലക്ഷം ചതുരശ്രമയിലിലധികമുണ്ടായിരിക്കുകയില്ല. അതിൻെറ വടക്കു് തലസ്ഥാനമായ പീക്കിങ്ങും തെക്കു് വാണിജ്യകേന്ദ്രമായ കാൻറണും കിഴ

ക്ക് ഷാങ്ങ്ഹെയിയും പടിഞ്ഞാറ് ടിബെററൻ അതി ത്തിയും സ്ഥിതിചെയ്യുന്നു.

ഈ സ്ഥലം ഭൂപടത്തിൽ നിരീക്ഷിച്ചാൽ ചൈനായിൽ പല ശീതോഷ്ണസ്ഥിതികളുള്ളതായി ആക്കും ബോദ്ധ്യപ്പെടും. പീക്കിങ്ങിലെ ശീതോഷ്ണസ്ഥിതി മാഡ്രിഡിലേയും കാൻറണിലേത് കൽക്കട്ടായിലേയും ആകുന്നു. യൂറോപ്പിലെപ്പോലെ തന്നെ ഭിന്നമായ സസ്യങ്ങളും ഫലങ്ങളും പൂക്കളും ജന്തുക്കളും മനുഷ്യരും ചൈനായിലുണ്ട്. പീക്കിങ്ങിൽ അന്തരീക്ഷം ജലഹീനമാകുന്നു. അവിടെ മഴയും മഞ്ഞും കുറവാണ്. ജൂലൈയിലും ആഗസ്റ്റിലും അഞ്ചെട്ടാഴ്ചകളല്ലാതെ അവിടെ ഉഷ്ണകാലമില്ല. അന്നും നിശാകാലം ശീതളമാകുന്നു. ഡിസമ്പറിലും ഫെബ്രുവരിയിലും അഞ്ചെട്ടാഴ്ച നദികളിൽ മഞ്ഞുക്കട്ടിയുണ്ടാകും. എന്നാൽ കാൻറണിൽ ഉഷ്ണമേഖലയിലെ ശീതോഷ്ണസ്ഥിതിയാണുള്ളത്. ദീഘ്ഘവും ജലമയവുമായ വസന്തകാലവും ഹ്രസ്വവും ശീതവുമായ മഞ്ഞുകാലവും അവിടെയുണ്ട്. എന്നാൽ കാൻറണിൽ മഞ്ഞുകട്ടിയുണ്ടാകാറില്ല.

വടക്കൻ പ്രവിശ്യകൾ സമതലപ്രദേശങ്ങളാകുന്നു. അവിടെ ഗ്രാമങ്ങളും മൺകട്ടകൊണ്ടു കെട്ടിയ വീടുകളും ധാരാളമുണ്ട്. തെക്കൻ പ്രാവിൻസുകളിൽ മനോഹരമായ പവ്വതനിരകൾ കാണപ്പെടുന്നു. ഈ മലകളുടെ മുകളിൽ കമനീയമായ വിഹാരങ്ങൾ നിമ്മിതമായിരിക്കുന്നു. തെക്കൻ ദിക്കുകളിലെ അത്യുഷ്ണത്തിൽ നിന്നു

21418

രക്ഷപ്പെടുവാൻ പണക്കാരായ ചീനന്മാർ ഈ വിഹാരങ്ങളെ അഭയം പ്രാപിക്കുന്നു. കാൻറൺ് സമീപമുള്ള ഒരു പർവ്വതത്തിൽ ഇത്തരം ൧൦൦ വിഹാരങ്ങളുണ്ടു്. ഈ വിഹാരങ്ങളിൽ അതിഥികൾക്കു് താമസിക്കുവാൻ പ്രത്യേകം മുറികൾ സജ്ജീകൃതമാണു്.

വടക്കൻ ചൈനായിൽ മംഗോളിയൻ കുതിരകളും കഴുതകളും ധാരാളമാണു്. മംഗോളിയായിലെ സമതലങ്ങളിൽക്കൂടി സാമാനങ്ങൾ വഹിച്ചുകൊണ്ടു പോകുന്നതു് ഒട്ടകങ്ങളാകുന്നു. തെക്കൻ ദിക്കുകളിൽ റയിൽവേയുടെ ആവിർഭാവംവരെ പല്ലക്കിലൊ വള്ളത്തിലൊ യാത്രക്കാർ സഞ്ചരിച്ചിരുന്നു. കപ്പലുകളുടെ പ്രചാരത്തിനു മുമ്പു് കാൻറണിൽ നിന്നും പീക്കിങ്ങിലെത്തുന്നതു് മൂന്നു മാസംകൊണ്ടാണു്. പീക്കിങ്ങിലെ ചന്തകളിൽ നല്ല ആട്ടിറച്ചി വാങ്ങിക്കുവാൻ കിട്ടും. പന്നികൾ എല്ലായിടത്തും കാണപ്പെടുന്നു. മനുഷ്യന്നു് സഹായകരമായ ജന്തുക്കളെ ഹിംസിക്കരുതെന്നു് കൺഫ്യൂഷ്യസ് ഉപദേശിച്ചിട്ടുള്ളതിനാൽ ചൈനാക്കാർ പന്നിയിറച്ചി സാധാരണ തിന്നാറില്ല. ചീനന്മാരുടെ പ്രധാന ഭക്ഷണസാധനം അരിയാണു്. വടക്കേ ചൈനയിൽ അരിക്കു് വിലക്കൂടുതലാകയാൽ സാമാന്യന്മാർ ചോളം ഉപയോഗിക്കുന്നു. മുന്തിരിങ്ങാ, ആപ്പിൾ, തണ്ണിമത്തൻ മുതലായവ വടക്കും ഏത്തപ്പഴം, മധുരനാരങ്ങാ, പൃത്തിച്ചക്ക, മാങ്ങ മുതലായവ തെക്കും സമൃദ്ധിയായുണ്ടാകുന്നു. പഴങ്ങൾ കേടുകൂടാതെ മഞ്ഞറയിൽ സൂക്ഷിക്കുന്ന സമ്പ്രദായം പുരാതനകാലം മുതൽ ചീനന്മാക്കു് വശമാണു്. നദികളിലെ

മഞ്ഞുകട്ടി മുറിച്ചെടുത്തു് അവർ മഞ്ഞറയുണ്ടാക്കി പഴങ്ങൾ സൂക്ഷിക്കുന്നു.

സമുദ്രതീരേ വാസികൾ വടക്കരേയും ഉൾനാട്ടുകാരേയുംകാൾ ഉത്സാഹവും സൽസ്വഭാവവും ഉള്ളവരാണ്. ചൈനാക്കാരുടെ ഒരു പഴമൊഴി തന്നെ ധമ്മത്തിന് പവ്വതത്തോടും ബുദ്ധിശക്തിക്ക് ജലത്തോടും ബന്ധമുണ്ടെന്നാണ്. ബുദ്ധിമാൻ ധമ്മിഷ്ഠനായിരിക്കുന്നതപൂവ്വമാണെന്ന് അവർ വിശ്വസിക്കുന്നു. പ്രവിശ്യകളിലെ ജനങ്ങൾ തമ്മിൽ സമാധാനമായി ജീവിക്കുന്നില്ല. വടക്കർ തെക്കരെ ഭയപ്പെടുകയും വെറുക്കുകയും ചെയ്യുന്നു. തെക്കർ വടക്കരെ നിന്ദിക്കുന്നു. ൧൮൬൦-ൽ ഫ്രാങ്കോബ്രിട്ടീഷ് സൈന്യം പീക്കിങ്ങ് പിടിക്കുവാൻ പുറപ്പെട്ടപ്പോൾ കാൻറൺ നിവാസികൾ പീക്കിങ്ങിനെതിരായി വിദേശികളെ സഹായിക്കുവാൻ തയ്യാറായിരുന്നു.

ഇതുവരെ ചൈനായിലെ ജനസംഖ്യ ശരിയായി അറിയപ്പെട്ടിട്ടില്ല. വിദേശികൾ പലപ്പോഴും പല തരത്തിലും ജനസംഖ്യ കണക്ക് കൂട്ടിയിട്ടുണ്ട്. ൧൮൪൨-ൽ ചൈനയിൽ ൪൦ കോടി ജനങ്ങളുണ്ടായിരുന്നുവെന്ന് സക്കാരോഫ് അഭിപ്രായപ്പെട്ടിട്ടുണ്ട്. ൧൯൦൨-ലെ കണക്കു പ്രകാരം അവിടെ ൪൩ കോടി ജനങ്ങളുണ്ടത്രെ. അവിടെ ൪൫ കോടി ജനങ്ങളിൽ കുറവില്ലെന്നൂഹിക്കാം. അങ്ങിനെയായാൽ തന്നെ ഭൂമുഖത്തുള്ള ജനങ്ങളിൽ അഞ്ചിലൊന്ന് ചൈനാക്കാരാണ്. ഏ. ഡി. ൧൫൭൮-ാമാണ്ടു് ഒരു സെൻസസ്സ് എടുത്തതിൽ ൬ കോടി ജനങ്ങളുണ്ടായിരുന്നതായി പറയപ്പെടുന്നു.

ചൈനാ മുഴുവൻ ഒരു ഭാഷയല്ല സംസാരിക്കപ്പെടുന്നതു്. എട്ടു ഭാഷകൾ അവിടെ പ്രചാരത്തിലുണ്ടു്. ഒരു ഷാങ്ങ്ഹൈയിക്കാരനു് കാൻറണിലെ ഭാഷ ദുർഗ്രഹമാകുന്നു. പീക്കിങ്ങിലെ ഭാഷ ഉദ്യോഗസ്ഥന്മാരും കച്ചവടക്കാരും പഠിക്കുന്നു. അതിൻെറ പേർ 'മണ്ടാരിൻ' എന്നാണു്. സാമ്രാജ്യം മുഴുവൻ വരമൊഴി ഒന്നു തന്നെയാണു്. ഒരു വാക്കു് തന്നെ പല തരത്തിൽ ഉച്ചരിക്കപ്പെടുന്നു. ചീനഭാഷയ്ക്കു് ലിംഗമൊ വചനമൊ വിഭക്തിയൊ കാലമോ വ്യാകരണമോ ഇല്ലാത്തതിനാൽ ഈണം പഠിച്ചാൽ ഭാഷ വേഗം ഗ്രഹിക്കാം. യെൻ എന്ന പദത്തിൻെറ ഈണമനുസരിച്ചു് അതിനു ഉപ്പെന്നും പാത്തപ്പക്ഷിയെന്നും അർത്ഥമുണ്ടു്. വരമൊഴി മനുഷ്യർ, പക്ഷികൾ, കെട്ടിടങ്ങൾ ജന്തുക്കൾ മുതലായവയെ ദ്യോതിപ്പിക്കുന്നു. ഏതു പുതിയ വസ്തുവിനേയും വിചാരത്തേയും സൂചിപ്പിക്കത്തക്ക പദങ്ങളും ശബ്ദങ്ങളുമുണ്ടാക്കുവാൻ ചീനന്മാൎക്കു് കഴിയും.

ഭാഷയ്ക്കും സാസാരത്തിനും വ്യത്യാസമുള്ളതുപോലെ ഭിന്നദേശങ്ങളിൽ പാൎക്കുന്ന ചൈനാക്കാരുടെ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലുമന്തരമുണ്ടു്. ഒരു പ്രാവിൻസിലുള്ള ആചാരങ്ങളല്ല മറെറാന്നിലുള്ളതു്. വിവാഹച്ചടങ്ങുകൾ തന്നെ ഓരോ പ്രാന്തത്തിൽ ഓരോ തരത്തിലാകുന്നു. എന്നാൽ വിവാഹത്തിനു് ഒരു രജിസ്റ്റർ പുസ്തകത്തിൽ ഒപ്പിടുകയും വധുവും വരനും ദൈവസാക്ഷിയായി മുട്ടുകുത്തി ഒരു ചുമന്ന മോതിരം കൊണ്ടു കെട്ടപ്പെട്ട രണ്ടു പാത്രങ്ങളിൽ നിന്നു് മധുപാനം ചെയ്തു് സത്യപ്രതിജ്ഞ ചെയ്യുകയും ചെയ്യുന്നതു് സാധാരണമാണു്. ചുമന്ന

നിറം സന്തോഷത്തേയും വെള്ള നിറം ദുഃഖത്തേയും സൂചിപ്പിക്കുന്നതായി അവർ വിചാരിക്കുന്നു. ചൈനാക്കാരുടെ എഴുത്തു കടലാസിൽ പ്രായേണ ചുമന്ന വരയൊ ചിത്രമോ കാണും. വെള്ളക്കാക്ക് ഒരു സൽക്കാരം നടത്തിയ ചൈനീസുദ്യോഗസ്ഥൻ വെള്ളനിറത്തിന്റെ അശുഭഫലമുണ്ടാകാതിരിക്കുവാൻ ഓരോ മേശയിലും ചുമന്ന കടലാസൊട്ടിച്ചതായി അറിയപ്പെടുന്നു.

ചൈനയിൽ വള്ളങ്ങളിൽ സഞ്ചരിക്കുന്നതു് സാധാരണമാണു്. യാങ്ങ്റ്റ്സിയും ഹോയാങ്ങ്ഹായുമാണു് ചൈനായിലെ മഹാനദികളെങ്കിലും തെക്കെ ചൈനയിൽ പല ചെറിയ നദികളുമുണ്ടു്. യാങ്ങ്റ്റ്സി ചൈനായുടെ കുറുക്കെ പടിഞ്ഞാറു നിന്നും കിഴക്കോട്ടൊഴുകുന്നു. മഞ്ഞ നദി അല്ലെങ്കിൽ ഹോയാങ്ങ്ഹാ വസ്തുക്കളുടേയും ജീവികളുടേയും നാശം വരുത്തുന്നതിനാൽ അതിനു് "ചൈനായുടെ ദുഃഖം" എന്നു കുടിപ്പേരുണ്ടു്. അതിലെ ഒഴുക്ക് കഠിനമാകയാൽ ബോട്ടുകളിൽ സഞ്ചരിക്കുന്നതു് ആപൽക്കരമാകുന്നു. മണ്ണു നിറഞ്ഞു് ജലം കലങ്ങിയൊഴുകുന്നതിനാലാണു് അതിനു് മഞ്ഞ നദിയെന്നു പേരുവന്നതു്. ഈ നദിയിലെ വെള്ളം തെളിയുന്നതു് ഒരത്ഭുതസംഭവമാകുന്നു. ഈ നദി കരയിടിക്കുകയും താര മാറുകയും ചെയ്യുന്നതുകൊണ്ടു് അനവധി അപകടങ്ങൾ സംഭവിക്കുന്നു. ഈ നദികളെ ഘടിപ്പിക്കുന്നതിനു് തോടുകൾ നിർമ്മിതമായിട്ടുണ്ടു്. ഗ്രാൻഡ്കനാൽ എന്നു പറയപ്പെടുന്ന തോടു് ൧൩-ാം ശതാബ്ദത്തിൽ കുബ്ളെയിഖാൻ ചക്രവത്തിയുടെ കാലത്തു് പീക്കിങ്ങിന്റേയും കാൻറന്റേ-

യും മദ്ധ്യത്തിൽ ൩൬൦ മയിൽ ദൂരം നീട്ടപ്പെടുകയുണ്ടായി. ക്രിസ്തുവിന് ൨൦൮ വർഷം മുമ്പ് നിർമ്മിതമായ 'മഹാഭിത്തി' യേക്കാൾ അത്ഭുതകരമായ ഒരു വേലയാണിതെന്ന് നിസ്സംശയം പറയാം. ഈ മഹാഭിത്തിയുടെ നീളം ൧൫൦൦ മയിലാണ്. അതു പീക്കിങ്ങിന് കിഴക്കു വശമുള്ള കടലോരത്തു് നിന്ന് ടിബററിൻെറ വടക്കെ അതിർത്തിവരെ നീണ്ടു കിടക്കുന്നു. അതിന് ൨൨ അടി പൊക്കവും ൨൦ അടി വീതിയുമുണ്ടു്. ആറുഗജം ഇടയ്ക്കു് ൪൦ അടി പൊക്കമുള്ള ഗോപുരങ്ങൾ കാണപ്പെടുന്നു. ഇഷ്ടികകൊണ്ടു് പണിഞ്ഞിട്ടിട്ടുള്ള ഈ നെടുങ്കൻ ഭിത്തിയുടെ ചില ഭാഗങ്ങൾ നാമാവശേഷമാണ്. ഇതുപോലെ അക്രമികളായ ടാർട്ടർ ജാതിക്കാരെ നിരോധിക്കുന്നതിന് ചൈനായുടെ പല ഭാഗങ്ങളിലും കോട്ടകളുണ്ടായിരുന്നു.

ചൈനാക്കാർ ബാബിലോണിയായിൽ നിന്നും കുടിയേറിപ്പാർത്തവരാണെന്ന് ചില പുരാണകർത്താക്കൾ അഭിപ്രായപ്പെടുന്നു. ഈ അഭിപ്രായത്തെ സാധൂകരിക്കുന്നതിനുള്ള തെളിവുകളൊന്നുമില്ല. ക്രിസ്തുവിന് മൂവായിരം കൊല്ലം മുമ്പ് ചൈനായുടെ സുവർണ്ണകാലം ആരംഭിച്ചുവത്രെ. എന്നാൽ ക്രിസ്തുവിനു മുമ്പ് പത്തു ശതാബ്ദകാലത്തു് അവിടെ ഉൽകൃഷ്ടമായ സംസ്കാരമുണ്ടായിരുന്നതായി തെളിവുകളുണ്ടു്. അന്ന് മദ്ധ്യരാജ്യം എന്നറിയപ്പെട്ടിരുന്ന ചൈനാ ഇന്നത്തെ സാമ്രാജ്യത്തിൻെറ ഒരു ചെറിയ അംശം മാത്രമായിരുന്നു. അക്കാലത്തു് ഒരു ചക്രവർത്തിയുടെ കീഴിൽ പല പ്രഭുക്കന്മാരും മാടമ്പിമാരും രാജ്യം ഭരിച്ചിരുന്നു. ഇവർ തമ്മിൽ മത്സരങ്ങളും ശണ്ഠ

കളും അപൂൎവ്വമല്ലായിരുന്നു. ഈ ഇടപ്രഭുക്കന്മാർ തമ്മിലുള്ള യുദ്ധങ്ങളെ വൎണ്ണിച്ച് പല പുരാണങ്ങളുണ്ട്. അമ്പു, വില്ല്, രഥം, വാൾ, കുന്തം, കഠാരി, ഗദ മുതലായവയുടെ അത്ഭുതകരമായ പ്രയോഗങ്ങളാണ് അവയിൽ വൎണ്ണിക്കപ്പെട്ടിട്ടുള്ളത്. ചീനന്മാർ യുദ്ധവിശാരദന്മാരായിരുന്നുവെന്ന് ഈ വൎണ്ണനകൾ പ്രസ്പഷ്ടമാക്കുന്നു.

ചൈനാക്കാർ താമസിക്കുന്നത് പ്രായേണ ഓലമേഞ്ഞ വീടുകളിലാകുന്നു. മൺ ഭിത്തിയുണ്ടാക്കി കുമ്മായം തേക്കുകയും തറയടിച്ച് നിരപ്പാക്കി പരവതാനിക്ക് പകരം പുല്ല് വിരിക്കുകയും ചെയ്യുന്നതിൽ ചീനന്മാർ വിരുതന്മാരാണ്. പുരാതന കാലത്ത് അവർ പാ വിരിച്ചിരുന്നുവെങ്കിലും മേശയും കസേരയും പ്രാചീനകാലങ്ങളിൽ തന്നെ പ്രചാരത്തിൽ വന്നിരുന്നു. ചീനന്മാർ ഭക്ഷണത്തിന്റെ കൂടെ ഒരുതരം മദ്യം സേവിച്ചിരുന്നു. അവരുടെ വസ്ത്രം പട്ടായിരുന്നു. അവരുടെ പ്രധാന തൊഴിൽ കൃഷിയും മീൻ പിടിത്തവും വേട്ടയുമായിരുന്നു. സ്ത്രീകൾ നൂൽ നൂൽക്കുകയും തുന്നുകയും ചെയ്തുവന്നു. ലോഹവേലകളിൽ ചീനന്മാർ അതിവിദഗ്ദ്ധന്മാരായിരുന്നു. പ്രാചീന കാലത്ത് സാഹിത്യം അതിപ്രവൃദ്ധമായിരുന്നു. അക്കാലത്ത് ചീനഭാഷയിൽ ധാരാളം പുസ്തകങ്ങളുണ്ടായിരുന്നു. മരത്തിലും മുളയിലുമാണ് അന്നു ഗ്രന്ഥങ്ങൾ എഴുതപ്പെട്ടിരുന്നത്.

ചരിത്രാതീതകാലം മുതൽ ചൈനായിൽ വൈദ്യവിദഗ്ദ്ധന്മാരുണ്ടായിരുന്നു. ഒരു ചക്രവൎത്തിയും മന്ത്രിയുമായുള്ള സംവാദ രൂപത്തിൽ "വിശദപ്രശ്നങ്ങൾ" എന്ന

പേരിൽ ഒരു വൈദ്യഗ്രന്ഥമുണ്ട്. അതിന് വളരെ പഴക്കമുണ്ടെന്നാണു ചൈനാക്കാരുടെ വിശ്വാസം. ഉഷ്ണകാലം, ശീതകാലം, വർഷകാലം, മഞ്ഞുകാലം ഇങ്ങിനെ നാലു കാലങ്ങളിൽ ഓരോ സുഖക്കേടുകളുണ്ടാകുന്നുവെന്നുള്ള തത്വമനുസരിച്ചാണു് ചികിത്സകൾ വിധിക്കപ്പെടുന്നതു്.

സസ്യങ്ങൾ, ചെടികൾ, മാംസങ്ങൾ, ധാതുക്കൾ, ധാന്യങ്ങൾ മുതലായവയിൽ നിന്നും ഔഷധങ്ങൾ തയാറാക്കപ്പെടുന്നു. അഞ്ചുരസങ്ങളെ അവലംബിച്ചാണു് ചികിത്സ നടത്തുന്നതു്. പുളി എല്ലിനേയും ചവർപ്പ് മാംസത്തേയും ലവണം രക്തധമനികളേയും കയ്പ് ഓജസ്സിനേയും മധുരം മാംസത്തേയും പോഷിപ്പിക്കുമെന്നു ചീനവൈദ്യന്മാർ വിശ്വസിക്കുന്നു. ഇരുപത്തിനാലു തരം പയറുവർഗ്ഗങ്ങൾ സാധാരണ ചികിത്സയ്ക്കുപയോഗിക്കപ്പെടുന്നു. ചില സിദ്ധവൈദ്യന്മാർ വെ തരം പയറുകളുപയോഗിക്കുന്നുണ്ടു്.

ക്രിസ്തുവിന് ആയിരം കൊല്ലം മുമ്പുമുതലാണു് ചൈനാക്കാർ ഇരട്ടപ്പേരോടുകൂടി കുടുംബപ്പേരുപയോഗിച്ചു് തുടങ്ങിയതു്. അതിന് മുമ്പു് ഗോത്രനാമങ്ങൾ ഉപയോഗിക്കപ്പെട്ടുവന്നിരുന്നു. ഇപ്പോൾ സ്ഥലപ്പേരു ഇരട്ടപ്പേരായി ചേർത്തുവരുന്നു. നദി, കല്ലു്, ഗുഹ, ജന്തുക്കൾ, പക്ഷികൾ, വൃക്ഷങ്ങൾ, പുഷ്പങ്ങൾ മുതലായവയും ഇരട്ടപ്പേരുകളായി ഉപയോഗിക്കപ്പെട്ടുവരുന്നു. ക്രിസ്തുവിന് എട്ടു ശതാബ്ദം മുമ്പു് ചൈനയിൽ ഇരട്ടപ്പേരുകളുണ്ടു്. യൂറോപ്പിൽ ഇരട്ടപ്പേരുകൾ ഉപയോഗിക്കപ്പെട്ടുവന്നതു്

ക്രിസ്തുവിൻെറ മരണശേഷം പന്ത്രണ്ട് ശതാബ്ദം കഴി ഞ്ഞാകുന്നു. അന്നുതന്നെ സമ്പന്നന്മാർ മാത്രമേ ഇരട്ട പ്പേരുകളുപയോഗിച്ചിരുന്നുള്ളൂ. "നൂറു ഇരട്ടപ്പേരുകൾ" എന്ന ഒരു ഗ്രന്ഥം എല്ലാ വിദ്യാൎത്ഥികളും പഠിച്ചുവരുന്നു.

ക്രിസ്തുവിന് ൨൨൦ കൊല്ലം മുമ്പ് സാമന്തഭരണം ചൈനായിൽ അസ്തമിച്ചു. ഒരു രാജ്യം മററൊന്നിനെ ആക്രമിച്ച് ഒടുവിൽ എല്ലാരാജ്യങ്ങളും ഒരു ചക്രവൎത്തി യുടെ കീഴിലായി. തദനന്തരം ഇടപ്രഭുക്കന്മാരുടേയും മാടമ്പിമാരുടെയും പ്രതാപം വളൎന്നിട്ടില്ല. ചൈനാ ഒരുസാമ്രാജ്യമായിത്തന്നെ പിന്നീട് വൎത്തിച്ചിട്ടുണ്ടെങ്കിലും സിംഹാസനം പല കുടുംബങ്ങളിലേക്ക് സംക്രമിച്ചിട്ടുണ്ട്. ഇങ്ങിനെ ഒരു സാമ്രാജ്യം സ്ഥാപിച്ച ഒന്നാമത്തെ ചക്ര വൎത്തി മൂന്നു ലക്ഷം പടയാളികളെ വടക്കോട്ട് യുദ്ധത്തിനു നിയോഗിക്കുകയും ജപ്പാൻ പിടിക്കുവാൻ ഒരു കപ്പൽപട അയക്കുകയും ജയിൽ പുള്ളികളെക്കൊണ്ട് മഹാഭിത്തി പ ണിയിക്കുകയും ചെമ്പുനാണയങ്ങളടിച്ച് പ്രചരിപ്പിക്കുക യും കൃഷി, വൈദ്യം ജോതിഷം ഇവയെപ്പററി ഗ്രന്ഥങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തു. എന്നാൽ ഇതരവിഷയങ്ങ ളെപ്പററിയുള്ള ഗ്രന്ഥങ്ങൾ നിശ്ശേഷം നശിപ്പിക്കുവാനും അത്തരം ഗ്രന്ഥങ്ങൾ ഒളിച്ച് വെച്ചിരിക്കുന്നവരെ നിഗ്ര ഹിക്കുവാനും അദ്ദേഹം ഉത്തരവിട്ടു.

ബി. സി. ൨൧൦-ൽ ഒന്നാമത്തെ ചക്രവൎത്തി നിൎയ്യാ തനായി. അദ്ദേഹത്തിൻെറ മകൻ ദ്വിതീയചക്രവൎത്തി യായിത്തീൎന്നു. ഒന്നാമത്തെ ചക്രവൎത്തിയുടെ ശവസം സ്കാരകൎമ്മത്തെപ്പററി ഒരു ചരിത്രകാരൻ ഇപ്രകാരം

വർണ്ണിച്ചിരിക്കുന്നു. "നവമി ദിവസം ആദ്യചക്രവർത്തിയെ അദ്ദേഹം മൌണ്ട്ലിയിൽ തയ്യാറാക്കപ്പെട്ടിരുന്ന കുടീരത്തിൽ സംസ്കരിച്ചു. ഈ കുടീരം തയ്യാറാക്കിയതു് ൭ ലക്ഷം പട്ടാളക്കാരായിരുന്നു. വിശേഷപ്പെട്ട ആഭരണങ്ങളും രത്നങ്ങളും ഈ കല്ലറയിൽ നിക്ഷേപിക്കപ്പെട്ടിരുന്നു. ഈ കല്ലറയിൽ പ്രവേശിക്കുന്നവരുടെ മേൽ അമ്പുതറയ്ക്കത്തക്കവണ്ണം കൃത്രിമ വേലകളുണ്ടായിരുന്നു. കല്ലറയുടെ മുകളിൽ നക്ഷത്രങ്ങളുടേയും താഴെ ഭൂവിഭാഗങ്ങളുടേയും രൂപങ്ങൾ കൊത്തപ്പെട്ടിരുന്നു. ഒരു ജീവിതകാലം മുഴുവൻ തിരികത്തത്തക്കവണ്ണം വാൽറസ്സ് എന്ന മത്സ്യത്തിൻെറ കൊഴുപ്പു കൊണ്ടു് മെഴുകുതിരി നിർമ്മിക്കപ്പെട്ടിരുന്നു. ആദ്യചക്രവർത്തിയുടെ സന്താനവിഹീനകളായ ഭാര്യമാർ അദ്ദേഹത്തിനെ വിട്ടു പിരിയരുതെന്നു് പറഞ്ഞു രണ്ടാമത്തെ ചക്രവർത്തി അനവധി സ്ത്രീകളെ കല്ലറയിൽ അടച്ചു നിഗ്രഹിച്ചു. കല്ലറ അടയ്ക്കാറായപ്പോൾ അതിലെ നിധികളും കൃത്രിമവേലകളും പുറത്താകരുതെന്നു കരുതി വേലക്കാരേയും കല്ലറയിലകപ്പെടുത്തിക്കൊന്നു കളഞ്ഞു. തദനന്തരം കല്ലറ തിരിച്ചറിയാതിരിക്കുന്നതിനു് അദ്ദേഹം മണ്ണിട്ടു മൂടി വൃക്ഷങ്ങളും ചെടികളും നട്ടുപിടിപ്പിച്ചു".

ക്രൂരനായ രണ്ടാമത്തെ ചക്രവർത്തി സ്വല്പകാലത്തെ ഭരണത്തിനുശേഷം വധിക്കപ്പെട്ടു. തദനന്തരം ഒരു കൃഷിക്കാരൻ മൂന്നു കൊല്ലത്തെ മത്സരത്തിനു് ശേഷം ൨൦൨ ബീ. സിയിൽ ചക്രവർത്തിപദം കരസ്ഥമാക്കി. അയാളുടെ ഹാൻവംശം നാന്നൂറു കൊല്ലം ചൈനാ ഭരിച്ചു. ഇക്കാലം ആഭ്യന്തരവും ബാഹ്യവുമായ സമാധാ

നമുണ്ടായിരുന്നില്ല. വടക്കു ടാർട്ടർവർഗ്ഗക്കാരരും ഹൂണന്മാരും കൊറിയാക്കാരുമായി നിരന്തരയുദ്ധങ്ങൾ നടന്നുകൊണ്ടിരുന്നു. ചൈനാക്കാർ ഏ. ഡീ. ൫൦-ലാണു് ജപ്പാൻ ദ്വീപുകൾ കണ്ടു പിടിച്ചതു്. യുദ്ധശാലികളായ ചൈനാക്കാർ മദ്ധ്യ ഏഷ്യയിൽപോലും അവരുടെ പതാക സ്ഥാപിച്ചിരുന്നു. അന്തഃപുരത്തിലെ വഞ്ചനയും നീചപ്രവൃത്തികളും മൂലം രാജ്യത്തിനകത്തു് സ്വൈരമുണ്ടായിരുന്നില്ല. ഇടക്കാലത്തു് വാങ്ങ്മാങ്ങ് എന്ന ഒരാൾ വിഷപ്രയോഗവും ചതിയുംകൊണ്ടു് രാജാധികാരം സമ്പാദിച്ചു. ഒടുവിൽ അയാളുടെ പട്ടാളക്കാർ തന്നെ അയാളെ ഹിംസിച്ചു. ഹാൻവംശം സാഹിത്യത്തെ പോഷിപ്പിച്ചിരുന്നു. കൺഫൂഷ്യസ്സിൻെറ സിദ്ധാന്തങ്ങൾ തേടിപ്പിടിച്ചു് വ്യാഖ്യാനിച്ചതു് ഇക്കാലത്താണു്. തൽഫലമായി കൺഫൂഷ്യസ്സിൻെറ മതം ജനതാമദ്ധ്യത്തിൽ ദൃഢമൂലമായിത്തീൎന്നു. ഹാൻവംശത്തിൻെറ ഭരണകാലത്തു് ചീനസംസ്കാരത്തിനു് പുരോഗമനമുണ്ടായി. കടലാസും മഷിയും ബ്രഷും അന്നുണ്ടാക്കപ്പെട്ടിരുന്നതിനാൽ ചിത്രമെഴുത്തും ഗ്രന്ഥരചനയും അഭിവൃദ്ധിയെ പ്രാപിച്ചു. മൃതന്മാരോടുകൂടി അവരുടെ ദാസന്മാരെ കുഴിച്ചിടുന്ന പതിവു് നിരുത്തപ്പെട്ടു. മരണാനന്തരം ൩ മാസം ദുഃഖമാചരിക്കണമെന്നുള്ള പതിവു മാററി ൩൦ ദിവസം മതിയെന്നു് തീരുമാനിക്കപ്പെട്ടു. സാഹിത്യപരമായ സ്ഥാനമാനങ്ങൾ നൾകപ്പെട്ടതു് അക്കാലത്താണു്. കൺഫൂഷ്യസ്സിൻെറ പരമ്പരയ്ക്കു പ്രത്യേകസ്ഥാനമാനങ്ങൾ നല്കപ്പെട്ടു. കൺഫൂഷ്യസ്സിൻെറ ഗോത്രത്തിലെ നായകൻ ഒരു പ്രഭു

വെന്ന നിലയിൽ ഇപ്പോൾ വലിയ അധികാരങ്ങളോടു കൂടി ഒരു കൊട്ടാരത്തിൽ താമസിക്കുന്നു.

പ്രാചീന ഗ്രീസിന്റെ ഒരു ഭാഗമായിരുന്ന ബാക്‌റ്റീറിയായിൽ ചൈനാക്കാർ പ്രവേശിച്ച് അവിടെനിന്നും മുന്തിരിക്കൃഷിയും മദ്യപാനവും ചൈനയിൽ സംക്രമിപ്പിച്ചു. ചൈനാക്കാർ സമയമറിയുന്നതിന് ഒരു ജലഘടികാരം കണ്ടുപിടിച്ചിരുന്നു. അവർ പഞ്ചാംഗം പരിഷ്കരിക്കുകയും ഗ്രീസിലെ മാതൃകയനുസരിച്ച് സംഗീതത്തെ നവീകരിക്കുകയും ചെയ്തു. ഇങ്ങിനെ പൌരാണികകാലത്തുപോലും ചൈനായുടെ സംസ്കാരം ഇതരരാജ്യങ്ങളെ അതിശയിച്ചിരുന്നു.

# അദ്ധ്യായം ൨.

## നിയമവും ഗവൎമ്മെൻറും.

പണ്ട് നാണയമുണ്ടായിരുന്നില്ല. അന്നു സാമാനങ്ങൾ പരസ്പരം കൈമാറി ഇടപാടുകൾ നടത്തപ്പെട്ടിരുന്നു. ക്രമേണ കവിടി, തോൽക്കഷണം, പട്ട് മുതലായവ നാണ്യങ്ങളായി. തദനന്തരം ചെമ്പു നാണയങ്ങളുത്ഭവിച്ചു. ഒമ്പതാം ശതാബ്ദത്തിൽ നോട്ടുകൾ പ്രചാരത്തിൽ വന്നു. ചോളത്തിൻെറ നീളമനുസരിച്ചാണ് അംഗുലവും അടിയും ഗജവും കണക്കാക്കപ്പെട്ടിരുന്നത്. ദശാംശ രീതി ചൈനായിൽ നടപ്പുണ്ടായിരുന്നു. എന്നാൽ അവിടെ ൧൬ ഔൺസു കൂടുന്നതാണ് ഒരു റാത്തൽ. അളവുകളും തൂക്കങ്ങളും സാമ്രാജ്യം മുഴുവൻ ഒരുപോലെയല്ല.

ചൈനായിലെ ഭൂമി മുഴുവൻ രാജാവിൻെറ വകയാണെന്ന് കരുതപ്പെടുന്നു. കരം കൊടുത്താൽ സ്വതന്ത്രമായി ഭൂമി അനുഭവിക്കുകയും കൈമാറുകയും ചെയ്യാം. വിദേശ്യൎക്ക് ഇതുപോലെ ചില സ്ഥലങ്ങൾ പാട്ടത്തിന് കൊടുത്തിട്ടുണ്ട്. ഗവൎമ്മെൻറിൻെറ മുഖ്യാദായം ഭൂനികുതിയാകുന്നു. ക്ഷാമമോ വെള്ളപ്പൊക്കമോ ഉണ്ടായാൽ കരം ഇളച്ചുകൊടുക്കും. ഉപ്പും മററു കുത്തക നികുതികളും റവന്യുവിൻെറ പ്രധാന വിഭാഗമാണ്. സമുദ്രക്കരയും രാജ്യത്തിനകത്തും പല ചുങ്കസ്ഥലങ്ങളുണ്ട്. ജനങ്ങ

ളുടെ സമ്മതം കൂടാതെ നികതി വൎദ്ധിപ്പിക്കുവാൻ അവർ അനുവദിക്കുകയില്ല. അധികാരികൾക്ക് ഈ മനോഭാവം നല്ലതുപോലറിയാം. ജനപ്രമാണികളുമായി ഒരാലോചന നടത്തി അവരുടെ സമ്മതം വാങ്ങിയശേഷമാണ് അധികാരികൾ നികുതി കൂട്ടുകയൊ പുതിയ നികുതി ഏൎപ്പെടുത്തുകയൊ ചെയ്യുന്നത്. അല്ലാത്തപക്ഷം ജനങ്ങൾ നികുതി നിഷേധിക്കുകയും ഹൎത്താലനുഷ്ഠിക്കുകയും അധികാരികളെ ആക്രമിക്കുകയും ചെയ്യും. ചുരുക്കത്തിൽ ജനസമ്മതമില്ലാതെ അവിടെ നികുതി ചുമത്തുവാൻ പാടില്ല.

അവിടെ ഉത്തരവാദിത്വമില്ലാത്ത സ്വേച്ഛാഭരണമാണ് ഉണ്ടായിരുന്നത്. സ്ഥാപനങ്ങളെല്ലാം തന്നെ സ്വേച്ഛാഭരണത്തിൽ അധിസ്ഥിതമാണെങ്കിലും അവയുടെ പ്രവൎത്തനം ജനപ്രഭുത്വപരമാണ്. തത്വജ്ഞാനിയായ മെൻസിയസ് ജനങ്ങൾക്ക് ഒന്നാമത്തേയും ദേവന്മാൎക്ക് രണ്ടാമത്തേയും രാജാവിന് മൂന്നാമത്തേയും സ്ഥാനമാണ് നൽകിയിരിക്കുന്നത്. കഴിഞ്ഞ രണ്ടായിരം കൊല്ലങ്ങളായി ഈ അഭിപ്രായം ജനങ്ങളുടെ മനസ്സിൽ പതിഞ്ഞിട്ടുണ്ട്. ചൈനാക്കാൎക്ക് അനീതി സഹിക്കുവാൻ വയ്യാ. എന്നാൽ അവരുടെ സമ്മതത്തോടുകൂടി നിൎമ്മിക്കപ്പെടുന്ന ഏതു കഠിന നിയമവും അനുസരിക്കുവാൻ അവർ സന്നദ്ധരാണ്. ഭരണഭാരമേൽക്കുന്ന ഓരോ രാജവംശവും പ്രാരംഭത്തിൽ ഓരോ പീനൽകോട് പ്രഖ്യാപനം ചെയ്യും. പണ്ടു ദാരുണമായ ശിക്ഷകൾ വിധിക്കപ്പെട്ടിരുന്നുവെങ്കിലും ക്രമേണ ഭൂതദയാപരമായ

മാററങ്ങൾ പ്രസ്തുത കോഡിലുണ്ടായിട്ടുണ്ട്. രണ്ടായിരം കൊല്ലം മുമ്പ് ഇരുമ്പ് പഴുപ്പിച്ച് കാച്ചുക, മൂക്കുമുറിക്കുക, കാലുമുറിക്കുക, അംഗഭംഗമുണ്ടാക്കുക, കൊല്ലുക മുതലായവയായിരുന്നു സാധാരണ ശിക്ഷകൾ. കഴിഞ്ഞ വർഷം കൊല്ലങ്ങളിലായി നാടുകടത്തൽ, വധം, മുക്കാലിയിൽ കെട്ടി അടി ഇവയാണ് വലിയ ശിക്ഷകൾ.

പണ്ടു കുററങ്ങൾ തെളിയിക്കുന്നതിനായി പല ക്രൂരപ്രവൃത്തികളും ചെയ്തിരുന്നു. എന്നാൽ കാലക്രമേണ ഈ ക്രൂരതകൾ കുറഞ്ഞു വരുന്നു. വലിയ ചൂടുകാലത്ത് ശിക്ഷയ്ക്കു കുറവുണ്ട്. കുററം ചെയ്ത ശേഷം വേഗം പോലീസിന് അറിവു കൊടുക്കുന്നവർക്ക് ശിക്ഷകുറവോ മാപ്പോ കിട്ടും. മോഷ്ടാവ് പശ്ചാത്തപിച്ച് ഉടമസ്ഥന് സാമാനം തിരിച്ചു കൊടുത്താലും ഈ സൌജന്യം ലഭിക്കുന്നതാണ്. ഒരു കുററക്കാരനെ ഒളിക്കുന്ന ബന്ധുക്കൾക്ക് ശിക്ഷയില്ല. കൺഫ്യൂഷ്യസ്സ് വധശിക്ഷയ്ക്കനുകൂലിയല്ലായിരുന്നു.

ദുഃഖാചരണകാലത്ത് വിവാഹം പാടില്ല. ഉദ്യോഗസ്ഥന്മാർ തന്നെ അക്കാലത്ത് അവധിയെടുക്കണം. ചക്രവർത്തിയുടെ മരണം പ്രമാണിച്ച് ൧൦൦ ദിവസത്തേയ്ക്ക് പുരുഷന്മാർ തലവടിക്കുകയൊ സ്ത്രീകൾ ആഭരണമണിയുകയോ ചെയ്യരുത്. അക്കാലത്ത് വിവാഹങ്ങൾ നടത്തുകയൊ നാടകശാലകൾ തുറക്കുകയൊ പാടില്ല. അക്കാലത്ത് നടന്മാർക്കും അമ്പിട്ടന്മാർക്കും സ്റ്റേററിൽനിന്നും ഭക്ഷണം കൊടുക്കണം. ഒരേ ഇരട്ടപ്പേരുള്ളവർ തമ്മിൽ വിവാഹം പാടില്ല. ചൈനയിൽ ഇപ്പോൾ

മക്കത്തായമാണ് ദായക്രമം. ശവശരീരം വെള്ളത്തിലെ റിയുകയൊ ദഹിപ്പിക്കുകയൊ ചെയ്യുന്നത് കുററകരമാകു ന്നു. ദൂരദിക്കിൽ നിന്നും ഒരു ശവം പരേതൻെറ സ്വന്ത നാട്ടിൽ കൊണ്ടുപോകാൻ പ്രയാസമുണ്ടെങ്കിൽ ദഹനം നിഷിദ്ധമല്ല. ദഹിപ്പിച്ചാലുടൻ ആത്മാവു സ്വദേശത്തെ ത്തുമെന്നു ചൈനാക്കാർ വിശ്വസിക്കുന്നു. വിദേശത്ത് കിട ന്നു മരിക്കുവാൻ ചൈനാക്കാൎക്ക് ഭയമാണ്. ബുദ്ധ സന്ന്യാ സികളെ ദഹിപ്പിക്കുന്നതിനാക്ഷേപമില്ല. ചക്രവൎത്തിയു ടെ സമ്മതം കൂടാതെ വധശിക്ഷ പാടില്ല. വിശപ്പ് സ ഹിക്കാൻ വയ്യാതെ ഭക്ഷണസാധനം മോഷ്ടിക്കുന്നവനെ ചൈനീസ് മജിസ്ട്രേററന്മാർ ശിക്ഷിക്കാറില്ല. ഗവ ൎമ്മെൻറ് വ്യവഹാരത്തെ പ്രോത്സാഹിപ്പിക്കുകയില്ല. വ്യാപാരസംബന്ധമായ കേസുകൾ കോടതികളിൽ പോ കാതെ മദ്ധ്യസ്ഥതയിൽ തീരുമാനിക്കപ്പെടുന്നു. സാധാ രണ ചൈനാക്കാർ കോടതി കയറാനിഷ്ടപ്പെടുന്നില്ല. കൈക്കൂലി കൊടുക്കാതെ കോടതിയിൽ ഒരു കാൎയ്യവും സാധിക്കുകയില്ല. ചൈനായിലെ ഉദ്യോഗസ്ഥന്മാൎക്ക് ശ മ്പളം വളരെമോശമാണ്. അവർ കൈക്കൂലികൊണ്ടു പജീവിക്കുന്നു. ചൈനായിലെ ഉദ്യോഗസ്ഥന്മാർ കരം പിരിച്ച് ഭണ്ഡാരത്തിലടയ്ക്കാതെ അവരുടെ ചെലവിന് വേണ്ടതെടുത്തശേഷം ബാക്കി മേലുദ്യോഗസ്ഥന് കൊടു ക്കുന്നു. ഒരു പ്രാവിൻസിലെ വൈസ്രായിപോലും അയാൾ ക്ക് വേണ്ടതെടുത്തശേഷം ബാക്കി ചക്രവൎത്തിക്ക് കൊടു ക്കും. ഉദ്യോഗസ്ഥന്മാർ നികുതിദായകനെ ഞെരുക്കുന്നതു തടയുവാനാരുമില്ല. പതിവിനെ ലംഘിക്കുന്ന ഉദ്യോഗ

സ്ഥന് അപായം സംഭവിക്കുമെന്ന് പൊതുവെ ഒരു ഭയമുണ്ട്.

മുനിസിപ്പൽ ഭരണം ചൈനായിൽ സാധാരണമല്ല. ഇപ്പോഠ വിദേശികഠ താമസിക്കുന്ന ദിക്കുകളിൽ മുനിസിപ്പാലിററികഠ പരീക്ഷണാത്ഥം നടത്തപ്പെടുന്നു. ഓരോ വീടിൻേറയും പടിവൃത്തിയാക്കേണ്ടത് വീട്ടുടമസ്ഥനാണ്. പരോപകാരികളായ ധനവാന്മാർ റോഡുകളും പാലങ്ങളുംമററും നിമ്മിക്കുന്നു. അതുകൊണ്ട് ചൈനീസ് നഗരങ്ങളിൽ സ്ക്കാവഞ്ചിംഗും വിളക്കുവെപ്പും കുറവാണ്. എങ്കിലും അവിടങ്ങളിലെ ജനങ്ങഠക്ക് ആരോഗ്യഹാനിയില്ല. സംഘടിതമായ പോലീസു സൈന്യവും അവിടെയില്ല. പട്ടണത്തിൻെറ ഓരോഭാഗങ്ങഠ സൂക്ഷിക്കുവാനോരോരുത്തരുണ്ട്. അസമയത്ത് നടക്കുന്നത് ആക്ഷേപകരമാണ്. ഒരു ഗ്രാമത്തിൽ വെച്ച് ശണ്ഠയോ കുററമോ ഉണ്ടായാൽ ഉത്തരം പറയേണ്ടത് ഗ്രാമനാഥനാണ്. കുട്ടികളുടെ കുററങ്ങഠക്കുത്തരവാദികഠ മാതാപിതാക്കന്മാരാകുന്നു. ഭൃത്യന്മാരുടെ കുററങ്ങഠക്കുത്തരവാദികഠ യജമാനന്മാരാകുന്നു.

---

# അദ്ധ്യായം ൬.

## മതവും അന്ധവിശ്വാസവും.

ചൈനാക്കാർ മതാസക്തരല്ല. അവർ അന്ധവിശ്വാസതല്പരരാണ്. ദൈവവിശ്വാസം പ്രാചീനമാണെങ്കിലും അതിനെ ബുദ്ധമതം ആവരണം ചെയ്തിട്ടുണ്ട്. ചൈനായിലെ പ്രധാന മതം ബുദ്ധമതമാകുന്നു. അതിന് ജനങ്ങളുടെ സുഖദുഃഖാദികളോട് അടുത്ത ബന്ധമുണ്ട്. അത് ഇന്ത്യയിൽ ഉപദേശിക്കപ്പെട്ടതുപോലെ സൂക്ഷ്മതത്വത്തെ മാത്രമല്ല പരാമർശിക്കുന്നത്. ധർമ്മത്തിൽ കൂടിബുദ്ധൻ ജനങ്ങളെ രക്ഷിക്കുന്നുവെന്നും ബുദ്ധപുരോഹിതന്മാർക്ക് ബുദ്ധൻെറ പ്രസാദംസമ്പാദിക്കുവാൻ കഴിയുമെന്നും ജനങ്ങൾ വിശ്വസിക്കുന്നു. എന്നാൽ ജനങ്ങൾക്ക് ഭക്തി കുറവാണ്. അവർ പരിപാവനമായ വിഗ്രഹങ്ങളുടെ മുമ്പിൽ വെച്ച് കച്ചവടം നടത്തുകയും ഒച്ചവെയ്ക്കുകയും ചെയ്യും. ദൈവസഹായം വേണമെന്ന് തോന്നാത്തപ്പോൾ ചൈനാക്കാരൻ ഈ വിഗ്രഹങ്ങളെ ആദരിക്കാറില്ല. എന്നാൽ രോഗമോ നഷ്ടമോ പട്ടിണിയൊ വരുമ്പോൾ അയാൾ ദേവന്മാരെ പ്രീതിപ്പെടുത്തുന്നു. പുരോഹിതന്മാർ മുഖാന്തരമാണ് ഇതയാൾ സാധിക്കുന്നത്. പുരോഹിതന്മാർ ദക്ഷിണയും മെഴുകുതിരിയും പൂജാദ്രവ്യങ്ങളും വാങ്ങി ഈ കൃത്യം നിർവഹിക്കുന്നു.

പുരോഹിതന്മാരുടെ മുണ്ഡ ശിരസ്സിനേയും രഹസ്യ ജീവിതത്തേയും ഭക്തിയേയും പററി ജനങ്ങൾക്കാക്ഷേപമുണ്ട്. ഓരോ ബുദ്ധ വിഹാരത്തിൻേറയും നടയിൽ മദ്യവും മാംസവും അകത്തു കൊണ്ടുപോകരുതെന്നെഴുതി വെച്ചിരിക്കുന്നു. പുരോഹിതന്മാർ സസ്യഭുക്കുകളാണ്. എന്നാൽ മദ്യപാനികളായ പുരോഹിതന്മാർ അപൂർവ്വമല്ല.

ഒരാൾ പുരോഹിതനാകണമെങ്കിൽ പല കഷ്ടതകളും സഹിക്കണം. ഒമ്പതു് മെഴുകുതിരി തലയിൽ കത്തിച്ചു്വെച്ചു് തല പൊള്ളുന്നതുവരെ പൌരോഹിത്യകാംക്ഷിയെ ഇതരന്മാർ പിടിച്ചുകൊണ്ടിരിക്കും. പൌരോഹിത്യത്തിൻെറ അടയാളമായ ഒരു ബിരുദം നല്കപ്പെടുന്നതാണ്. ഈ ബിരുദമുള്ളവന് ചൈനാ സാമ്രാജ്യത്തിലെ ഏതു ബൌദ്ധക്ഷേത്രത്തിലും ഒരു രാത്രിയും പകലും സൌജന്യമായി താമസിക്കുകയും ഭക്ഷിക്കുകയും ചെയ്യാം.

ചൈനായിലെ ചിത്രകാരന്മാരും കവികളും ബുദ്ധൻെറ മഹത്വത്തെ വർണ്ണിച്ചിട്ടുണ്ട്. ചൈനയിൽ ബുദ്ധമതം, കൺഫ്യൂഷ്യസിൻെറ മതം, തായോമതം ഇങ്ങിനെ മൂന്നു മതങ്ങളുള്ളതായി പറയപ്പെടുന്നു. കൺഫ്യൂഷ്യാനിസവും തായോയിസവും ഇഹലോക ജീവിതത്തെപ്പററി മാത്രമേ പ്രസ്താവിക്കുന്നുള്ളു. ക്രിസ്തുവിനു ആയിരം വഷം മുമ്പു് ലൌഡ്സായെന്നു് പേരായ ഒരു തത്വജ്ഞാനി ജീവിച്ചിരുന്നു. അദ്ദേഹം മഹാചിന്തകനും ബുദ്ധിമാനുമായിരുന്നു. അദ്ദേഹത്തിൻെറ വചനങ്ങൾ കാലക്രമേണ ജനങ്ങൾ ശേഖരിച്ചു് പുസ്തക രൂപ

ത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സാംസാരിക ജീവിതം നയിക്കേണ്ടവക്ക് ഈ തത്വജ്ഞാനിയുടെ ഉപദേശങ്ങളനുസരിക്കുവാൻ പ്രയാസമാണ്. അദ്ദേഹം അരാജകത്വം പ്രസംഗിച്ചിരുന്നു. ഹിംസയും അക്രമവും ഉത്തമന്മാരായ രാജാക്കന്മാരുടെ കാലത്തും ധാരാളമുണ്ടായിരുന്നുവെന്നും ഗവമ്മെൻറില്ലെങ്കിലും ഈ സ്ഥിതി തന്നെയുണ്ടായിരിക്കുമെന്നും അദ്ദേഹം സിദ്ധാന്തിച്ചു. വലിയ വിദ്യാഭ്യാസം ആവശ്യമില്ലെന്നായിരുന്നു അദ്ദേഹത്തിൻെറ വാദം.

ദുഷ്ടതയെ ശിഷ്ടതകൊണ്ട് ജയിക്കണമെന്നും അവനവനെ ജയിക്കുന്നവൻ ലോകത്തെ ജയിക്കുന്നുവെന്നും മററും അദ്ദേഹം പ്രസംഗിച്ചിരുന്നു. തായൊ (തൌ) എന്നു് പറഞ്ഞാൽ നല്ലമാഗ്ഗമെന്നാണത്ഥം. ലൌഡ്സാ പ്രസംഗിച്ച ധമ്മത്തിന് തായോയിസം എന്നാണ് പേർ. ബുദ്ധമതം പ്രചരിച്ചപ്പോൾ തായോമതം ക്ഷയിച്ചു തുടങ്ങി. അപ്പോൾ തായോ മതക്കാർ ബൌദ്ധന്മാരെ അനുകരിച്ചു് വിഹാരങ്ങളും ക്ഷേത്രങ്ങളും പണികഴിക്കുകയും പൌരോഹിത്യവും ചടങ്ങുകളും നടപ്പാക്കുകയും ചെയ്തു. ഇപ്പോൾ ഈ മതങ്ങൾക്ക് തമ്മിൽ അന്തരമില്ല. തായോമതക്കാർ ചെമ്പിൽ നിന്നു് സ്വണ്ണമെടുക്കാനും ആയുസ്സ് വർദ്ധിപ്പിക്കുന്ന മാഗ്ഗം നിദ്ദേശിക്കാനും സമത്ഥരാണെന്നു് ഭാവിക്കുന്നു. വേലചെയ്യല്ലാതെ സൂത്രത്തിൽ സ്വണ്ണമുണ്ടാക്കാമെന്നു് ചൈനാക്കാർ വിശ്വസിക്കുന്നില്ല. രാവിലെ പ്രാണായാമം ചെയ്യുക, രണ്ടു മണിക്കൂറിലൊരിക്കൽ തുപ്പൽ വിഴുങ്ങുക, ചില ആസനങ്ങൾ പരിശീലിക്കുക, ചേഷ്ടയില്ലാതെ കണ്ണുമടച്ചു് ധ്യാനത്തിലിരിക്കുക മുത

ലായവകൊണ്ട് ആയുസ്സ വർദ്ധിക്കുമെന്ന് താവോമത ക്കാർ വിശ്വസിക്കുന്നു. പരിശുദ്ധനായ മനുഷ്യനെ സൃഷ്ടിക്കു കയെന്നുള്ളതാണ് താവോമതത്തിൻെറ ആദർശം. ചൌ ങ്ഗ്സ്ഡാ എന്ന ഒരു താവോതത്വജ്ഞാനി ക്രിസ്തുവിന് മുമ്പ് നാലാം ശതാബ്ദത്തിൽ ഇപ്രകാരമെഴുതുന്നു. "പരി ശുദ്ധനായ മനുഷ്യനാരാണ്? മുമ്പുള്ള പരിശുദ്ധന്മാർ ഫലമാശിക്കാതെ നിഷ്കാമമായി പ്രവൎത്തിച്ചുവന്നു. അ വൎക്കുദ്ദേശമോ ലക്ഷ്യമോ ഇല്ല. തോററാൽ അവൎക്കു വ്യ സനത്തിന് കാരണമില്ല. ജയിച്ചാൽ ആനന്ദിക്കേണ്ടതാ യുമില്ല. അവൎക്കു ഭയം കൂടാതെ ഉന്നതകൊടുമുടികളിൽ കയറാം. നനയാതെ വെള്ളത്തിലിറങ്ങാം. ദഹിക്കാ തെ തീയിലിറങ്ങാം. അവർ സ്വപ്നമില്ലാതെ ഉറങ്ങി; ഉൽ ക്കണ്ഠയില്ലാതെ ഉണൎന്നു. അവർ വിവേചനകൂടാതെ ഭ ക്ഷിച്ചു. ദീൎഘമായി പ്രാണായാമം ചെയ്തു. പരിശുദ്ധ ന്മാർ അവരുടെ കാലിൽനിന്നും പ്രാണനെ ആകൎഷി ക്കുന്നു. അശുദ്ധന്മാരാണ് കണ്ഠത്തിൽ നിന്നും പ്രാണ നെ പൂരിപ്പിക്കുന്നത്" ജീവൻ ബ്രഹ്മാണ്ഡത്തിൻെറ മദ്ധ്യ ത്തിൽ നിന്നും ഭൂമിയിലെത്തുന്നുവെന്ന് അവർ വിശ്വസി ക്കുന്നു. ഈ മദ്ധ്യം ശിഷ്ടന്മാർ നിവസിക്കുന്ന ധൎമ്മത്തി ൻെറ മൂലസ്ഥാനമാണത്രെ. ആ സ്ഥാനത്തേക്ക് തിരിച്ചു പോകാനാണ് മനുഷ്യൻ ശ്രമിക്കേണ്ടതെന്നും അതിന് ചില അഭ്യാസങ്ങളാവശ്യമാണെന്നും താവോമതക്കാർ പറയുന്നു. ശിഷ്ടൻ മരണശേഷം ധൎമ്മസ്ഥാനത്തു പോ കുന്നു.

താവോമതവും ബുദ്ധമതവുമായി വളരെക്കാലം വിരുദ്ധതയുണ്ടായിരുന്നു. കൊട്ടാരം ചിലപ്പോൾ ഒന്നിനേയും ചിലപ്പോൾ മററതിനേയും അനുകൂലിച്ചിരുന്നു. ഏ. ഡി. ഒൻ൯-ൽ ഈ രണ്ടു മതങ്ങളേയും നിരാകരിച്ചു കൺഫ്യൂഷിയാനിസം സ്വീകരിക്കണമെന്നുത്തരവുണ്ടായി. ഇന്ന് ഈ മൂന്നു മതക്കാരും വിരുദ്ധതയില്ലാതെ ജീവിക്കുന്നു. ചൈനാക്കാർ പ്രേതവിശ്വാസികളാണ്. അവക്ക് പിശാചുക്കളെ ഭയമാകുന്നു. പിശാചുക്കൾ രാത്രി കാലങ്ങളിൽ പതുങ്ങിയിരുന്ന് ഒരു കാരണവും കൂടാതെ മനുഷ്യരെ ഉപദ്രവിക്കുമെന്നാണ് അവരുടെ വിശ്വാസം. ഉത്തമർണ്ണന് അധമർണ്ണൻെറ കയ്യിൽ നിന്നും പണം കിട്ടിയില്ലെങ്കിൽ അയാൾ വിഷം തിന്ന് ആത്മഹത്യ ചെയ്യുന്നുവെന്നിരിക്കട്ടെ. അധമർണ്ണന് അധികാരികളിൽ നിന്നു മാത്രമല്ല ഉത്തമർണ്ണൻെറ പ്രേതത്തിൽ നിന്നും ഉപദ്രവം നേരിടുമെന്നാണ് ശങ്ക. ഈ വിശ്വാസം കൊണ്ട് ബലവാൻ ദുർബ്ബലനെ മർദ്ദിക്കുവാൻ പ്രായേണ ഒരുങ്ങുകയില്ല.

ജ്യോതിഷത്തിന് ചൈനായിൽ പ്രചുരപ്രചാരമുണ്ട്. ഭാവിഫലങ്ങൾ പറയുന്നതിനായി തെരുവു വീഥികളിലും കമ്പോളങ്ങളിലും ധാരാളമാളുകൾ കാത്തിരിക്കുന്നു. ബൌദ്ധക്ഷേത്രങ്ങളിൽ കുറിയിട്ടു ഫലമറിയുക എന്നൊരു സമ്പ്രദായമുണ്ട്. സമീപമുള്ള മലകളുടെ രൂപം, വൃക്ഷങ്ങളുടെ നില, കെട്ടിടങ്ങളുടെ പൊക്കം മുതലായവ നോക്കി ഫലം പറയുന്നവർ ധാരാളമാണ്. ചൈനാക്കാർ പൂർവ്വികന്മാരെ ആരാധിക്കുന്നവരാണ്. ഒരാൾ മരിച്ചാൽ അയാളുടെ ആത്മാവിന് കുടുംബകാര്യ

ങ്ങളിൽ താല്പൎയ്യമുണ്ടെന്നു് വിശ്വസിക്കപ്പെടുന്നു. ഈ ആത്മാക്കൾക്കു് മദ്യവും മാംസവും നിവേദ്യമായി കൊടുക്കും. ആത്മാക്കളെ തൃപ്തിപ്പെടുത്തി അവരുടെ അനുഗ്രഹം വാങ്ങുവാൻ ജനങ്ങൾ പരിശ്രമിക്കുന്നു. ഹിന്ദുക്കൾ ശ്രാദ്ധത്തിൽ വിശ്വസിക്കുന്നതും ഈ തത്വമനുസരിച്ചാണു്.

മനുഷ്യൎക്കു് രണ്ടോ മൂന്നോ ആത്മാക്കളുണ്ടെന്നാണു് ചീനന്മാരുടെ പണ്ടു പണ്ടേയുള്ള വിശ്വാസം. ഒന്നു ശരീരത്തിൽ പ്രത്യക്ഷമാകുന്നു. ഒന്നിനു ശരീരത്തിന്റെ രൂപമെടുത്തുകൊണ്ടു് ശരീരം വിട്ടു സഞ്ചരിക്കുവാനുള്ള ശക്തിയുണ്ടു്. ഒരാളെ രണ്ടു സ്ഥലങ്ങളിൽ ഒരേ സമയം കാണുന്നതും ഒരാൾ ധ്യാനത്തിൽ നിമഗ്നനാകുന്നതും ഈ ആത്മാവു് പുറത്തു പോകുന്നതു കൊണ്ടാണത്രെ. ചൈനയുടെ ചില ഭാഗങ്ങളിൽ ഭാവിയറിയുന്നതിനു് പ്ലാഞ്ചെററ് ഉപയോഗിക്കപ്പെടുന്നു. ചില ക്ഷേത്രങ്ങളുടെ നടയിൽ പ്ലാഞ്ചെററ് വെച്ചുംകൊണ്ടാളുകളിരിപ്പുണ്ടു്. അവൎക്കു് പണം കൊടുത്താൽ ഭാവിഫലം പറയും. ചൈനാക്കാൎക്കു് മോഹനവിദ്യ (ഹിപ്നട്ടിസം) ഏഴാം ശതാബ്ദം മുതൽ അറിയാമെന്നു് തെളിവുണ്ടു്. ഒരാളെ മോഹനവിദ്യകൊണ്ടു് മയക്കി ഭാവിഫലം പറയിക്കുന്ന സമ്പ്രദായം അവിടെ സൎവ്വസാധാരണമാകുന്നു. ദീനചികിത്സയ്ക്കും മോഹനവിദ്യയുപയോഗിക്കപ്പെടുന്നു. ചൈനയിൽ ഈയിടെ മോഹനവിദ്യ നിരോധിക്കപ്പെട്ടിരിക്കുന്നു. അവിടെ എല്ലാ രഹസ്യസംഘങ്ങളേയും അമൎത്തുവാൻ ഗവൎമ്മെൻറ് ശ്രമിക്കുന്നുണ്ടു്. വിവാഹം ചെയ്യുകയില്ലെന്നു് പ്രതിജ്ഞ

ചെയ്ത സ്ത്രീകളുടെ ഒരു രഹസ്യസംഘം ചൈനായിലുണ്ട്. അതിനെ അമൎത്തുവാൻ ഗവൎമ്മെൻറുത്സാഹിച്ചിരുന്നു. അതുപോലെ തന്നെ ഇറച്ചി, മദ്യം, പുകയില ഇവയെ നിശ്ശേഷം പരിത്യജിക്കുന്ന ഒരു പ്രാചീന സംഘവും അവിടെ ദൃശ്യമാണ്.

കഴിഞ്ഞ ൨൫ ശതാബ്ദങ്ങളായി ചൈനാക്കാർ കൺഫ്യൂഷ്യസ്സിൻെറ സദാചാരങ്ങളെ ആദരിക്കുന്നു. പല മതങ്ങൾ ചീനന്മാൎക്ക് ആത്മീയമായ ഉൽബുദ്ധതയുണ്ടാക്കിയിട്ടുണ്ട്. ബുദ്ധമതത്തിനാണ് സൎവ്വത്ര പ്രാമാണ്യം സിദ്ധിച്ചിട്ടുള്ളത്. എന്നാൽ ചൈനായിലെ സദാചാരവ്യവസ്ഥ കൺഫ്യൂഷ്യസ്സിൻെറ ആദൎശമനുസരിച്ചാണ്. അദ്ദേഹം ബീ സി. ൫൫൧-നും ൪൭൯-നും ഇടയ്ക്കു് ജീവിച്ചിരുന്നു. കൺഫ്യൂഷ്യസ്സിനെ കിരീടമില്ലാത്ത രാജാവെന്നു ജനങ്ങൾ വിളിച്ചുവന്നിരുന്നു. ഈയിടെ അദ്ദേഹത്തെ ഒരു ദേവനായി ജനങ്ങൾ ആരാധിക്കുന്നു. അദ്ദേഹത്തിൻെറ വചനങ്ങളും സംഭാഷണങ്ങളും പുസ്തകരൂപത്തിൽ വളരെക്കാലമായി ചൈനായിൽ പ്രചരിച്ചിരിക്കുന്നു. മനുഷ്യന് അയൽപക്കക്കാരനോടുള്ള ചുമതല, പ്രതിഫലമോഹം കൂടാതുള്ള ധൎമ്മം, രാജഭക്തിയുടെ ആവശ്യകത, കുടുംബസ്നേഹം, പിതൃഭക്തി മുതലായ വിഷയങ്ങളെപ്പററി അദ്ദേഹം പ്രതിപാദിച്ചിട്ടുണ്ട്. ദുഷ്ടനെ ശിക്ഷിക്കണമെന്നല്ലാതെ അയാളോട്ട് നന്മചെയ്യണമെന്ന് അദ്ദേഹം ഉപദേശിക്കുന്നില്ല. ചക്രവൎത്തി മുതൽ വേലക്കാരൻവരെ കൺഫ്യൂഷ്യസ്സിൻെറ സിദ്ധാന്തങ്ങളെ മാനിച്ചിരുന്നു.

ഭൂമിയിൽ ദൈവത്തിൻെറ പ്രതിനിധിയായി സ്വൎഗ്ഗപുത്രനായ ചക്രവൎത്തി ബഹുമാനിക്കപ്പെട്ടുവന്നിരുന്നു. അദ്ദേഹമാണു് ധൎമ്മസംസ്ഥാപനത്തിനു് ചുമതലപ്പെട്ടയാൾ. അദ്ദേഹം ആണ്ടിലൊരിക്കൽ പീക്കിങ്ങിലെ ക്ഷേത്രത്തിൽ പോയി ഗൎഭഗൃഹത്തിൽ കയറി ഈശ്വരൻെറ മുമ്പാകെ തൻെറ പന്ത്രണ്ടു മാസത്തെ ഭരണചരിത്രം സമൎപ്പിക്കുന്നു. ചക്രവൎത്തിക്കു് ദൈവത്തിൽ നിന്നും എഴുത്തുകൾപോലും കിട്ടിയിട്ടുണ്ടെന്നു് വിശ്വസിക്കുന്ന ചീനന്മാരുണ്ടു്. ഒരു ചക്രവൎത്തിയുടെ അന്ധവിശ്വാസം നീക്കുവാൻ അദ്ദേഹത്തിൻെറ മന്ത്രി ദൈവം സംസാരിക്കുകയൊ എഴുതുകയൊ ഇല്ലെന്നുള്ള കൺഫ്യൂഷ്യസ്സിൻെറ അഭിപ്രായം ഉദ്ധരിക്കേണ്ടതായിവന്നു.

ചീനന്മാർ പിതാവിനോടും മാതാവിനോടും അത്യന്തം ഭക്തിയുള്ളവരാണു്. മാതാപിതാക്കന്മാരോടുള്ള ഭക്തിയെപ്പററി പല ഗ്രന്ഥങ്ങളുമുണ്ടു്. കൺഫ്യൂഷ്യസ്സിൻെറ സ്വാധീനശക്തികൊണ്ടു് ചീനന്മാർ ധൎമ്മനിഷ്ഠരായിത്തീൎന്നു. ചൈനാക്കാരിൽ ഭൂരിപക്ഷവും സത്യസന്ധന്മാരാണു്. ഒരു ചൈനീസ് വ്യാപാരി ഒരിക്കലും അയാളുടെ വാക്കു് തെററിക്കുകയില്ല. നല്ല കുടുംബങ്ങളിലെ വേലക്കാർ യാതൊരു മോഷണവും നടത്തുകയില്ല. ഉണ്ട ചോറിനു് നന്ദി കാണിക്കുവാൻ ചീനന്മാർ സമൎത്ഥരാണു്. ചൈനാക്കാരനേപ്പോലെ ഒരു നല്ല ഭൃത്യനെ കിട്ടാൻ പ്രയാസമാണെന്നു് സകല വിദേശികളും സമ്മതിക്കുന്നു. അവൻ വാങ്ങിക്കുന്ന സാമാനങ്ങൾക്കു് ഒരു

കമ്മീഷൻ അനുവദിക്കുകയും ശമ്പളം കണിശമായി കൊടുക്കുകയും വേണം.

ചൈനാക്കാരൻ യജമാനനെ ബഹുമാനിക്കുമെങ്കിലും അടിയും തൊഴിയുമേൽക്കുകയില്ല. ചീത്ത പറയുന്നതും ദേഷ്യപ്പെടുന്നതും അവനിഷ്ടമല്ല. അവൻെറ അന്തസ്സിനെ നശിപ്പിക്കത്തക്ക വിധത്തിൽ യജമാനൻ പെരുമാറാൻ അവൻ സമ്മതിക്കുകയില്ല. ഒരടികൊള്ളുന്ന ചീനൻ മറയനൊ അപകടക്കാരനോ ആണെന്നൂഹിച്ചുകൊള്ളണം. "നീ ഒരുത്തനെ വിശ്വസിക്കുന്നില്ലെങ്കിൽ അവനെ ഭൃത്യനാക്കരുത്. നീ ഒരുത്തനെ ഭൃത്യനാക്കിയാൽ അവനെ വിശ്വസിക്കണം" എന്നുള്ള കൺഫ്യൂഷ്യസ്സിൻെറ സിദ്ധാന്തപ്രകാരം യജമാനൻ ചൈനീസ് ഭൃത്യനോട് പെരുമാറേണ്ടതാണ്.

---

# അദ്ധ്യായം ൪.

ഏ. ഡി. ൨൨൦—൫൮൦.

ഹാൻ രാജവംശം അസാമാന്യ കാരണങ്ങളാൽ അവസാനിച്ചു. കൊട്ടാരത്തിൽ അന്തഃഛിദ്രങ്ങളുണ്ടായതിനാൽ ഷണ്ഡന്മാരുടെ സഹായത്തോടുകൂടി രാജാധികാരം പിടിച്ചു് പറിക്കാൻ അന്യന്മാർ ശ്രമിച്ചു. തദനന്തരം ആഭ്യന്തര കലഹമുണ്ടായി. മൂന്നുപേർ രാജാധികാരത്തിന് ശ്രമിക്കുകയും ചൈനായെ മൂന്നായി വിഭജിച്ചു അവർ കൈവശപ്പെടുത്തുകയും ചെയ്തു. ഏ. ഡി. ൨൨൧ മുതൽ ൨൬൫ വരെ മൂന്നു രാജാക്കന്മാരാണു് ഭരിച്ചതു്. ഇക്കാലത്തു് രാജാക്കന്മാർ തമ്മിൽ നടത്തിയ പോരുകൾ ഒരു പുരാണത്തിൽ വർണ്ണിക്കപ്പെട്ടിരിക്കുന്നു. തദനന്തരം മൂന്നു നാലു ശതാബ്ദക്കാലം രാഷ്ട്രീയവും സാമുദായികവുമായ അസ്വാസ്ഥ്യതകളുണ്ടായിരുന്നതിനാൽ സാഹിത്യത്തിനും കലയ്ക്കും അഭിവൃദ്ധിയുണ്ടായില്ല. ഉത്തര ചൈനയിൽ ടാർട്ടറന്മാർ ആക്രമണം നടത്തി. അവരെ ഓടിച്ചു ടോബാവംശം രണ്ടു ശതാബ്ദക്കാലം ഭരിച്ചു. തെക്കൻ ചൈനാ പല രാജവംശങ്ങളുടെ കീഴിലായി.

ഇക്കാലത്തു് ൨൭ മാസം ദുഃഖമാചരിക്കണമെന്ന ആചാരം പുനസ്ഥാപിക്കപ്പെട്ടു. ഇന്നും ആ നിയമം നിലവിലിരിക്കുന്നു. ജപ്പാൻകാർ ചൈനാ ചക്രവർത്തിക്കു്

കപ്പം കൊടുത്തുവന്നിരുന്നു. കോറിയായിലും സയാമിലും അധികാരം സ്ഥാപിക്കുവാൻ ശ്രമങ്ങൾ നടന്നു. ബുദ്ധമതത്തിന് അത്ഭുതപൂൎവ്വമായ പ്രചാരമുണ്ടായി. എ. ഡി. ൩൯൯-ൽ ഒരു ബൌദ്ധപുരോഹിതനായ ഫാഹിയൻ ഹിന്ദുക്കുഷ് പൎവ്വതവും മണലാരണ്യവും കടന്ന് പാട്നാ, ബനാറീസ്, ബുദ്ധഗയാ മുതലായ സ്ഥലങ്ങൾ സന്ദൎശിക്കുകയും യാത്രക്കുറിപ്പുകൾ രേഖപ്പെടുത്തുകയും ചെയ്തു. ബുദ്ധമതസംബന്ധമായ ഗ്രന്ഥങ്ങളും സ്മാരകങ്ങളും ശേഖരിക്കുവാനായിരുന്നു അദ്ദേഹത്തിന്റെ യാത്ര. പതിനഞ്ചു വൎഷം സഞ്ചരിച്ച ശേഷം സിലോൺ, സുമാട്രാവഴി അദ്ദേഹം കപ്പലിൽ ചീനത്തേക്ക് മടങ്ങി.

ഏ. ഡി. ൬൧൮-ൽ താങ്ങ്‌രാജ വംശം ഭരണമാരംഭിച്ചു. ഈ വംശം ൩ ശതാബ്ദക്കാലം ഭരിച്ചു. ഈ രാജവംശത്തിന്റെ ആവിൎഭാവത്തോടുകൂടി ഏകഛത്രാധിപത്യവും സമാധാനവും സംസ്ഥാപിതമായി. ഇക്കാലത്ത് വൂ ചക്രവൎത്തിനി ഒരു മൈനരുടെ അവകാശം നിഷേധിച്ച് സിംഹാസനം കരസ്ഥമാക്കി. ഇതിനുമുമ്പു ഹാൻവംശത്തിലെ ലൂ ചക്രവൎത്തിനി ന്യായമായ അവകാശപ്രകാരം രാജ്യഭരണം നടത്തിയിരുന്നു. വൂ ചക്രവൎത്തിനി സ്വേഛാധികാരത്തോടുകൂടി കുറേനാൾ ഭരിച്ചുവെങ്കിലും വയസ്സുകാലത്ത് രാജ്യഭ്രഷ്ടയാക്കപ്പെട്ടു. ഈ ചക്രവൎത്തിനിയുടെ കാലത്ത് നടന്ന ഘോരപ്രവൃത്തികൾ ഇന്നും ചീനന്മാർ സ്മരിക്കുന്നു. അവരുടെ ഭൎത്താവുള്ളപ്പോൾ കൌൺസിലുകളിൽ ഒരു കട്ടിന്റെ പിറകിൽ അവർ ഇരുന്നിരുന്നു. ഭൎത്താവിന്റെ മരണശേഷം വ്യാജമായ മീശധരിച്ചു കൊണ്ട് അവർ

മന്ത്രിമാരുടെ കൂട്ടത്തിൽ പരസ്യമായിസമ്മേളിച്ചിരുന്നു. ൻ൯ർ-ൽ അവർ ദൈവികചക്രവൎത്തിനിയെന്ന സ്ഥാന മെടുത്തു. താൻ സൎവ്വശക്തനായ ഈശ്വരനാണെന്ന് അവർ ൬൯൭-ൽ ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. അവരെപ്പോലെ ഡംഭം അഹങ്കാരവുമുള്ള ഒരു സ്ത്രീയുണ്ടായിരുന്നില്ല. ചക്രവൎത്തിനി താമരപ്പൂവിനോ റോസിനോ സദൃശമാണെന്നു പറയുന്നതു് അവൎക്ക് വഴക്കായിരുന്നു. റോസോ കമലമോ അവൎക്ക് സദൃശമാണെന്ന് കവികൾ പാടേണ്ടതാണ്. അവരുടെ ആജ്ഞപ്രകാരം ഒരു പൂ വിടരാതിരുന്നതിനാൽ ആ പൂച്ചെടിമുഴുവൻ പിഴുതു് നശിപ്പിക്കുവാനുത്തരവ് കൊടുത്തത്രെ. സ്ത്രീ പുരുഷന് സമമാണെന്ന് അവർ പ്രഖ്യാപനം ചെയ്തു. അവർ സ്ത്രീകളെ പരീക്ഷകൾക്ക് ചേൎക്കുകയും അവൎക്ക് വലിയ ഉദ്യോഗങ്ങൾ കൊടുക്കുകയും ചെയ്തുവന്നു. അവരുടെ മരണാനന്തരം ഈ പതിവു നിന്നുപോയി. ഇതിന് മുമ്പ് മൂന്നാം ശതാബ്ദത്തിൽ ഒരു ചക്രവൎത്തി സ്ത്രീകൾക്ക് വലിയ ഉദ്യോഗങ്ങൾ നല്കിയിരുന്നു. അദ്ദേഹത്തിൻെറ കാലം കഴിഞ്ഞപ്പോൾ ആ പരിഷ്കാരം നശിച്ചുപോയി.

താങ്ങ് വംശത്തിൽ മിങ്ങ്ഹുവാങ്ങ് എന്നൊരു ചക്രവൎത്തി ൭൧൨-ൽ പിതാവ് സ്ഥാനത്യാഗം ചെയ്തപ്പോൾ ഭരണം തുടങ്ങി. അദ്ദേഹം ചെലവുചുരുക്കുകയും പട്ടുനിൎമ്മാണശാലകൾ അടപ്പിക്കുകയും സ്ത്രീകൾ ആഭരണങ്ങൾ ധരിക്കരുതെന്നനുശാസിക്കുകയും ചെയ്തിരുന്നു. അദ്ദേഹം ഓരോ ഗ്രാമത്തിലും പാഠശാലകൾ ഏൎപ്പെടുത്തി. അദ്ദേഹം സംഗീതജ്ഞനായിരുന്നതിനാൽ യുവതീയുവാക്കന്മാ

ക്ക് സംഗീതജ്ഞാനം നൽകുവാൻ ഒരു മഹാപാഠശാല സ്ഥാപിച്ചു. അദ്ദേഹം സമരപ്രിയനാകയാൽ ചെലവു വർദ്ധിക്കുകയും പുതിയ നികുതികൾ ഏൎപ്പെടുത്തുകയും ചെയ്തപ്പോൾ ജനങ്ങളുടെ ഇടയിൽ അതൃപ്തിയും വിദ്വേഷവുമുണ്ടായി. അദ്ദേഹത്തിന്റെ കൊട്ടാരത്തിൽ പ്രസിദ്ധ സാഹിത്യകാരന്മാൎക്കും കലാകാരന്മാൎക്കും ഉദാരമായ സൽക്കാരങ്ങൾ ലഭിച്ചിരുന്നു. എന്നാൽ അദ്ദേഹം ഒരു ദുൎമ്മാൎഗ്ഗിയായിരുന്നതിനാൽ കേപഫേ എന്നൊരു ദാസി സൎവ്വാധികാരം സമ്പാദിച്ചിരുന്നു. ഷണ്ഡന്മാർ പ്രധാന ഉദ്യോഗങ്ങളിൽ പ്രതിഷ്ഠിതരായി. സ്ത്രീകൾ മുഖാവരണം ദൂരെക്കളഞ്ഞു. അന്ധവിശ്വാസങ്ങൾക്ക് പ്രാബല്യം വൎദ്ധിച്ചു. ൭൫൬-ൽ ഭയങ്കരമായ ഒരന്തഃഛിദ്രമുണ്ടായതിനാൽ ചക്രവൎത്തി നാടുവിട്ടോടേണ്ടതായി വന്നു. പട്ടാളക്കാർ ദാസികളേയും ഷണ്ഡന്മാരേയും ചക്രവൎത്തിയേയും പിടികൂടുകയും അവർ ചക്രവൎത്തിയെ ഒഴിച്ച് ബാക്കിയെല്ലാവരേയും നിഗ്രഹിക്കുകയും ചെയ്തു. അദ്ദേഹം സ്ഥാനമൊഴിഞ്ഞതിനാൽ അദ്ദേഹത്തിന്റെ പുത്രൻ ചക്രവൎത്തിയാകുകയും അദ്ദേഹം ഏകാന്തതയിൽ ജീവിതശേഷം നയിക്കുകയും ചെയ്തു.

താങ്ങ്‌വംശത്തിന് ശേഷം അരശതാബ്ദക്കാലം അഞ്ചു വംശങ്ങൾക്ക് രാജാധികാരമുണ്ടായിരുന്നു. എ. ഡി. ൯൬൦ മുതൽ സൂങ്ങ്സ് വംശം ൩൦൦ കൊല്ലം ഐശ്വൎയ്യത്തോടും സമാധാനത്തോടും കൂടി രാജ്യഭരണം നടത്തി. ചൈനാക്കാരുടെ വേഷത്തിൽ പല മാററങ്ങളുമുണ്ടായിട്ടുണ്ടെങ്കിലും അവരുടെ കപ്പലുകളും, തുമ്പാകളും, കൃഷി

യായുധങ്ങളും, കുടിലുകളും, വണ്ടികളും, വള്ളങ്ങളുമെല്ലാം ൨൦൦൦ വര്‍ഷങ്ങൾക്ക് മുമ്പുള്ളതുപോലെയാണ് ഇപ്പൊഴുമിരിക്കുന്നത്. ചൈനാക്കാരുടെ ജീവിതരീതിയില്‍ ഒരൈകരൂപ്യം സര്‍വ്വത്ര ദൃശ്യമാണ്.

സൂങ്ങ്‌വംശം സമാധാനം കാംക്ഷിച്ചെങ്കിലും കിത്തന്‍ ടാര്‍ട്ടറന്മാര്‍ ഉത്തരചൈനാ ആക്രമിച്ചു. അവരുമായി ഒരു രാജിയുണ്ടാക്കി അവര്‍ പിടിച്ചടക്കിയ സ്ഥലം സൂങ്ങ്‌വംശം അവര്‍ക്ക് വിട്ടുകൊടുത്തു. ഇരുനൂറു കൊല്ലം അവര്‍ ഉത്തരചൈനാ ഭരിച്ച ശേഷം വേറൊരു ടാര്‍ട്ടര്‍ വംശം അവരെ അവിടെനിന്നോടിച്ചു. സൂങ്ങ്‌വംശത്തില്‍ രാജ്യതന്ത്രജ്ഞന്മാരും പടയാളികളും തത്വജ്ഞാനികളും കവികളും ചരിത്രകാരന്മാരും കലാകാരന്മാരും ധാരാളമുണ്ടായിരുന്നു. കണ്‍ഫൂഷ്യസ്സിന്റെ സിദ്ധാന്തങ്ങളെ ഇന്നു കാണുന്ന രീതിയില്‍ ക്രോഡീകരിച്ചത് അക്കാലത്താണ്.

ഈ വംശത്തിന്റെ ഭരണകാലത്ത് വങ്ങ് അന്‍ഷി എന്ന സമുദായ പരിഷ്കാരി ൧൦൨൧-ല്‍ ഭൂജാതനായി. അദ്ദേഹം ഒരു സമര്‍ത്ഥനായ എഴുത്തുകാരനായിരുന്നു. അദ്ദേഹം പല ഉദ്യോഗങ്ങൾ വഹിച്ചശേഷം ൪൮-ാമത്തെ വയസ്സില്‍ ചക്രവര്‍ത്തിയുടെ പ്രധാന സചിവനായി. കണ്‍ഫൂഷ്യസ്സിന്റെ സിദ്ധാന്തങ്ങളനുസരിച്ച് അദ്ദേഹംരാഷ്ട്രീയവും സാമുദായികവുമായ പല പരിഷ്കൃതികൾ നിര്‍ദ്ദേശിച്ചു. കരം കുറയ്ക്കുവാനും റവന്യൂ വര്‍ദ്ധിപ്പിക്കുവാനും അന്‍ഷി സ്വീകരിച്ചത് ഒരു നൂതന സമ്പ്രദായമായിരുന്നു. ഒരു ഡിസ്ത്രിക്ടിലെ ഉല്‍പ്പന്നങ്ങളില്‍ നിന്നും കരത്തിനും

ആ ഡിസ്ത്രിക്ററിലെ ചെലവിനും നീക്കിവെച്ചശേഷം ബാക്കി നിരക്കവിലയ്ക്ക് ഗവൎമ്മെൻറട്ടുത്തുവന്നു. ഈ ഉൽപ്പന്നങ്ങൾക്ക് നല്ല കമ്പോളം കണ്ടുപിടിച്ച് അവ വിററ് ഗവൎമ്മെൻറ് ഒരു നല്ല ആദായമുണ്ടാക്കി. കൃഷിക്കാരനും ഗവൎമ്മെൻറിനും ഈ സമ്പ്രദായം മൂലം ആദായമുണ്ടായി. വിളവീടിന്മേൽ ഗവൎമ്മെൻറ് കൃഷകന്മാൎക്ക് വായ്പ കൊടുക്കുവാൻ തയാറായിരുന്നു. അക്കാലത്ത് രണ്ടു പുരുഷന്മാരിൽ കൂടുതൽ ഒരു കുടുംബത്തിലുണ്ടെങ്കിൽ ഒരാൾ പട്ടാളത്തിൽ ചേരേണ്ടതാണ്. ഗവൎമ്മെൻറ് ചെലവിൽ ഓരോ കുടുംബവും ഒരു തുരുപ്പുകുതിരയെ സൂക്ഷിക്കേണ്ടിയിരുന്നു. മരാമത്തുകൾക്കെല്ലാം കൂലി പണമായി കൊടുക്കുവാനേൎപ്പാടുണ്ടാക്കി. സാമാനങ്ങൾ കൈമാറാനും പണയപ്പെടുത്തുവാനും പണ്ടകശാലകൾ ഏൎപ്പെടുത്തപ്പെട്ടു. ഭൂമി രണ്ടാമതളന്ന് കണ്ടെഴുത്ത് നടത്തുവാനേൎപ്പാടുചെയ്തു. വസ്തുക്കളെ സമചതുരശ്രങ്ങളായി ഭാഗിച്ച് വിളവനുസരിച്ച് കരം നിശ്ചയിച്ചിരുന്നു. അദ്ദേഹം പരീക്ഷകളിലും പല പരിഷ്കാരങ്ങൾ വരുത്തി. ഗ്രാമപാഠശാലകളിലെ വിദ്യാൎത്ഥികൾ ചരിത്രവും ഭൂമിശാസ്ത്രവും അൎത്ഥശാസ്ത്രവും പഠിക്കണമെന്ന് വങ്ങ്വ്യവസ്ഥ ചെയ്തു. അദ്ദേഹത്തിൻെറ ഈ വക പരിഷ്കാരങ്ങൾ ജനങ്ങൾക്കും കൊട്ടാരത്തിനും രസിക്കാത്തതിനാൽ അദ്ദേഹത്തെ സചിവ സ്ഥാനത്ത് നിന്ന് മാററി ഗവൎണ്ണരാക്കി. താമസിയാതെ അദ്ദേഹം ഉദ്യോഗമൊഴിഞ്ഞു സ്വസ്ഥനായി വൎത്തിച്ചു. ഈ പരിഷ്കാരങ്ങളെല്ലാം അദ്ദേഹത്തിൻെറ കാലത്തുതന്നെ റദ്ദ്ചെയ്യപ്പെട്ടു.

അദ്ദേഹത്തിൻെറ ജീവിതവും ഏ. ഡി. ൧൧൩൦ മുതൽ ൧൨൦൦ വരെ ചൈനായിലെ രാജ്യതന്ത്രജ്ഞനും തത്വജ്ഞാനിയുമായിരുന്ന ചൂഷിയുടെ ജീവിതവും തമ്മിൽ വളരെ അന്തരമുണ്ട്. ചൂഷി സാഹിത്യ രസികനും വിജയിയായ ഉദ്യോഗസ്ഥനുമായിരുന്നു. കൺഫൂഷ്യസ്സിൻെറ സിദ്ധാന്തങ്ങൾക്ക് ഒരു വ്യാഖ്യാനം എഴുതിയതുമൂലം അദ്ദേഹത്തിന് ചിരസ്ഥായിയായ യശസ്സ ലഭിച്ചു. ഹാൻവംശക്കാർ നൽകിയ വ്യാഖ്യാനങ്ങളിൽ നിന്നും ഭിന്നമായ ഒരു ഭാഷ്യമാണ് അദ്ദേഹം എഴുതിയത്. ഇന്നും ചൂഷിയുടെ ഭാഷ്യത്തിനാണ് ജനങ്ങൾ പ്രാമാണ്യം നൽകുന്നത്. ഇന്ന് വിദ്യാസമ്പന്നരായ ചൈനാക്കാരിലുള്ള ഭൌതികബോധത്തിൻെറ കർത്താവ് ചൂഷിയാകുന്നു ചൂഷി ധർമ്മത്തെ ദൈവമായി വ്യാഖ്യാനിച്ചു. അദ്ദേഹം പ്രകൃത്യാതീത കാര്യങ്ങളിൽ വിശ്വസിച്ചിരുന്നില്ല. കുറച്ചുനാൾ അദ്ദേഹം ബുദ്ധമതവിശ്വാസിയായിരുന്നു. ഒടുവിൽ അദ്ദേഹം ആ മതം ത്യജിച്ചു കൺഫൂഷ്യാനിസം തന്നെ മുറുകെപ്പിടിച്ചു. കൺഫൂഷ്യാനിസത്തിൻെറ പ്രചരണത്തിന് ശ്രമിച്ച ചൂഷി മരിച്ചപ്പോൾ അദ്ദേഹത്തിൻെറ ശവമടക്കം ചെയ്തിരുന്നപെട്ടി അന്തരീക്ഷത്തിൽ നിരാലംബമായി നിന്നുവെന്നും മകൻെറ പ്രാത്ഥനയനുസരിച്ചു പെട്ടി ഭൂമിയെ സ്പൎശിച്ചുവെന്നും ഒരു കഥയുണ്ട്.

# അദ്ധ്യായം ७.

## സ്ത്രീകളും കുട്ടികളും.

ചൈനാക്കാൎക്ക് പറവകളേയും മൃഗങ്ങളേയും പ്രിയമാണ്. അവർ ഭൂതദയയുള്ളവരാകുന്നു. ചൈനയിൽകടുവാ, പുലി, കരടി, ആന, ചെന്നായ്, കാണ്ടാമൃഗം മുതലായ ജന്തുക്കളുണ്ട്. ജന്തുക്കളോടുള്ള ക്രൂരതയെ തടുക്കുവാൻ അവിടെ സംഘങ്ങളില്ല. അവിടുത്തെ മാതാപിതാക്കന്മാർ വളരെ കരുണയുള്ളവരാകുന്നു. എന്നാൽ വിദേശികൾ അവരെ തെററിദ്ധരിച്ചിട്ടുണ്ട്. ചൈനാക്കാൎക്ക് പെൺകുട്ടികളെ ഇഷ്ടമല്ലെന്നും അവരെ കൊല്ലുമെന്നും അന്യന്മാർ വിശ്വസിക്കുന്നു. ഇതു് ശരിയല്ല. പെൺകുട്ടികൾക്ക് സ്ത്രീധനം കൊടുക്കേണ്ടതുകൊണ്ട് ആൺകുട്ടികളുണ്ടായാൽ മാതാപിതാക്കന്മാൎക്ക് കൂടുതൽ സന്തോഷമുണ്ട്. ൧൮ വയസ്സായാൽ പുരുഷന് ഒരു ഭാൎയ്യ വേണമെന്നാണു ചൈനാക്കാർ പറയുന്നതു്. പണമുള്ള ചൈനാക്കാൎക്ക് ഭാൎയ്യയെക്കൂടാതെ ദാസിമാരും ഉണ്ടായിരിക്കും. ചിലൎക്ക് രണ്ടും മൂന്നും ഭാൎയ്യമാർ ഇല്ലാതില്ല. ചൈനയിൽ സ്ത്രീകളാണധികമുള്ളതു്. ചൈനായിൽ തന്തയില്ലാതെ കുട്ടികളുണ്ടായതായി ഒരപവാദം കേട്ടിട്ടില്ല. വിവാഹമോചനവും നിയമപ്രകാരം അനുവദിക്കപ്പെട്ടിട്ടില്ല. ഭൎത്താവിനോടിഷ്ടമില്ലാത്ത സ്ത്രീ സ്വന്തവീട്ടിൽ പോയി

താമസിക്കുകയല്ലാതെ വിവാഹമോചനത്തിനൊരുങ്ങുകയില്ല. എന്നാൽ ഒരു പുരുഷന് ചില കാരണങ്ങളാൽ ഭാര്യയെ ഉപേക്ഷിക്കാം. വന്ധ്യാത്വം, കുഷ്ഠം, വ്യഭിചാരം, മുതലായവ വിവാഹമോചനത്തിനുള്ള കാരണങ്ങളാണ്. എന്നാൽ സ്ത്രീയ്ക്കു് ഒരു കുടുംബമില്ലെങ്കിൽ ഭർത്താവ് അവൾക്ക് ചെലവിന് കൊടുക്കേണ്ടതാണ്.

സ്ത്രീകളെ വ്യഭിചാരത്തിനും രാജദ്രോഹത്തിനുമല്ലാതെ ബന്ധനത്തിൽ വെക്കുവാൻ പാടില്ല. പ്രായംചെന്നവരും പ്രായംകുറഞ്ഞവരും രോഗികളും നഗ്നകളുമായ സ്ത്രീകളേയും ബന്ധിക്കാറില്ല. സ്ത്രീകളേ പ്രായേണ അടിക്കരുതെന്ന് മജിസ്ട്രേട്ടന്മാർക്കുത്തരവയക്കപ്പെട്ടിട്ടുണ്ട്. സ്ത്രീകൾക്ക് കുടുംബത്തിൽ വലിയ അധികാരമാണുള്ളതു്. യൌവനത്തിൽ വൈധവ്യം വരുന്ന സ്ത്രീകളുടെ സ്ഥിതി അസുഖകരമാണ്. വിധവാവിവാഹം മാന്യമല്ലെന്നാണ് പൊതുജനാഭിപ്രായം. എന്നാൽ നിയമപ്രകാരം വിധവാവിവാഹത്തിന് തടസ്സമില്ല. ചില ചീനസ്ത്രീകൾ കാൽ ചെറുതാക്കി വരുന്നു. എന്നാൽ ൧൬൪൪ മുതൽ ചൈനാഭരണം നടത്തിവന്ന മാഞ്ചു വംശത്തിലെ സ്ത്രീകൾ അവരുടെ പാദങ്ങൾ ചെറുതാക്കുന്നില്ല. ഹാക്കാസ്സ് എന്ന വർഗ്ഗക്കാരും മലകളിൽ താമസിക്കുന്ന വർഗ്ഗക്കാരും പാദം കുറുകാൻ സമ്മതിക്കുന്നില്ല. പാദം ചെറുതാക്കുന്നതു് പ്രഭുത്വത്തിൻെറ ലക്ഷണമല്ല. പെൺകുട്ടികൾ വളരെ വേദന സഹിച്ചാണ് പാദം ചെറുതാക്കുന്നതു്.

ചൈനാക്കാർ വാലുപോലെ തലമുടി വളർത്തിത്തുടങ്ങിയതു് ൧൬൪൪-ൽ മാഞ്ചു·ടാർട്ടാർ വംശം ഭരണം തുട

ങ്ങിയ കാലം മുതലാണ്. ഈ വാൽ എടുത്തു കളയണ മെന്ന് ഇന്ന് പരിഷ്കാരികൾ വാദിക്കുന്നു. മുൻവശം വടിക്കുകയും പിറകിൽ കുടുമ വളർത്തുകയും ചെയ്യുന്ന സമ്പ്രദായം കുതിരയെ അനുകരിച്ച് നടപ്പാക്കിയതാണെന്ന് പറയപ്പെടുന്നു. മാഞ്ചു വംശം കാൽ ചെറുതാക്കുന്ന സമ്പ്രദായത്തെ ൧൬൬൪-ൽ നിരോധിച്ചു. എന്നാൽ നാലു കൊല്ലത്തിനകം ഈ നിരോധനം പിൻവലിക്കേണ്ടതായിവന്നു. ഇപ്പോൾ പാദം ചെറുതാക്കുന്ന സ്ത്രീകൾക്ക് ഗവമ്മെൻറ് സ്കൂളുകളിൽ പ്രവേശമില്ല. മാഞ്ചു വംശക്കാർ ചൈനാക്കാരുടെ ആചാരങ്ങളെ ബലമായി അമർത്തിയിട്ടില്ല.

# അദ്ധ്യായം ൬.

## സാഹിത്ത്യവും വിദ്യാഭ്യാസവും.

ചീനന്മാർ വിദ്യയേയും സാഹിത്ത്യത്തേയും ബഹുമാനിക്കുന്നു. അവർ യുദ്ധം ഇഷ്ടപ്പെടുന്നില്ല. ധാമ്മികമായ യുദ്ധമെന്നൊന്നില്ലെന്നാണ് മെൻസിയസ്സ് എന്ന തത്വജ്ഞാനി പറയുന്നത്. കച്ചവടവും കമ്പോളസ്ഥലവും അവർ ഇഷ്ടപ്പെടുന്നു. ഇന്നും മുമ്പും ചൈനായ്ക്കു വലിയ പടയാളികളുടെ നാമങ്ങൾ സ്മരിക്കുവാൻ കഴിയും. എന്നാൽ സൈനികതൊഴിലിനു ബഹുമാന്യതയുണ്ടായത് ഈയിടെ മാത്രമാണ്. നല്ല ഇരുമ്പ് ആണിക്കോ നല്ല മനുഷ്യർ സൈന്യത്തിനൊ പററിയതല്ലെന്ന് ചൈനായിൽ ഒരു പഴഞ്ചൊല്ലുണ്ട്. സിവിൽ ഉദ്യോഗസ്ഥന്റെ പേനായ്ക്കു് സൈനികോദ്യോഗസ്ഥൻ കീഴടങ്ങണമെന്നും സിവിൽ ഉദ്യോഗസ്ഥന്മാർ സമാധാനവും പട്ടാളങ്ങൾ രക്ഷയും നൾകുന്നുവെന്നും ചൈനാക്കാക്ക് ബോദ്ധ്യമുണ്ട്. ചൈനായിലെ മാതാപിതാക്കന്മാർ ഇക്കാലത്തു മാത്രമേ കുട്ടികളെ സൈനികപരിശീലനത്തിനയക്കുന്നുള്ളു. സാഹിത്ത്യപരമായ വിദ്യാഭ്യാസം കഴിഞ്ഞ ശേഷം മത്സരപ്പരീക്ഷയിൽ ചേൎന്നു വലിയ ഉദ്യോഗങ്ങൾ സമ്പാദിക്കണമെന്ന് യുവാക്കന്മാരാശിക്കുന്നു. മൂവായിരം വഷം മുമ്പുള്ള പാട്ടുകൾ, ആചാരങ്ങൾ, പ്രാചീനചരിത്രം, കൺ

ഫ്യൂഷ്യസ്സിൻെറ സിദ്ധാന്തങ്ങൾ ഇവയാണ് മത്സരപ്പരീക്ഷയ്ക്കു് പഠിക്കേണ്ട വിഷയങ്ങൾ. ചക്രവർത്തിയുടെ പ്രതിപുരുഷൻ മൂന്നു കൊല്ലത്തിലൊരിക്കൽ പരീക്ഷ നടത്തുന്നു. വൃദ്ധന്മാൎക്കും യുവാക്കന്മാൎക്കും ഈ പരീക്ഷയിൽ ചേരാം. ഒന്നോ രണ്ടോ തവണ തോററവൎക്ക് ഇതിൽ പിന്നെ ചേരരുതെന്നില്ല. എഴുപത്തിരണ്ടു വയസ്സുള്ള ഒരാൾ ഈ പരീക്ഷയിൽ ചേൎന്ന് ജയിച്ചതായറിവുണ്ടു്. അസംഖ്യം ജനങ്ങളെ മൂന്നു ദിവസം ഒരു പ്രത്യേകഹാളിൽ ബന്ധിച്ചാണ് പരീക്ഷ നടത്തുന്നതു്. ഈ പരീക്ഷയ്ക്കിടയിൽ ചിലർ മരിക്കുകയും ഭ്രാന്തരാകുകയും ചെയ്യുന്നു. മൂന്നു ദിവസത്തേക്കുള്ള ഭക്ഷണം സ്ഥാനാൎത്ഥികൾ തന്നെ കൊണ്ടു ചെന്നു കൊള്ളണം. ഈ മത്സരപ്പരീക്ഷയിൽ പക്ഷപാതമൊ അഴിമതിയൊ ഉണ്ടായിട്ടില്ലെന്നുള്ളതു് ലോകപ്രസിദ്ധമാണ്.

അൎവാചീനകാലത്തു് സയൻസിനു കൂടി പ്രാമാണ്യം നൾകുവാനുള്ള ശ്രമങ്ങൾ ഇല്ലാതില്ല. ചീനന്മാർ പല കൊല്ലങ്ങളായി ശാസ്ത്രീയ കാൎയ്യങ്ങളിൽ പാശ്ചാത്യരുടെ പിറകിലായിപ്പോയി. പതിനഞ്ചാം ശതാബ്ദത്തിൽ ചൈനയുടെ പരിഷ്കാരം യൂറോപ്പിനെ അതിശയിപ്പിച്ചിരുന്നു. പതിമൂന്നാം ശതാബ്ദത്തിൽ മാക്കോപ്പോളോ എന്ന വെനീഷിയൻ സഞ്ചാരി കുബ്ളയിഖാൻെറ കീഴിൽ ഒരുദ്യോഗസ്ഥനായി ൨൪ കൊല്ലം ജീവിച്ചശേഷം രേഖപ്പെടുത്തുന്നതു് ചൈനായിലെപ്പോലെ പരിഷ്കാരം അദ്ദേഹം കണ്ടതോ കേട്ടതോ ആയ ഒരു രാജ്യത്തുമില്ലെന്നാണ്. അച്ചടിയന്ത്രം, ജലയന്ത്രം, ജലസേചനവിദ്യകൾ,

പാലങ്ങൾ, ദൂരം കുറിക്കുന്ന രഥങ്ങൾ, വിരലടയാളമെട്ടുപ്പ് മുതലായവയെപ്പററി എ. ഡി. ൪-ാം ശതാബ്ദത്തിൽ തന്നെ ഗ്രന്ഥങ്ങളിൽ വിവരണങ്ങൾ കാണുന്നു. ഒരു ദന്തപ്പന്തിൽ അനവധി പന്തുകളടക്കുന്നതും തെക്കുനോക്കി വണ്ടിയുണ്ടാക്കുന്നതും ക്രിസ്തുവിന് ആയിരം കൊല്ലം മുമ്പു ചൈനായിൽ അജ്ഞാതമല്ലായിരുന്നു. ഏഴാം ശതാബ്ദത്തിൽ വെടിക്കെട്ടിനായി വെടിമരുന്നുപയോഗിക്കപ്പെട്ടിരുന്നു. ൧൩-ാം ശതാബ്ദത്തിലെ മംഗോൾ യുദ്ധത്തിൽ തോക്കിനെപ്പററി കേൾക്കുന്നു. ൧൪-ാം ശതാബ്ദത്തിൽ തോക്കുകൾ ധാരാളം ഉപയോഗിക്കപ്പെട്ടിരുന്നു. പട്ടുനിർമ്മാണം, തേയിലക്കൃഷി, മൺപാത്ര നിർമ്മാണം മുതലായവ പണ്ടുപണ്ടേ ചൈനായിൽ നടപ്പുണ്ട്. വിമാനങ്ങളുണ്ടായിരുന്നതായി പുരാണങ്ങൾ ഘോഷിക്കുന്നു. പത്താം ശതാബ്ദത്തിലെ ഗ്രന്ഥങ്ങളിൽ ഇരുമ്പു കപ്പലുകളെപ്പററി പ്രതിപാദിക്കുന്നു. ചൈനായിലെപ്പോലെ ചിത്രമെഴുത്തിൽ സമർത്ഥന്മാർ വേറെങ്ങുമുണ്ടായിരുന്നില്ല. ചൈനായിൽ മിക്ക സാഹിത്യകാരന്മാരും ചിത്രകാരന്മാരായിരുന്നു. പൂക്കളെപ്പററി കവിതകൾ ധാരാളമാണ്. ചീനന്മാർ പൂക്കൾ ഇഷ്ടപ്പെടുന്നു.

ലോകത്തിലെ ആദ്യത്തെ വർത്തമാനപ്പത്രം പീക്കിങ്ങ് ഗസററാണ്. അതു് അച്ചടിച്ചു തുടങ്ങിയതു് ൧൪-ാം ശതാബ്ദത്തിലാകുന്നു. ചീനന്മാർ പുസ്തകപാരായണതല്പരരാണ്. ചൈനീസ് സാഹിത്യത്തിൽ ശൃംഗാരവും ആഭാസത്വവും വളരെ കുറവാണ്. ഇപ്പോൾ പാശ്ചാത്യരെ അനുകരിച്ചു് നിർമ്മിക്കപ്പെടുന്ന നോവലുകളും

പെറുകഥകളും മററും അത്ര നന്നല്ലായിരിക്കാം. പതിമൂന്നാം ശതാബ്ദം മുതൽ ചൈനാരാജ്യത്ത് നോവലുകൾക്ക പ്രചാരമുണ്ടായിരുന്നു. വൈദ്യസംബന്ധമായി അനവധി ഗ്രന്ഥങ്ങൾ ചൈനീസ് സാഹിത്യത്തിലുണ്ട്. ശസ്ത്രക്രിയ അവക്ക് അശേഷം ഇഷ്ടമല്ല. ദൈവം സൃഷ്ടിച്ച ശരീരം കുത്തിമുറിക്കാതെ ദൈവത്തെ ഏല്പിക്കണമെന്ന് അവർ പറയുന്നു.

# അദ്ധ്യായം ൯.

## തത്വജ്ഞാനം.

ചൈനീസ് തത്വജ്ഞാനം അതിവിപുലമാകയാൽ അതിൻെറ പ്രധാനഭാഗങ്ങളെപ്പററി സംക്ഷേപമായി പ്രസ്താവിക്കാനല്ലാതെ നിവൃത്തിയില്ല. കൺഫൂഷ്യസ്സിൻെറ തത്വജ്ഞാനത്തെപ്പററിയാണ് ആദ്യമായി പറയാനുള്ളത്. മനുഷ്യൻ ജന്മനാ നല്ലവനാണെന്നും ചീത്ത പരിതസ്ഥിതികളുടെ സമ്പക്കം കൊണ്ട് അവൻ ചീത്തയാകുന്നുവെന്നും കൺഫൂഷ്യസ്സ് അഭിപ്രായപ്പെടുന്നു. ഇത് ഒരു പ്രകൃതി നിയമമാണെന്ന് പറയുന്നതല്ലാതെ ഈ തത്വത്തെ അദ്ദേഹം വിസ്തരിക്കുന്നില്ല. എന്നാൽ പിന്നീടു വന്ന തത്വജ്ഞാനികൾ ഈ തത്വത്തെ വിസംവദിച്ചിരുന്നു. ഒരു നൂറു കൊല്ലത്തിനു ശേഷം മെൻസിയസ് ഈ തത്വത്തെ പുനസ്ഥാപിക്കുകയും കൌ എന്ന തത്വജ്ഞാനിയുമായി വാദപ്രതിവാദം നടത്തുകയും ചെയ്തു.

കൌവ്വ് പറയുന്നത് ഒരു തടിക്കഷണത്തിൽ നിന്നും പാത്രങ്ങളുണ്ടാകുന്നതുപോലെ മനുഷ്യസ്വഭാവത്തിൽ നിന്നും ധമ്മം ഉണ്ടാക്കാമെന്നാണ്. ഒരാശാരി നേരേ വേലയെടുത്താൽ നല്ലപാത്രങ്ങളുണ്ടാകും. അല്ലെങ്കിൽ പാത്രങ്ങൾ ചീത്തയാകും. ജനനസമയം മനുഷ്യപ്രകൃതി

നല്ലതോ ചീത്തയോ അല്ല. അത്് നല്ലതോ ചീത്തയോ ആകുന്നത്് പരിതസ്ഥിതികളുടെ സ്വാധീനബലം കൊണ്ടാകുന്നു. തടിയിൽ നിന്ന് പാത്രങ്ങളുണ്ടാക്കുമ്പോൾ തടി നശിച്ചുപോകുന്നുവെന്നും അതുപോലെ മനുഷ്യപ്രകൃതിയിൽ നിന്നും ധമ്മമുണ്ടാക്കുവാൻ പോകുമ്പോൾ ആ പ്രകൃതി നാമാവശേഷമാകുമെന്നുമാണ് മെൻസിയസ്സിൻെറ സമാധാനം. വെള്ളത്തിന് കിഴക്കോട്ടോ പടിഞ്ഞാട്ടോ ഒഴുകണമെന്ന് നിർബന്ധമില്ലാത്തതുപോലെ മനുഷ്യപ്രകൃതിക്കും നല്ലതോ ചീത്തയോ ആയിരിക്കണമെന്ന് താല്പയ്യമില്ലെന്ന് കൌ സിദ്ധാന്തിക്കുന്നു. ഭൂസ്ഥിതിയനുസരിച്ചാണ് ജലമൊഴുകുന്നത്. കിഴക്കോട്ടൊഴുകാൻ സ്വാതന്ത്ര്യമുണ്ടെങ്കിൽ കിഴക്കോട്ടും പടിഞ്ഞാട്ടൊഴുകാമെങ്കിൽ പടിഞ്ഞാട്ടും ജലമൊഴുകും. അതുപോലെ മനുഷ്യ പ്രകൃതി നന്മയേയും തിന്മയേയും പററിപ്പിടിക്കും. വെള്ളം കിഴക്കോട്ടും പടിഞ്ഞാറോട്ടും സ്വതന്ത്രമായി ഒഴുകുമെങ്കിലും മേലോട്ടും കീഴോട്ടും ഒഴുകുന്നില്ലെന്നും വെള്ളത്തിനു കീഴോട്ടു പോകാൻ വാസനയുള്ളതുപോലെ മനുഷ്യപ്രകൃതിക്ക് നന്മയെ അവലംബിക്കുവാൻ പ്രേരണയുണ്ടെന്നുമാണ് മെൻസിയസ്സ് പറയുന്നത്. നമുക്ക് പമ്പുകൊണ്ടു് വെള്ളത്തെ മേല്പോട്ട് വിടാമെങ്കിലും അത്് കൃത്രിമപ്രയോഗം കൊണ്ടു സാധിക്കുന്നതാണെന്നും മനുഷ്യൻ ചീത്തയാകുന്നതിന് ഇതുപോലുള്ള സാഹസമാവശ്യമാണെന്നും അദ്ദേഹം സമത്ഥിക്കുന്നു.

ജന്മത്തിൽ ലഭിക്കുന്ന പ്രകൃതി ഒന്നുപോലാണെന്നാകുന്നു കൌ പറയുന്നത്. മെൻസിയസ്സ് ഈ സിദ്ധാന്തത്തെ എതിൎക്കുന്നു. ഇതു് ശരിയാണെങ്കിൽ ഒരു പട്ടിയുടേയും കാളയുടേയും പ്രകൃതി ഒന്നായിരിക്കണം. മനുഷ്യൻ ചെയ്യുന്ന നന്മയ്ക്കും തിന്മയ്ക്കും അവന്റെ പ്രകൃതി ഉത്തരവാദിയല്ല. സമ്പത്തുകാലത്ത് മനുഷ്യൻ മിക്കവാറും നല്ലവരാണ്. ആപത്തുകാലത്ത് അവന്റെ പ്രകൃതി മാറുന്നു. ഈ വ്യത്യാസം വരുന്നത് പരിതസ്ഥിതികളുടെ മാററം കൊണ്ടാണ്. മെൻസിയസ്സിന്റെ വാദംകൊണ്ടു് ഈ തൎക്കം അവസാനിച്ചില്ല. ഷൂൺഡ്സാ എന്നൊരു തത്വജ്ഞാനി പറയുന്നതു മനുഷ്യൻ ജന്മനാ ചീത്തയാണെന്നാകുന്നു. ചെറുപ്പം മുതൽ മനുഷ്യൻ സ്വസുഖത്തിനായി ലാഭമിച്ഛിക്കുന്നു. സ്വാൎത്ഥവും മത്സരവുമാണ് അവനെ സകല പ്രവൃത്തികൾക്കും പ്രേരിപ്പിക്കുന്നതു്. തന്മൂലം അവൻ അസൂയ, വെറുപ്പ് മുതലായ വികാരങ്ങൾക്കു വശഗനാകുന്നു. ഗുരുക്കന്മാരുടെ സ്വാധീനശക്തിയും നിയന്ത്രണവും നിയമവുമില്ലെങ്കിൽ സൽഭരണമോ ശാന്തമായ സാമുദായികജീവിതമോ ഉണ്ടായിരിക്കുകയില്ല. ലോഹത്തെ ചാണയിൽവെച്ച് മൂൎച്ച വരുത്തുന്നതുപോലെയും തടിയെ ചിന്തേരിട്ടു മിനുക്കുന്നതുപോലെയും മനുഷ്യന് പരിശീലനവും വിദ്യാഭ്യാസവും നൾകി അവന് ധൎമ്മവും നീതിയും ത്യാഗവുമുണ്ടാക്കേണ്ടതാണ്. കുശവൻ മൺപാത്രവും ആശാരി മേശയും വേല ചെയ്തുണ്ടാക്കുന്നതുപോലെ സന്യാസിമാരും മഹൎഷിമാരും മനുഷ്യപ്രകൃതിയിൽ വേല ചെയ്തു് ധൎമ്മമുണ്ടാക്കുന്നു. ദൈവത്തിനു ഇഷ്ടന്മാരും ശത്രുക്കളുമില്ല. ചിലർ നല്ലവരും മററുചിലർ ചീത്തയുമാ

കുന്നത്ത് സമ്പൽവും വിദ്യാഭ്യാസവും നിയന്ത്രണവുമനുസരി ച്ചാകുന്നു. തദനന്തരം ഷീയൂങ്ങ് എന്ന ഒരു മഹാൻ ഈ രണ്ടു് സിദ്ധാന്തങ്ങളും ശരിയല്ലെന്നും മനുഷ്യനു ജന്മത്തിൽ നന്മയും തിന്മയുമുണ്ടെന്നും പരിതസ്ഥിതികളനുസരിച്ച് അവ വികസിക്കുന്നുവെന്നും അഭിപ്രായപ്പെട്ടു. ഷീയൂ ങ്ങിൻെറ അഭിപ്രായം സർവ്വസമ്മതമല്ല. ഹാൻയൂ എന്ന സിദ്ധൻെറ അഭിപ്രായം മനുഷ്യപ്രകൃതി ഉത്തമം മദ്ധ്യമം അധമം എന്നു മൂന്നുതരത്തിലുണ്ടെന്നാകുന്നു.

മെൻസിയസ്സിൻെറ കാലത്ത് മൌട്ടീയും യങ്ങ്യൂയും തമ്മിൽ ഒരു തക്കമുണ്ടായി. സാൎവ്വത്രികമായ പ്രേമം ദുർഭര ണത്തിനും കഷ്ടതയ്ക്കും ഒരു സിദ്ധൌഷധമാണെന്ന് മൌട്ടീ വാദിച്ചു. സംസ്ഥാനങ്ങളും കുടുംബങ്ങളും തമ്മിൽ പിണങ്ങാതിരിക്കുകയും, രാജാവും പ്രജയും യോ ജിച്ചിരിക്കുകയും, മോഷ്ടാക്കൾ മോഷ്ടിക്കാതിരിക്കുകയും മാതാപിതാക്കന്മാരും സന്താനങ്ങളും രമ്യതയിൽ വൎത്തി ക്കുകയും ചെയ്താൽ സൽഭരണവും സമാധാനവും ഉണ്ടാ യിരിക്കുമെന്ന് അദ്ദേഹം പറയുന്നു. ഓരോരുത്തനും അവന വൻെറ കാൎയ്യം നോക്കണമെന്നാണ് യങ്ങ്യൂ സിദ്ധാന്തി ക്കുന്നതു്. ലോകത്തിൻെറ ഗുണത്തിനു വേണ്ടി തൻെറ ഒരു തലനാരു ചെലവാക്കാമൊ എന്ന് അദ്ദേഹത്തോടാ രോ ചോദിച്ചു. അദ്ദേഹം അതിന് നേരെ ഉത്തരം പറ ഞ്ഞില്ല. ലോകത്തിൻെറ നന്മയ്ക്കായി തൻെറ തലമുടി മുഴുവൻ കൊടുക്കാമെന്ന് മൌട്ടീ പറയുമായിരുന്നു. ഈ രണ്ടു സിദ്ധാന്തങ്ങളും ശരിയല്ലെന്നും മദ്ധ്യനയം സ്വീക രിക്കണമെന്നും മെൻസിയസ്സ് അഭിപ്രായപ്പെടുന്നു.

ലോകോല്പത്തിയെപ്പററി ചൈനീസ് ചിന്തകന്മാ ക്ക് പല അഭിപ്രായങ്ങളുമുണ്ട്. ലോകസ്രഷ്ടാവ് പരിപൂർണ്ണജ്ഞാനമുള്ള പാൻകു ആണെന്നും അയാൾ മരിക്കുമ്പോൾ പ്രളയമുണ്ടാകുമെന്നും അയാളുടെ ശ്വാസം കാററും ശബ്ദം ഇടിയും ഇടത്തു് കണ്ണ് സൂര്യൻ വലത്തു കണ്ണ് ചന്ദ്രനും രക്തം നദികളും രോമങ്ങൾ വൃക്ഷങ്ങളും ചെടികളും, മാംസം ഭൂമിയും, വിയർപ്പ് മഴയും അയാളുടെ ശരീരത്തിലുള്ള പ്രാണികൾ മനുഷ്യരുമാണെന്നാകുന്നു ചൈനാക്കാരുടെ സങ്കല്പം. നിരക്ഷരകുക്ഷികൾക്കല്ലാതെ വിദ്യാസമ്പന്നന്മാക്ക് ഈ സങ്കല്പം ഇഷ്ടമല്ല. കൺഫൂഷ്യസ് പറയുന്നതു് ശൂന്യതയിൽ നിന്ന് ഒരു തത്വമുണ്ടായി എന്നും അതിൽനിന്ന് പഞ്ചഭൂതങ്ങളും ദ്വന്ദങ്ങളും ഉത്ഭവിച്ചുവെന്നുമാകുന്നു. പുനർജ്ജന്മത്തെപ്പററി കൺഫൂഷ്യസ് ഒരഭിപ്രായവും പറഞ്ഞിട്ടില്ല. ജീവിതം ഒരു സ്വപ്നമാണെന്നും മരണം ഉൽബുദ്ധതയാണെന്നും അദ്ദേഹത്തിൻെറ ശിഷ്യന്മാർ വിശ്വസിച്ചിരുന്നു. "ചിലർ ജീവൻെറ ചട്ടങ്ങൾക്കപ്പുറം പോകുന്നു. ഞാനവയ്ക്കകത്തു് ജീവിക്കുന്നു. അതുകൊണ്ടു നമ്മുടെ വഴികൾ ഭിന്നമാണ്. ജനനത്തിനു മുമ്പും മരണത്തിനു ശേഷവും നാം എവിടെയാണെന്നറിഞ്ഞുകൂടാ" എന്ന് കൺഫൂഷ്യസ് പറയുന്നു. ചുവാങ്ങ്സാ എന്ന തത്വജ്ഞാനി ഉപദേശിക്കുന്നതു് നാം ശരീരത്തെ രക്ഷിക്കണമെന്നും പ്രാണനേയും ശരീരത്തേയും പരിപാവനമാക്കിവെക്കുന്നവർ ഈശ്വരനോടൈക്യം പ്രാപിക്കുമെന്നും മരണവും ജനനവും ആത്മാവിൻെറ പരിവത്തനങ്ങളാണെന്നുമാകുന്നു. ചൈനായിലെ സോക്രട്ടീസായിരുന്നു

ഹ്യൂയ്ഡ്സാ. അദ്ദേഹത്തിന്റെ വചനങ്ങൾ ഇന്നും ഓൎമ്മിക്കപ്പെടുന്നു. അദ്ദേഹം മരിക്കാറായ സമയം എവിടെ സംസ്കരിക്കണമെന്ന് ശിഷ്യന്മാർ ചോദിച്ചപ്പോൾ പറഞ്ഞ മറുപടി താഴെ ചേൎക്കുന്നു. "ആകാശവും ഭൂമിയും എന്റെ ശവപ്പെട്ടിയും കല്ലറയുമാകുന്നു. സൂൎയ്യനും ചന്ദ്രനും നക്ഷത്രങ്ങളും എന്റെ ശവസംസ്കാര ഘോഷയാത്രയിൽ പങ്കുകൊള്ളുന്നു. എന്റെ ശരീരം പരുന്തിനും കൃമികൾക്കും ആഹാരസാധനമായിത്തീരട്ടെ.

---

# അദ്ധ്യായം വ്യ.

## വിനോദങ്ങൾ.

ചൈനാക്കാർ കച്ചവടവും പഠിത്തവും കൊണ്ടു മാത്രം കഴിയുന്നവരല്ല. പഴയകാലത്ത് അവർ മൃഗയാവിനോദത്തിൽ തല്പരരായിരുന്നു. ചക്രവർത്തിമാരുടെ ഒരു പ്രധാന വിനോദമായിരുന്നു ഇത്. കഴുകനെ പരിശീലിപ്പിച്ചു പക്ഷികളെ പിടിപ്പിക്കുന്ന സമ്പ്രദായവും അവിടെ നടപ്പുണ്ടായിരുന്നു. മീൻ പിടിത്തം അവക്ക് രസകരമാണ്. മീൻ പിടിക്കുവാൻ അവർ ചില പക്ഷികൾക്ക് പരിശീലനം നൽകുന്നു. കുണ്ടികുലുക്കൻ പക്ഷികൾ മത്സ്യം പിടിക്കാൻ വിരുതു കാണിക്കുന്നു. പണ്ട് ചൈനായിൽ പല വിനോദങ്ങളുണ്ടായിരുന്നു. അവ ക്രമേണ ക്ഷയിച്ചുതുടങ്ങി. കാളകളുടെ തുകൽ ദേഹത്തണിഞ്ഞും കൊണ്ട് കാളകളെപ്പോലെ തമ്മിൽ കുത്തുന്ന ഒരേർപ്പാടു മുമ്പുണ്ടായിരുന്നു. ഗുസ്തി പണ്ടേ ചൈനാക്കാർക്കു പ്രിയമാണ്. ബുദ്ധസന്ന്യാസിമാരാണ് ഗുസ്തിക്ക് പ്രചാരം നല്കിയത്. ജപ്പാനിലെ ജിയുജിററ്സ് എന്ന കായികാഭ്യാസം ചൈനായിൽ നിന്നും ജപ്പാൻകാർ പഠിച്ചതാണ്. അട, തട, മർമ്മം, മുതലായ വിദ്യകൾ ചീനന്മാർക്കു സുപരിചിതമായിരുന്നു.

പ്രാചീനകാലത്തുതന്നെ ചൈനാക്കാർ ഫുട്ട്ബാൾ കളിച്ചിരുന്നു. ആദ്യം പന്തിനകത്ത് രോമം നിറച്ചാണു

പയോഗിച്ചുവന്നത്. അഞ്ചാം ശതാബ്ദം മുതൽ കാററു കയററുന്ന റബ്ബർ സഞ്ചിയും തോൽ മൂടിയും ഉപയോഗിക്കപ്പെട്ടിരുന്നു. ഫുട്ബാറ കളിക്ക് ഗോറ വിചിത്രാകൃതിയിൽ നിർമ്മിതമായിരുന്നു. ജയിക്കുന്ന കൂട്ടക്ക് പഴം, പൂ, മദ്യം, വെള്ളിപ്പാത്രങ്ങറ മുതലായവ സമ്മാനമായി കൊടുക്കപ്പെട്ടിരുന്നു. തോല്ക്കുന്ന കൂട്ടക്ക് അടിയും അവമാനവും കിട്ടും. ഈ കളി കാളേജുകളിലും സ്കൂളുകളിലും ഇപ്പോറ വിദേശികളുടെ പ്രേരണയിൽ പൂവ്വാധികം ഭംഗിയായി നടത്തപ്പെടുന്നു. ഏ. ഡീ. ൬൦-ാമാണ്ടുമുതൽ പോളോ കളിക്കപ്പെട്ടിരുന്നതായി ചൈനീസ് സാഹിത്യം തെളിയിക്കുന്നു. സ്ത്രീകറപോലും കഴുതപ്പുറത്തു പോളോ കളിച്ചിരുന്നുവത്രേ. കിത്തൻ ടാട്ടറന്മാർ ഈ കളിയിൽ വിദഗ്ദ്ധന്മാരായിരുന്നു. പെർഷ്യയിൽ നിന്നല്ലേ ഈ കളി ചൈനയിലേക്കു സംക്രമിച്ചതെന്ന് സംശയമുണ്ട്. ചൈനായിലെ ഒരു ചക്രവത്തി അമിതമായി പോളോ കളിച്ചതിനാൽ മന്ത്രിപ്രതിഷേധം പുറപ്പെടുവിച്ചതായറിയുന്നു. മന്ത്രിമാർ ഭയം കൂടാതെ ഇപ്രകാരം പ്രതിഷേധം പുറപ്പെടുവിച്ചാൽ അവക്കുപദ്രവം നേരിടുമെങ്കിലും രാജ്യരക്ഷയെ കരുതി അവർ നിർഭയം സ്വാതന്ത്ര്യം നിവ്വഹിച്ചു വന്നു.

പഴയ വിനോദങ്ങളും കളികളും മിക്കവാറും നാമാവശേഷമായിരിക്കുന്നു. അസ്ത്രപ്രയോഗം, പട്ടം പറപ്പിക്കൽ, മുതലായവ ചൈനാക്കാക്ക് പ്രിയപ്പെട്ട വിനോദങ്ങളാകുന്നു. പകിടകളിയും ഭാഗ്യപരീക്ഷകളും ചൈനാക്കാർ വളരെ ഇഷ്ടപ്പെടുന്നു. നാടകശാല കൂടാതെ ചീന

ന്മാക്ക് ജീവിക്കുവാൻ വയ്യാ. അവർ നേരമ്പോക്ക് കേൾക്കുവാൻ ഇഷ്ടപ്പെടുന്നു. ചീനന്മാരെ ചിരിപ്പിച്ചാൽ എന്തും സാധിക്കാം. ചൈനീസ് നടന്മാരുടെ അഭിനയചാതുരി സുപ്രസിദ്ധമാണ്. എന്നാൽ അവരുടെ രംഗവിധാനങ്ങൾ ലളിതവും അപരിഷ്കൃതവുമാകുന്നു. ഞാണേൽ ദണ്ഡിപ്പ്, ചെപ്പടിവിദ്യ, പാഠകം, വാളേറ്, തുള്ളൽ മുതലായവ ചൈനായിലെ സാമാന്യവിനോദങ്ങളാകുന്നു. കഥകൾ പറഞ്ഞു ജനങ്ങളെ രസിപ്പിക്കുവാൻ ഒരുതരം ആളുകളെ എല്ലാ തെരുവുകളിലും കാണാം.

ചൈനാക്കാർ സദ്യപ്രിയന്മാരാണ്. ഉത്സവങ്ങളും സദ്യകളും ആഘോഷങ്ങളും മിക്കവാറും ഉണ്ടായിരിക്കും. ആണ്ടാരംഭത്തിന് പത്തുദിവസം മുമ്പും ഇരുപതു ദിവസത്തേക്കും ചൈനാ മുഴവൻ ഘോഷമാണ്. ഇക്കാലത്ത് പിശാചുക്കളെ ഓടിക്കാനായി ചീനന്മാർ സദാ പടക്കം പൊട്ടിക്കുന്നു. കേരളത്തിലെ ഓണത്തേക്കാൾ ആണ്ടുപിറപ്പിന് ചൈനായിൽ ഘോഷങ്ങൾ നടക്കുന്നു. ചീനന്മാർ അരി, കോഴിയിറച്ചി, പന്നിയിറച്ചി മുതലായവ ഭക്ഷിക്കുന്നു. ചില ചൈനാക്കാർ പട്ടിയുടെ ഇറച്ചി തിന്നുന്നു. സസ്യം ഭുജിക്കുന്നവർ ബലവാന്മാരായും മാംസം ഭുജിക്കുന്നവർ ധീരന്മാരായും ധാന്യം ഭുജിക്കുന്നവർ ബുദ്ധിമാന്മാരായും വായു ഭുജിക്കുന്നവർ ഈശ്വരന്മാരായും തീരുമെന്നാണ് ചീനന്മാരുടെ വിശ്വാസം. അവരുടെ സദ്യയ്ക്ക് പലതരം കറികളുണ്ട്. അരിയിൽ നിന്നെടുക്കുന്ന ഒരു തരം മദ്യം ചീനന്മാരുപയോഗിക്കുന്നു. ഈയിടെ ചൈനാക്കാർ മദ്യപാനാസക്തരല്ല. കറുപ്പു തീററിയും

പുകവലിക്കുന്നത് ചൈനായിൽ സർവ്വസാധാരണമായിരു ന്നുവെങ്കിലും ൧൯൦൬-ൽ അതിനെ നിരോധിച്ച ഒരു വി ളംബരമുണ്ടായി. ഈ വിളംബരം പുറപ്പെടുവിച്ച വൃദ്ധ ചക്രവൎത്തിനിക്ക് കറുപ്പാവശ്യമായിരുന്നതിനാൽ ൬൦ വ യസ്സു കഴിഞ്ഞവരെ ഈ നിയമം ബാധിക്കുകയില്ലെന്നും പ്രസ്താവിക്കപ്പെട്ടിരുന്നു.

## അദ്ധ്യായം ൯.

മംഗോളിയർ ൧൨൭൯—൧൩൬൮.

ചീനന്മാക്ക് സ്വദേശസ്നേഹമില്ലെന്നു വിദേശികരം പറയുന്നു. ഇതു പരമാൎത്ഥമല്ല. ചൈനയുടെ അഭിമാനത്തെ രക്ഷിക്കുവാൻ ജീവൻപോലും ത്യജിക്കുവാൻ സന്നദ്ധതയുള്ള ചീനന്മാരുണ്ടായിരുന്നു. ൧൩-ാം ശതാബ്ദത്തിൽ കുബ്ളയിഖാന്റെ നേതൃത്വത്തിൽ മംഗോളിയർ സൂങ്ങ് വംശത്തെ ഓടിച്ചു ചൈനാ സാമ്രാജ്യം പിടിച്ചടക്കുവാൻ ശ്രമിച്ചു. സൂംഗ് വംശത്തിന്റെ പട്ടാളങ്ങരംക്ക് പല അപകടങ്ങളും പരാജയങ്ങളും പററി. അന്ന് ചൈനായിലെ സേനാനായകനായ ഒൺടീൻസിയാങ്ങ് മംഗോളിയരുടെ കയ്യിൽപ്പെട്ടു. സൂങ്ങ്വംശം കീഴടങ്ങണമെന്ന് ചക്രവൎത്തിക്കെഴുതുവാൻ അദ്ദേഹത്തോട്ട് ജേതാക്കളാവശ്യപ്പെട്ടതിൽ അദ്ദേഹം അപ്രകാരം ചെയ്തില്ല. ജേതാക്കളെ യജമാനന്മാരായി സ്വീകരിക്കുന്നതിനും അദ്ദേഹം സൌമുഖ്യം പ്രകടിപ്പിച്ചില്ല. മൂന്നുകൊല്ലം അദ്ദേഹത്തെ തടവിൽ പാൎപ്പിച്ചിട്ടും അദ്ദേഹം കീഴടങ്ങിയില്ല. ഒടുവിൽ കുബ്ളയിഖാൻതന്നെ അദ്ദേഹത്തെ വിളിച്ചു് 'നിങ്ങരംക്കെന്താണ് വേണ്ടതു്' എന്നു ചോദിച്ചു. 'സൂങ്ങ് ചക്രവൎത്തിയുടെ പ്രസാദത്താൽ ഞാൻ അദ്ദേഹത്തിന്റെ മന്ത്രിയായി. എനിക്കു് രണ്ടു യജമാനന്മാരെ

സേവിക്കുവാൻ വയ്യാ. എനിക്ക് ചത്താൽ മതി" എന്നായിരുന്നു അദ്ദേഹത്തിൻെറ മറുപടി. തദനുസരണം അദ്ദേഹത്തെ പട്ടാളക്കാർ നിഗ്രഹിച്ചു.

ഈയിടെ ജീവിച്ചിരുന്ന രണ്ടു ദേശാഭിമാനികളുടെ കഥ പ്രത്യേകം വക്തവ്യമാണ്. പീക്കിങ്ങിലെ ബോക്സർ ലഹളക്കാലത്ത് എല്ലാ വിദേശികളേയും നിഗ്രഹിക്കണമെന്ന് ചക്രവത്തിനി തീച്ചപ്പെടുത്തി. ഈ നയം അബദ്ധമാണെന്ന് യുയാൻചങ്ങ്ഷു, ചിങ്ങ്ചെങ്ങ് എന്ന രണ്ട് വലിയ ഉദ്യോഗസ്ഥന്മാർ ചക്രവത്തിനിയെ ധരിപ്പിച്ചു. അവരുടെ ഉപദേശത്തെ വകവെയ്ക്കാതെ ചക്രവത്തിനി എല്ലാ പ്രാവിൻസുകളിലേക്കും ഉത്തരവയച്ചു. വരുന്നതു വരട്ടെയെന്നു കരുതി ഈ ഉദ്യോഗസ്ഥന്മാർ വിദേശികളെ കൊല്ലണമെന്നുള്ളതിന് പകരം രക്ഷിക്കണമെന്ന് ഉത്തരവിൽ ഒരു മാററം ചെയ്തു. ഇവരുടെ കൃത്രിമം അഞ്ചാറാഴ്ച കഴിഞ്ഞപ്പോൾ വെളിപ്പെടുകയും ഇവർ വധിക്കപ്പെടുകയുംചെയ്തു. ഇവർ മേൽപ്പറഞ്ഞ പ്രകാരം പ്രവത്തിച്ചതു് രാജ്യരക്ഷയെ ഉദ്ദേശിച്ചായിരുന്നു.

മംഗോളിയർ സൂങ്ങ് വംശത്തെ ഓടിക്കുവാൻ അധികം പണിപ്പെടേണ്ടതായി വന്നില്ല. ൧൨൦൬-ൽ ചെങ്ങിസ്ഖാൻ ചൈനാ പിടിച്ചടക്കുവാനുള്ള സജ്ജീകരണങ്ങൾ പൂത്തിയാക്കുകയും ൧൨൧൫-ൽ മഞ്ഞനദിക്ക് വടക്ക് പീക്കിങ്ങ് ഒഴിച്ചുള്ള സ്ഥലം കൈവശപ്പെടുത്തുകയും ചെയ്തു. അദ്ദേഹം കുറേക്കാലം ഉത്തര ചൈനായിലെ ചക്രവത്തിയുമായി രമ്യതയിൽ കഴിഞ്ഞു. ചെങ്ങിസ്സ് ഖാൻെറ പൌത്രനായ കുബ്ലയിഖാനാണ് ചൈനായെ

സ്വാധീനപ്പെടുത്തുവാൻ ഭാഗ്യമുണ്ടായത്. ൧൨൬൦-ൽ കുബ്ലയിഖാൻ ചൈനീസ് ചക്രവത്തിയായി പ്രഖ്യാപിക്കപ്പെട്ടു. തദനന്തരം ഇരുപതുകൊല്ലക്കാലം സൂങ്ങ് പട്ടാളങ്ങളുമായി യുദ്ധംചെയ്തശേഷമേ ചൈനായിൽ ഏകാധിപത്യം സ്ഥാപിക്കുവാൻ ചക്രവത്തിക്ക് സാധിച്ചുള്ളു. ൧൨൬൫-ൽ ഖാൻ കാൻറൺ പിടിച്ചടക്കുകയും ചതിപ്രയോഗത്താൽ ഒൺടീൻ സിയാങ്ങിനെ ബന്ധിക്കുകയും ചെയ്തു. ൧൨൬൫-ൽ കരസൈന്യവും കപ്പൽസൈന്യവുമുപയോഗിച്ചു ഒരു മാസം ധീരന്മാരായ സൂങ്ങ് പടയാളികളുമായി പോരാടിയശേഷമേ കുബ്ലയിഖാന് ചൈനായിൽ പൂർണ്ണാധികാരം ലഭിച്ചുള്ളു. ഈ യുദ്ധത്തിൽ ചൈനീസു പട്ടാളക്കാർ അവരുടെ ദേശസ്നേഹവും വീര്യവും പൂർണ്ണമായി പ്രത്യക്ഷപ്പെടുത്തി.

കുബ്ളയിഖാൻെറ ഭരണകാലത്തെ വിശേഷങ്ങൾ മാക്കോപോളോ വർണ്ണിച്ചിട്ടുണ്ട്. മംഗോളിയരുടെ വിജയത്തിന് കാരണഭൂതൻ അവരുടെ സേനാനായകനായ ബേയൻ ആയിരുന്നു. കൊറിയാ, ബർമ്മാ, അന്നാം മുതലായ രാജ്യങ്ങൾ ചൈനായ്ക്കു കപ്പം കൊടുത്തിരുന്നു. ജപ്പാൻ പിടിച്ചടക്കാനുള്ള കുബ്ളയിഖാൻെറ പ്രയത്നം സഫലമായില്ല.

അദ്ദേഹത്തിൻെറ ഭരണകാലത്തു് മംഗോൾ ഭാഷയ്ക്ക് ഒരു ലിപിയുണ്ടായി. സിറിയയ്ക്ക് ഭാഷയെ അനുകരിച്ച് ബാഷ്പാ എന്ന ഒരു ടിബററൻ പുരോഹിതനാണ് ഈ ലിപിയുണ്ടാക്കിയത്. ൧൬൦൯-ൽ മാഞ്ചുഭാഷയ്ക്കും ഒരു ലിപിയുണ്ടായി. കുബ്ളയിഖാൻ പഞ്ചാം

ഗം പരിഷ്കരിക്കുകയും ബാങ്ക് നോട്ടുകൾ നടപ്പാക്കുകയും ചെയ്തു. ചക്രവത്തി ബുദ്ധമതക്കാരനായിരുന്നുവെങ്കിലും കൺഫൂഷ്യസ്സിനെ ബഹുമാനിച്ചിരുന്നു. താവോമതം അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. അക്രമമായ നികുതിഭാരം കൊണ്ടു് ജനങ്ങൾ ക്ഷോഭിച്ചിരുന്നു. കുബ്ളയിഖാൻെറ പൌത്രൻ ഒരു സത്യസന്ധനായ ഭരണാധികാരിയായിരുന്നു. എന്നാൽ ൧൩൬൮-ാമാണ്ടിടയ്ക്കു് മംഗോളിയരുടെ ഭരണം അവസാനിച്ചു. ഈ വിദേശ്യ വംശത്തിൻെറ ക്ഷയത്തിൽ ചൈനാക്കാർ ആഹ്ലാദിച്ചു.

ചൈനീസ് പടയാളികൾ ഭീരുക്കളാണെന്ന് ഒരു ധാരണയുണ്ടു്. ചിലപ്പോൾ അവർ സ്വരക്ഷയ്ക്കായി പേടിച്ചോടുകയും ചിലപ്പോൾ അവർ മരണംവരെ പോരാടുകയും ചെയ്യുന്നു. ചൈനാക്കാരനെക്കണ്ടാൽ വികാരഹീനനാണെന്ന് തോന്നും. പക്ഷെ അവനെപ്പോലെ ഇളകുന്ന ഒരു വർഗ്ഗമില്ല. അവർ ഇളകിയാൽ പിശാചുക്കളാണ്. ഒരിക്കൽ രണ്ടു ചൈനീസു പട്ടാളങ്ങൾ യുദ്ധപരിശീലനങ്ങൾ നടത്തുമ്പോൾ തമ്മിൽ പിണങ്ങി ൪ പേരെ കൊല്ലുകയും ൧൩ പേക്ക് മുറിവുണ്ടാക്കുകയും ചെയ്തു.

ചൈനാക്കാരൻ അവൻെറ കുടുംബം ഇഷ്ടപ്പെടുന്നു. ചൈനായിൽ കൂട്ടുകുടുംബരീതി നടപ്പിലിരിക്കുന്നു. മാതാപിതാക്കന്മാരുടെ ജീവിതകാലത്തു് ഭാഗം അനുവദിക്കപ്പെടുന്നില്ല. വലിയ കുരുപ്പു തീററിക്കാരനും മദ്യപാനിയും ദുർമ്മാർഗ്ഗിയുമായ അംഗത്തെ കുടുംബത്തിൽ നിന്നും നീക്കുവാൻ കാരണവനധികാരമുണ്ടു്. അത്തരം അംഗങ്ങൾ

യാചകന്മാരായി ജീവിതവൃത്തികഴിക്കുന്നു. പുരുഷൻ ൧൮-ാമത്തെ വയസ്സിലും സ്ത്രീ ൧൬-ാമത്തെ വയസ്സിലും വിവാഹം കഴിക്കപ്പെടുന്നു. ഒരംഗത്തിന് കുടുംബംവിട്ടു ദൂരെ താമസിക്കുന്നതു് സങ്കടകരമാണ്. കുടുംബത്തിൽ സന്താനങ്ങളില്ലെങ്കിൽ ദത്തെടുക്കുന്നതും അപൂൎവമല്ല. മാതാവാണ് കുടുംബകാൎയ്യങ്ങൾ അന്വേഷിക്കുന്നതു്. ചൈനാക്കാരൻ ഇംഗ്ലീഷുകാരനെപ്പോലെ സ്വഗൃഹഭക്തനാണ്.

---

# അദ്ധ്യായം ൧൦.

## മിങ്ങുകളും ചിങ്ങുകളും ൧൩൬൮—൧൯൧൧

മംഗോളിയരുടെ അധികാരം ക്ഷയിച്ച ൧൪-ാം ശതാബ്ദത്തിന്റെ പ്രഥമാൎദ്ധത്തിൽ ചൈനീസ് ചരിത്രത്തിനു മാററം വരുത്തുന്ന ഒരാൾ ജനിച്ചിരുന്നു. അദ്ദേഹത്തിന്റെ പേർ ചൂയ്യൂയാൻചങ്ങ് എന്നാണ്. അദ്ദേഹത്തിന്റെ ൧൭-ാമത്തെ വയസ്സിൽ മാതാപിതാക്കന്മാരും ജ്യേഷ്ഠസഹോദരനും നിൎയ്യാതരായിരുന്നു. അവർ ക്ഷാമം കൊണ്ടാണ് മരിച്ചത്. അവരെ സംസ്കരിക്കുവാൻ പോലും പണമില്ലാത്തതിനാൽ അവരുടെ ശവശരീരങ്ങൾ അയാൾ വയ്ക്കോലിനിടയിൽ മറച്ചുവെച്ചു. ശവപ്പെട്ടി വാങ്ങിക്കുവാൻ പോലും അയാൾക്ക് പണമുണ്ടായിരുന്നില്ല. അയാൾ മററു മാൎഗ്ഗമില്ലാത്തതിനാൽ ഒരു ബുദ്ധമതപുരോഹിതനാകുവാൻ ശ്രമിച്ചു. ക്ഷാമകാലത്ത് ശിഷ്യന്മാരെ തീററിപ്പോററാൻ പണമില്ലാത്തതിനാൽ പുരോഹിതന്മാർ ശിഷ്യന്മാരെ ത്യജിച്ചു. തദനന്തരം ഈ യുവാവ് തന്റെ മാതുലന്റെ നേതൃത്വത്തിലുള്ള ഒരു പടയാളി സംഘത്തിൽ ചേർന്നു. ക്രമേണ അയാൾ ആ സംഘത്തിന്റെ നേതാവാകുകയും പല പ്രാവിൻസുകളും പിടിച്ചടക്കി ചൈനീസു ചക്രവൎത്തിയാകുകയും ചെയ്തു. മിങ്ങ്‌വംശത്തിന്റെ സ്ഥാപകനായ ഇദ്ദേഹം ഹുങ്ങ്‌വൂ എന്ന നാമമെടുക്കുകയും നാങ്കിങ്ങ് ചൈനയുടെ തല

സ്ഥാനമാക്കുകയും ചെയ്തു. അദ്ദേഹം നല്ല പടയാളിയും ഭരണതന്ത്രജ്ഞനും ആണെന്നു പേർ സമ്പാദിച്ചു. അദ്ദേഹം സാഹിത്യപഠനത്തേയും വിദ്യാഭ്യാസത്തേയും പ്രോത്സാഹിപ്പിച്ചിരുന്നു. ഹുങ്ങ്വൂ പരീക്ഷാരീതി പരിഷ്കരിക്കുക, ചൈനാക്കാരുടെ വസ്ത്രരീതി മാററുക, പീനൽകോഡുണ്ടാക്കുക, നാണയങ്ങൾ ക്രമീകരിക്കുക, നികുതി പിരിവു ശരിപ്പെടുത്തുക മുതലായ ഏർപ്പാടുകൾമൂലം ജനപ്രിയനായിത്തീർന്നു. അദ്ദേഹം ബുദ്ധമതത്തിനും താവോമതത്തിനും അംഗീകാരം നൾകി. ഈ ചക്രവർത്തി ൧൩൯൮-ൽ മരിച്ചു. അടുത്ത അവകാശി അദ്ദേഹത്തിൻെറ പൌത്രനായിരുന്നു. പുതിയ ചക്രവർത്തിയുടെ ആദ്യകൃത്യം തൻെറ മാതുലന്മാരുടെ ഉദ്യോഗങ്ങളില്ലാതാക്കുകയായിരുന്നു. ഒരു മാതുലൻ പിണങ്ങി യുദ്ധസന്നദ്ധനായി നാങ്കിങ്ങിൽ പ്രവേശിച്ചു. യുവാവായ ചക്രവർത്തി ഭയപ്പെട്ടോടി. ൧൪൦൨-ൽ ജേതാവായ മാതുലൻ യൂങ്ങ്ലാ എന്നപേരിൽ ചക്രവർത്തി പദം സ്വീകരിച്ചു. അദ്ദേഹം യുദ്ധം ചെയ്യാനും ഭരിക്കാനും സമർത്ഥനായിരുന്നു. ൧൪൨൧-ൽ അദ്ദേഹം തലസ്ഥാനം പീക്കിങ്ങിലേക്കു മാററി.

അദ്ദേഹം ജനബാഹുല്യമുള്ള സ്ഥലങ്ങളിൽ നിന്നും ആളുകളെ വിജനസ്ഥലങ്ങളിൽ മാററിപ്പാർപ്പിക്കുകയും ഒരു പുതിയ പീനൽകോഡുണ്ടാക്കുകയും ജാവാ, സുമാട്രാ, സയാം, സിലോൺ, ജപ്പാൻ, ചെങ്കടൽ മുതലായ സ്ഥലങ്ങളിലേക്ക് പ്രതിപുരുഷന്മാരെ അയക്കുകയും ചെയ്തിരുന്നു. അദ്ദേഹം യോഗ്യന്മാരായ സാഹിത്യകാരന്മാരെ നിയമിച്ച് ചരിത്രം, ഭൂമിശാസ്ത്രം, തത്വജ്ഞാനം, കൺഫ്യൂ

ഷ്യൻ സിദ്ധാന്തം, വൈദ്യം, ജ്യോതിഷം, ബുദ്ധമതം, താ യോമതം, ശില്പകല മുതലായ വിഷയങ്ങളെപ്പററി അസം ഖ്യം ഗ്രന്ഥങ്ങളെഴുതിച്ചു. രണ്ടായിരം പണ്ഡിതന്മാർ ചേ ൎന്ന് അഞ്ചുകൊല്ലം കൊണ്ടു് മൂന്നു കോടി വാക്കുകളുള്ള പതിനോരായിരം ഗ്രന്ഥങ്ങൾ നിൎമ്മിച്ചു. ഈ ഗ്രന്ഥങ്ങൾ അച്ചടിക്കപ്പെട്ടിട്ടില്ല. ചക്രവൎത്തി ഒരു ബുദ്ധമത പക്ഷ പാതിയായിരുന്നു. ബൌദ്ധപുരോഹിതന്മാൎക്കു് വലിയ ഉദ്യോഗങ്ങളും സുഖമായ ഭക്ഷണവും നൾകപ്പെട്ടിരുന്നു.

മിങ്ങ് വംശത്തിന്റെ കാലത്തുള്ള ചീന മൺപാ ത്രങ്ങൾ ലോകപ്രസിദ്ധമായിരുന്നു. അന്നു കലാകാരന്മാ ൎക്കും ചിത്രകാരന്മാൎക്കും ഗവൎമ്മെൻറിൽ നിന്നും നല്ല പ്രോത്സാഹനം ലഭിച്ചിരുന്നു. ൧൬-ാം ശതാബ്ദത്തിന്റെ അവസാനത്തിൽ പോൎട്ടുഗീസുകാർ മക്കാവോ എന്ന സ്ഥ ലത്തു് താവളമടിച്ചു. അന്നുമുതൽ ഈ സ്ഥലത്തിന്റെ ഉടമസ്ഥതയെപ്പററി ചൈനായും പോർട്ടുഗലുമായി തൎക്കം മുണ്ടവിച്ചു. ഇതു് കാൻറണടുത്തുള്ള ഒരു സുഖവാസസ്ഥ ലമാണു്. സെയിൻറ് ഫ്രാൻസിസ് സേവിയർ കിടന്നു് മരിച്ച സാൻസിയൻ ദ്വീപു് ഇതിനടുത്താണു്. അദ്ദേ ഹമായിരുന്നു ചൈനായിലെത്തിയ ആദ്യത്തെ റോമൻകാ തലിക്കു് മിഷ്യനറി. എന്നാൽ ൧൩-ാം ശതാബ്ദത്തിൽ പീക്കിങ്ങിൽ ഒരു റോമൻ കാതലിക്കു് ബിഷപ്പു് പാൎത്തി രുന്നതായും പലരേയും മതപരിവൎത്തനം ചെയ്തിരുന്നതാ യും അറിയുന്നു. ൧൫൮൩-ൽ മാററിയൊ റിക്കി എന്ന സുപ്രസിദ്ധനായ മിഷ്യനറി ചൈനായിലെത്തി. അദ്ദേ ഹം കാൻറണിൽ ആദ്യം പാൎക്കുകയും ൧൬൦൧-ൽ ചക്രവ

ത്തിയുടെ സഹായത്തോടുകൂടി പീക്കിങ്ങിൽ താമസമാക്കു കയുംചെയ്തു. അദ്ദേഹം പഞ്ചാംഗം പരിഷ്കരിക്കുകയും ഭൂമിശാസ്ത്രവും സയൻസും പഠിപ്പിക്കുകയും ബുദ്ധമതത്തെ ആക്ഷേപിക്കുകയും ചെയ്തിരുന്നു. എന്നാൽ കൺഫ്യൂഷ്യാനിസത്തിനെതിരായി അദ്ദേഹം ഒരക്ഷരം പറഞ്ഞിട്ടില്ല. ൧൬൦൫ മുതൽ ചൈനയിൽ ജൂതന്മാരുടെ ഒരു കാളനിയുണ്ടെന്ന് അദ്ദേഹം ധരിച്ചിരുന്നു. അദ്ദേഹത്തിൻെറ എഴുത്തുകുത്തുകളിൽ നിന്നാണ് ചീനസംസ്കാരത്തെപ്പററി ഇദംപ്രഥമമായി പാശ്ചാത്യർക്ക് ഒരു ബോധമുണ്ടായത്. ൧൬൨൫-ൽ മദ്ധ്യചൈനയിലൊരിടത്ത് ഏ. ഡി. ൭൮൧-ലുണ്ടായിട്ടുള്ള ഒരു ശിലാശാസനം കണ്ടുപിടിക്കപ്പെട്ടിരുന്നു. അത് ചൈനീസിലും സിറിയക്കിലുമാണ് എഴുതപ്പെട്ടിരുന്നത്. ഈ ശാസനത്തിൽ ക്രിസ്തുമതത്തിൻെറ ലക്ഷ്യവും ഉദ്ദേശവും വർണ്ണിക്കപ്പെട്ടിരിക്കുന്നു. ൧൩-ാം ശതാബ്ദത്തിൽ നെസ്റ്റോറിയൻ ക്രിസ്ത്യാനികൾ ചൈനയിൽ പാർത്തിരുന്നുവെന്നു മാർക്കോപ്പോളൊ പറയുന്നുണ്ട്.

മിങ്ങ് വംശത്തിലെ ഒടുവിലത്തെ ചക്രവർത്തി ഷണ്ഡന്മാരുടെ ഉപജാപവും നികുതി ഭാരം കൊണ്ടുള്ള ജനക്ഷോഭവും കൊണ്ടു ജനസമ്മതനായിരുന്നില്ല. ജനങ്ങൾ ഇളകി ചക്രവർത്തിയോടു യുദ്ധത്തിനൊരുങ്ങി. ൧൬൪൪-ൽ പീക്കിങ്ങ് ഛിദ്രകാരികളുടെ കൈവശമായി. ചക്രവർത്തി സ്ഥലംവിട്ടോടാതെ മൂത്തപുത്രിയെ കൊല്ലുകയും ചക്രവർത്തിനിയെക്കൊണ്ട് ആത്മഹത്യ ചെയ്യിക്കുകയും മൂന്നുപുത്രന്മാരെ ഒളിപ്പിക്കുകയും ചെയ്തു. പിറെറ ദിവ

സം രാവിലെ ജനങ്ങൾ ആസ്ഥാനമണ്ഡപത്തിൽ കൂടു വാൻ മണിയടിച്ചതിൽ ആരും ഹാജരായില്ല. അദ്ദേഹം കോൾഹില്ലിൽ കയറി തൻെറ വസ്ത്രത്തിൽ അവസാന മായി ഒരു ശാസനമെഴുതി. "ധമ്മം കുറഞ്ഞവരും നിന്ദ്യ ന്മാരുമായ നാം ദൈവത്തിൻെറ വിരോധം സമ്പാദിച്ചു് കഴിഞ്ഞു. എൻെറ മന്ത്രിമാർ എന്നെ ചതിച്ചു. എ നിക്കു് എൻെറ പൂർവ്വന്മാരെ കാണുന്നതിനുപോലും ലജ്ജയാണു്. ഞാൻ തന്നെ എൻെറ കിരീടം എടുത്തു കളഞ്ഞിരിക്കുന്നു. ഞാൻ എൻെറ മുടികൊണ്ടു മുഖം മൂടി ഛിദ്രകാരികളുടെ ഉപദ്രവം ഏൾക്കുവാൻ തയാറാ യിരിക്കുന്നു. എൻെറ ജനങ്ങളിൽ ആരെയും ഉപദ്രവി ക്കരുതു്" ഇത്രയും എഴുതിയശേഷം അദ്ദേഹം തൂങ്ങി ച്ചത്തു. ഒരു ഷണ്ഡനും അദ്ദേഹത്തിൻെറകൂടെ ചത്തു. ഛിദ്രകാരികൾ ചക്രവത്തിയുടേയും ചക്രവത്തിനിയുടേയും ശവശരീരങ്ങൾ ഭക്തിപൂർവ്വം സംസ്കരിച്ചു. ഇങ്ങനെ മിങ്ങ്‌വംശം അവസാനിച്ചു. എന്നാൽ ഛിദ്രകാരികളുടെ നേതാവിനല്ല മാഞ്ചുവംശത്തിനാണു് പിന്നീടു രാജാധി കാരം ലഭിച്ചതു്.

മാഞ്ചുവർഗ്ഗം വിദേശികളാണു്. അവർ സൈനിക ശക്തികൊണ്ടു് ചൈനാ പിടിച്ചടക്കി. ചൈനായുടെ പ്രധാന ഭാഗങ്ങളിലെല്ലാം ടാർട്ടർ പടയാളികളെ ഉറപ്പി ച്ചാണു് അവർ ഭരണം തുടങ്ങിയതു്. ഈ ടാർട്ടറന്മാ രും ചീനന്മാരും തമ്മിൽ വിവാഹം നടപ്പില്ലായിരുന്നു. എന്നാൽ ജേതാക്കളായ ടാർട്ടറന്മാർ ചൈനീസ് ഭാഷ യും സാഹിത്യവും പഠിച്ചു. ചീനസംസ്കാരത്തിനു് അവർ

വിധേയരായി. ഇപ്പോഴും അവരുടെ ഭാഷയായ മാഞ്ചു പീക്കിങ്ങിൽ സംസാരിക്കപ്പെടുന്നു. ചക്രവത്തിമാർ മാഞ്ചു പഠിക്കണമെന്നു് നിർബന്ധമാണു്. ടാട്ടർ പടയാളികൾ വില്ലും അമ്പും ഉപയോഗിച്ചു അസ്ത്രവിദ്യയും പരിശീലിച്ചിരുന്നു.

മാഞ്ചു അല്ലെങ്കിൽ ചിങ്ങ് വംശത്തിൽ ഒമ്പതു ചക്രവത്തിമാരുണ്ടായിരുന്നവരിൽ രണ്ടുപേർ സ്മരണീയന്മാരാണു്. വാങ്ങ്ഷീ ൧൬൬൨ മുതൽ ൬൦ കൊല്ലം രാജ്യഭരണം നടത്തി. അദ്ദേഹം ജസുവിററു് പാതിരിമാരിൽ നിന്നും ശാസ്ത്രീയജ്ഞാനം സമ്പാദിച്ചിരുന്നു. അദ്ദേഹം ഉദാരനായ ഒരു സാഹിത്യപ്രിയനായിരുന്നു. ചൈനായിൽ ആദ്യം ഒരു നിഘണ്ഡു ഉണ്ടാക്കിയതു് അദ്ദേഹത്തിൻെറ നിർദ്ദേശപ്രകാരമാണു്. ഈ നിഘണ്ഡുവിൽ നാല്പതിനായിരം വാക്കുകളും അവയുടെ ഉപയോഗത്തെ സൂചിപ്പിക്കുന്ന പ്രസിദ്ധവചനങ്ങളുമുണ്ടു്. അക്കാലത്തു് ഒരു വിജ്ഞാനഭണ്ഡാരം കൂടി നിമ്മിതമായി. അതിൻെറ ഒരു പകർപ്പു ഇന്നും ബ്രിട്ടീഷ് മ്യൂസിയത്തിലുണ്ടു്. ഇതു് അമ്പതുകൊല്ലം മുമ്പു് അച്ചടിക്കപ്പെട്ടിരിക്കുന്നു.

ചീൻലൂങ്ങ് എന്ന ചക്രവത്തി ൧൭൩൫-ൽ ൨൫-ാമത്തെ വയസ്സിൽ സിംഹാസനാരൂഢനായി. അദ്ദേഹം ഒരു നല്ല ഭരണാധികാരിയും പണ്ഡിതനും സാഹിത്യപ്രിയനമായിരുന്നു. അദ്ദേഹം അനവധി കവിതകൾ രചിച്ചിരുന്നു. അദ്ദേഹത്തിനു കൃസ്ത്യൻ മിഷ്യനറിമാരോടിഷ്ടമില്ലായിരുന്നു. അദ്ദേഹം ക്രിസ്തുമതപ്രചരണത്തെ തടയുകയുണ്ടായി. പത്തുകൊല്ലത്തെ ശാന്തമായ ഭരണത്തിനു

ശേഷം പല യുദ്ധങ്ങളുണ്ടായി. അദ്ദേഹത്തിന്റെ സൈന്യങ്ങൾ നീപ്പാൾ ആക്രമിക്കുകയും ടിബററിൽ രാജാധികാരം സ്ഥാപിക്കുകയും ബമ്മായിൽ നിന്ന് കപ്പം വാങ്ങുകയും ചെയ്തിരുന്നു. കുൾഡ്ജാ കാഷ്ഗാരിയാ ഇവ ചീനസാമ്രാജ്യത്തിലുൾപ്പെടുത്തിയതദ്ദേഹമാണ്. ഫോർമാസായിലെ കലാപങ്ങൾ അദ്ദേഹം ഇല്ലാതാക്കി. അമ്പതുകൊല്ലത്തിനകം സാമ്രാജ്യത്തിലെ ജനസംഖ്യ ഇരട്ടിയായി. ൧൭൫൩-ൽ ഒരു പോർട്ടുഗീസ് സംഘവും ൧൭൯൪-ൽ ഒരു ഡച്ച് സംഘവും പീക്കിങ്ങിലെത്തി. ൧൭൯൫-ൽ അദ്ദേഹത്തിന് ൬൦ വഷത്തെ ഭരണം തികഞ്ഞപ്പോൾ അദ്ദേഹം സ്ഥാനമൊഴിഞ്ഞു മകനെ ചക്രവത്തിയാക്കി.

# അദ്ധ്യായം ൧൧.

## ചൈനാക്കാരും വിദേശികളും.

ചൈനാക്കാർ നന്ദിയുള്ളവരാണ്. ഒരു നന്മ ചെയ്താൽ ചീനൻ മറക്കുകയില്ല. എന്നാൽ അവക്ക് വിദേശികളോട്ട് പൊതുവേ പത്ഥ്യമില്ല. ഒരിക്കൽ ഒരു ഇംഗ്ലീഷ് ഡാക്ടരുടെ ചികിത്സയിലിരുന്ന രോഗി മരിക്കാറായപ്പോൾ ഡാക്ടൎക്ക് നല്ല സംഭാവനകൊടുക്കണമെന്നു മകനേ ഉപദേശിച്ചിരുന്നു. ഈ സംഭാവനയുമായി മകൻ നൂറുമൈൽ സഞ്ചരിച്ചു ബ്രിട്ടീഷ് പ്രതിപുരുഷൻെറ ആഫീസിൽചെന്നു. സംഭാവനയുടെ കൂടെയുണ്ടായിരുന്ന എഴുത്തിൽ എത്രയും ബഹുമാനപ്പെട്ട വലിയ ഇംഗ്ലീഷ് പിശാചിന് എന്നാണ് മേൽവിലാസം വെച്ചിരുന്നതു്. വിദേശികളെ അവർ പിശാചുക്കളെന്ന് വിളിയ്ക്കുന്നു. ചൈനാമാൻെറ ഇഷ്ടനായ വിദേശിയും ഒരു പിശാചാണ്. അനവധി ശതാബ്ദങ്ങളായി ചൈനയും മററു രാജ്യങ്ങളുമായി ബന്ധമുണ്ടായിരുന്നില്ല. പരസമ്പൎക്കത്തിന് മാർഗ്ഗമില്ലാതിരുന്നതിനാൽ മററുള്ളവരുടെ ആദൎശങ്ങളേയും സമ്പ്രദായങ്ങളേയും ബഹുമാനിക്കുവാൻ അവർ പഠിച്ചിട്ടില്ല. യൂറോപ്യൻ വൃത്തികെട്ട മനുഷ്യനാണെന്നാകുന്നു ചൈനാക്കാരൻെറ ബോധം. ചൈനാക്കാരനെപ്പോലെ പ്രതികാരബുദ്ധിയുള്ള ഒരു മനുഷ്യൻ ലോകത്തിലില്ല.

ചൈനാക്കാർ ചാന്ദ്രമാസങ്ങളാണ് കണക്കാക്കുന്നത്. അവക്ക് ഒരാണ്ടിൽ ൧൩ മാസങ്ങളുണ്ട്. വിദേശികൾ ഭൃത്യന്മാക്ക് ൧൨ മാസത്തെ ശമ്പളം കൊടുത്താൽ അവർ സംതൃപ്തരല്ല. ചൈനാക്കാരുടെ ആചാരങ്ങൾ പഠിച്ച് തദനുസരണം ജീവിക്കുന്ന വിദേശികൾക്കവിടെ അസുഖമില്ല. ചീനന്മാക്ക് പ്രത്യേകമായി പല ചടങ്ങുകളും ആചാരങ്ങളുമുണ്ട്. അവരുടെ വീടുകളിലെ നടപടികൾ പ്രത്യേകം പഠിച്ചില്ലെങ്കിൽ വിദേശികൾക്ക് പലപ്പൊഴും അസുഖമുണ്ടാകും.

യൂറോപ്യന്മാർ കച്ചവടത്തിനായി ചൈനായുടെ സമുദ്രതീരപ്രദേശങ്ങളിലെ പ്രധാന സ്ഥലങ്ങൾ കൈവശമാക്കിയിരുന്നു. എന്നാൽ അവർ സാമ്രാജ്യത്തിൻെറ ഉള്ളിലേക്ക് കടക്കുന്നത് ചീനന്മാക്കിഷ്ടമല്ലായിരുന്നു. വിദേശികളുമായുള്ള യുദ്ധങ്ങൾ മൂലം ചൈനാക്കാക്ക് അവമാനകരമായ പല ഉടമ്പടികളുണ്ടായി. ബ്രിട്ടനും ഫ്രാൻസും റഷ്യയും ജപ്പാനും ചൈനായിൽ രാഷ്ട്രീയാധികാരം ചെലുത്തുവാൻ ശ്രമിച്ചു. ഈ വിഷമസ്ഥിതി കണ്ട് അനവധി ചീനയുവാക്കന്മാർ പാശ്ചാത്യദേശങ്ങളിൽ പോയി വിദ്യ സമ്പാദിച്ച് തിരിച്ചു വരികയും ചൈനായുടെ സ്വാതന്ത്ര്യത്തിനററു ശ്രമിക്കുകയും ചെയ്തു. ചൈനായിൽ വിപ്ലവപരമായ ഒരു മാററമുണ്ടാകുന്നതിനുള്ള കാരണം ഈ യുവാക്കന്മാരുടെ ഇടയിൽ പാശ്ചാത്യാദശ്ങ്ങൾ പ്രചരിച്ചതാണ്.

ചൈനായിൽ മിങ്ങ് വംശത്തിൻെറ അനുയായികൾ മാഞ്ചുവർഗ്ഗക്കാരെ ഓടിക്കുവാൻ രഹസ്യസംഘങ്ങൾ

സ്ഥാപിച്ചിരുന്നു. ഈ സംഘങ്ങൾക്ക് പ്രചാരമുണ്ടായിരുന്നത് താഴ്ന്ന വർഗ്ഗക്കാരുടെ ഇടയിലാണു്. ൧൯-ാം ശതാബ്ദത്തിന്റെ രണ്ടാമർദ്ധത്തിൽ ഉൽകൃഷ്ടന്മാരും വിദ്യാസമ്പന്നന്മാരും ഈ സംഘങ്ങളിൽ ചേരാൻ തുടങ്ങി. ചൈനീസ് പ്രജാധിപത്യഭരണത്തിന്റെ പിതാവായ സൺയററ്സെൻ പോലും ഇത്തരം ഒരു സംഘത്തിലെ അംഗമായിരുന്നു. പാശ്ചാത്യർ രാഷ്ട്രീയമായും സാമ്പത്തികമായും ചൈനയെ അടിമത്തനത്തിൽ വെച്ചു കൊണ്ടിരിക്കുന്നതു യുവാക്കന്മാൎക്ക് അസഹ്യമായി തോന്നി. അതുകൊണ്ടു് പാശ്ചാത്യശക്തികളെ പാശ്ചാത്യസമ്പ്രദായങ്ങൾ കൊണ്ടു തോല്പിക്കണമെന്ന് അവർ നിശ്ചയിച്ചു. ജപ്പാന്റെ നേതൃത്വത്തിൽ ഒരു പുതിയ സൈന്യമുണ്ടാകുവാനും ബ്രിട്ടീഷുകാരിലും ജർമ്മൻകാരിലും നിന്ന് പുതിയ ആയുധങ്ങൾ വാങ്ങുവാനും അവർ നിശ്ചയിച്ചു. ബോക്സർ പ്രസ്ഥാനമുണ്ടായതു് വിദേശികളെ നശിപ്പിക്കുവാനാണ്. മാഞ്ചു വംശത്തേയും വിദേശികളേയും ഓടിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി സ്ഥാപിതമായ വിപ്ലവപ്രസ്ഥാനത്തിന് ൧൯൧൧-ൽ അല്പം വിജയമുണ്ടായി. അക്കൊല്ലം മാഞ്ചു വംശം നശിക്കുകയും ചൈനായിൽ ഒരു റിപ്പബ്ളിക്ക് (പ്രജാധിപത്യഭരണം) സ്ഥാപിതമാക്കുകയുംചെയ്തു എന്നാൽ ഈ വിപ്ലവത്തിൽ വേലക്കാരുടേയും കൃഷകരുടേയും താല്പര്യം വിസ്മൃതമായിരുന്നു. ഈ റിപ്പബ്ളിക്കിന്റെ ആദ്യത്തെ പ്രസിഡന്റ് സൺയററ്സെൻ ആയിരുന്നു. എന്നാൽ വിദേശികൾക്ക് ഈ ഭരണസമ്പ്രദായം ഇഷ്ടമല്ലായിരുന്നു. അവരെ തൃപ്തിപ്പെടുത്തുവാൻ രണ്ടാമത്തെ പ്രസിഡന്റായ യുവാൻഷിക്കായ

പരിശ്രമിച്ചിരുന്നു. വിദേശീയ വ്യാപാരികളുടേയും വ്യവസായികളുടേയും ചൂഷണം മൂലം ചൈനാ ദരിദ്രയായിരുന്നതിനാൽ അവിടെ നവീനമായ ഒരു വ്യവസായീകരണം ആരബ്ദമായി. തന്മൂലം സോഷ്യലിസം ചൈനായിൽ പ്രചരിക്കുവാൻ തുടങ്ങി. ജപ്പാൻകാരോടും ചൈനാക്കാക്ക് വിദ്വേഷം വർദ്ധിച്ചു. ൧൯൨൨-ൽ ഈ വിപ്ലവകാരികൾ നാങ്കിങ്ങിൽ ഒരു പുതിയ ഗവമ്മെൻറ് സ്ഥാപിച്ചു.

---

# അദ്ധ്യായം ൧൨.

## ചൈനാക്കാരുടെ ആദൎശമാററം.

പാശ്ചാത്ത്യർ ചൈനയിലേക്ക് കടന്നപ്പോം ചീനന്മാരുടെ ആദൎശങ്ങളിൽ പല മാററങ്ങളും സംഭവിച്ചു. പാശ്ചാത്ത്യരെ അവരുടെ ആയുധംകൊണ്ടു് തന്നെ തോല്പിക്കുവാൻ ചീനന്മാർ അമേരിക്കൻ സ്കൂളുകളിൽ അഭയംപ്രാപിച്ചു. യൂറോപ്പിൽനിന്നും അനവധി കച്ചവടക്കാരും പാതിരിമാരും ഉദ്യോഗസ്ഥന്മാരും ചൈനായിൽ വന്നു് താമസിക്കുകയും ചൈനീസ് വിദ്യാൎത്ഥികൾ പാശ്ചാത്ത്യരാജ്യങ്ങൾ സന്ദൎശിക്കുകയും ചെയ്തതിൻെറ ഫലമായി ചൈനായിലെ പ്രാചീനസംസ്കാരം പാടെ മാറിയിട്ടുണ്ടു്. ഇന്നു ചൈനാക്കാർ ബുദ്ധമതത്തേയോ കൺഫ്യൂഷ്യസിൻെറ സിദ്ധാന്തങ്ങളേയൊ ആദരിക്കുന്നില്ല. മുമ്പിലത്തെപ്പോലെ ശൈശവ വിവാഹമൊ, സദാചാരനിഷ്ഠയൊ ചൈനാക്കാൎക്കില്ലെന്നു തന്നെ പറയാം. സ്ത്രീകൾ സ്വതന്ത്രകളായിരിക്കുന്നു. ചൈനാക്കാർ പഴയതെല്ലാം ഉപേക്ഷിച്ചെങ്കിലും പുത്തനായി.ഒരു മതമൊ തത്വജ്ഞാനമോ സംസ്കാരമോ സ്വീകരിച്ചിട്ടില്ല. അവർ പാശ്ചാത്ത്യവിദ്യാഭ്യാസസമ്പ്രദായം സ്വീകരിച്ചിരിക്കുന്നു. വിദ്യാൎത്ഥികൾക്ക് സാമൎത്ഥ്യമുണ്ടെങ്കിലും സ്വഭാവമഹിമയില്ല.

ചീനന്മാർ പാശ്ചാത്ത്യരുടെ ടെലഫോണും ഗ്രാമഫോണും റേഡിയോയും എയിറോപ്ലെയിനും മററും സ്വീ

കരിച്ചിട്ടുണ്ട്. എന്നാൽ അവക്ക് പാശ്ചാത്യരുടെ മതമോ ധർമ്മമൊ ആവശ്യമില്ല. യൂറോപ്യന്മാരുടെ പല ആശയങ്ങളും ചൈനായിൽ സംക്രമിച്ചിട്ടുണ്ട്. പാശ്ചാത്യ സംസ്കാരം ദേശീയതത്വവും ജനപ്രഭുതത്വവും പ്രചരിപ്പിക്കുകയും പ്രാദേശിക മതങ്ങളെ ഹനിക്കുകയുംചെയ്യുന്നു. ആ സംസ്കാരത്തിൻെറ അടിസ്ഥാനം ക്രിസ്തുമതമാണ്. ഇന്ന് ചൈനായിലെ വലിയ ഉദ്യോഗസ്ഥന്മാരിൽ പലരും ക്രിസ്ത്യാനികളാകുന്നു. റിപ്പബ്ളിക്കിൻെറ സ്ഥാപകനായ സൺയററ്സെന്നും ജനറൽ ചിയാങ്ങ് കൈഷെക്കും ക്രിസ്തുമതം സ്വീകരിച്ചിരുന്നു. ൪൦ കോടി ജനസംഖ്യയുള്ള ചൈനായിൽ ൨൫ ലക്ഷം കത്തോലിക്കരും ൫ ലക്ഷം പ്രോട്ടസ്റ്റൻറ് ക്രിസ്ത്യാനികളുമുണ്ട്. ഒരു ശതാബ്ദത്തിലെ പ്രയത്നഫലമായി കത്തോലിക്കക്ക് ൧൫൦൦൦ പുരോഹിതന്മാരും ൧൨൦൦൦ സ്കൂളുകളും ചൈനായിലുണ്ട്. പ്രോട്ടസ്റ്റൻറുകാർ ൫൦൦൦ മിഷ്യനറിമാരെ ചൈനായിൽ സംരക്ഷിക്കുന്നു. അവർ പ്രതിവർഷം ഒരു കോടി ബൈബിൾ വിതരണം ചെയ്യുന്നുണ്ട്. സ്കൂളുകളും ആശുപത്രികളും മുഖേന ക്രിസ്തുമതം പ്രചരിപ്പിക്കുവാൻ പാതിരിമാർ ഉത്സാഹിക്കുന്നു. കാതലിക്ക് പുരോഹിതന്മാരെ ചൈനയുടെ എല്ലാ ഭാഗങ്ങളിലും കാണാം.

ചൈനാക്കാക്ക് ഏതു് പുതിയ ആശയവും സ്വീകരിക്കുവാനുള്ള സന്നദ്ധതയുണ്ട്. ഒരു ചൈനാക്കാരൻെറമതമേതാണെന്നു തിരിച്ചറിയുവാൻ വിഷമം ആണ്. അവർ കൺഫ്യൂഷ്യസ്സിൻെറ തത്വജ്ഞാനം സ്വീകരിക്കുകയും ബുദ്ധമത വിഗ്രഹത്തിൻെറ മുമ്പിൽ കർപ്പൂരം കത്തിക്കുകയും താവോമതസിദ്ധാന്തപ്രകാരം പിശാചുക്കളെ ഓടി

ക്കുകയും ചെയ്യും. ക്രിസ്തുമതം അവിടെ പ്രസംഗിച്ചാൽ അവർ ക്രിസ്തുമതത്തേയും ഈ മതങ്ങളോട്ട് കൂട്ടിച്ചേക്കും. പാശ്ചാത്യരുടെ ജീവിതരീതി മനസ്സിലാക്കിയിട്ടുള്ള ചൈനാക്കാർ പറയുന്നതു് യൂറോപ്യന്മാർ ക്രിസ്തുമത സിദ്ധാന്തങ്ങളനുസരിച്ച് ജീവിക്കുന്നില്ലെന്നാണു്. സയൻസ് മതത്തെ നശിപ്പിച്ചുകഴിഞ്ഞു.

ചൈനായിലെ അമേരിക്കൻ മിഷ്യനറിമാർ വിപ്ലവപ്രസ്ഥാനത്തെ വളരെ സഹായിച്ചിട്ടുണ്ടു്. ചൈനാക്കാക്ക് ദേശീയത്വമുണ്ടായതു് അവരുടെ രാജ്യാഭിമാനം കണ്ടിട്ടാണു്. മാതൃരാജ്യത്തിൻെറ ആരാധന റോമിലെ പഴയ മതമായിരുന്നു. അതിന്നു് പുരോഹിതന്മാരും ചടങ്ങുകളുമുണ്ടു്. പക്ഷെ ഈ മതം അവിശ്വാസികളെ വെറുതേ വിടുകയില്ല. ഒരു യൂറോപ്യൻെറ ഗൃഹത്തിൽ വെച്ചു് അയാൾക്ക് ദൈവത്തെ നിഷേധിക്കാമെങ്കിലും സ്വരാജ്യത്തെ നിഷേധിക്കുവാൻ വയ്യാ. ഈ നാഷണലിസം (ദേശീയത്വം) ചൈനായിൽ പ്രചരിപ്പിച്ചതു ക്രിസ്ത്യൻ മിഷ്യനറിമാരാണു്. അതു ക്രിസ്തുമതപ്രചരണത്തിന്നു് തടസ്സമായിത്തീൎന്നിരിക്കുന്നു.

ചൈനാക്കാക്ക് ആദശ്ഭേദം വന്നതു് പെട്ടെന്നാണു്. ജപ്പാൻ സാവധാനത്തിലാണു് യൂറോപ്യൻ പരിഷ്കാരങ്ങൾ സ്വീകരിച്ചതു്. അതുകൊണ്ടു് ജപ്പാനിൽ അരാജകത്വമോ അക്രമമോ ഉണ്ടായില്ല. ചൈനായുടെ വിസ്തീൎണ്ണവും രാജാധികാരത്തിൻെറ പരിവൎത്തനവും കൊണ്ടു് റിപ്പബ്ളിക്ക് സ്ഥാപിച്ചതിന്നു് ശേഷമാണു് നാഷനലിസത്തിന്നും യൂറോപ്യൻ പരിഷ്കാരത്തിന്നും പ്രചാരമുണ്ടായതു്.

# അദ്ധ്യായം ൧൩.

## ഇന്നത്തേ ഭരണക്കാർ.

ചൈനായിലെ രാജ്യതന്ത്രജ്ഞന്മാരെ ഇതരരാജ്യങ്ങളിലെ രാജ്യതന്ത്രജ്ഞന്മാരുമായി താരതമ്യപ്പെടുത്തുന്നതു് ശരിയല്ല. ബ്രിട്ടനിലും ഫ്രാൻസിലും ചൈനായിലുമുള്ള പ്രശ്നങ്ങൾ വിഭിന്നമാണു്. ചൈനാ ഒരു ഭൂഖണ്ഡമാകുന്നു. അതിനെ യൂറോപ്പുമായിട്ടാണു് താരതമ്യപ്പെടുത്തേണ്ടതു്. സർവ്വരാജ്യസഖ്യസമ്മേളനത്തിൽ മിക്ക രാജ്യങ്ങളിലേയും പ്രതിനിധികൾ പങ്കുകൊള്ളുന്നു. ചൈനീസ് പ്രതിനിധികൾ ബുദ്ധിയിലോ സ്വഭാവത്തിലോ മററുള്ളവരേക്കാൾ താഴെയല്ല. ചൈനീസ് നേതാക്കന്മാൎക്കു് ജപ്പാൻെറ ആക്രമണത്തെയും ആഭ്യന്തരകലഹത്തേയും തടുക്കേണ്ടിയിരിക്കുന്നു. അവരുടെ ഭരണക്രമം തന്നെ വികലമാണു്.

ചൈനീസ് പരിഷ്കൎത്താക്കൾ സ്വേച്ഛാധികാരം ഇല്ലാതാക്കുവാനുള്ള മുൻകരുതലുകൾ ചെയ്തിരുന്നു. എന്നാൽ ഈ മുൻകരുതലുകൾ മൂലം സേനാനായകന്മാൎക്കു പ്രാമാണ്യം സിദ്ധിച്ചു. കമ്മിററിയും ദീൎഘമായ വാദപ്രതിവാദവുംകൂടാതെ ചീനന്മാൎക്കു് ഒന്നും ചെയ്യുവാൻ വയ്യാ. ഒരു കമ്മിററിയെ ഏല്പിച്ചാൽ ഒരു കാൎയ്യവും നേരെ നടക്കുകയില്ല. ആയിരം താക്കോലുള്ള ഒരറയാണു്.ചൈനീസ് ഗവൎമ്മെൻറ്. ഒരാൾക്കു് തനിച്ചു് ഒന്നും ചെയ്യു

വാൻ ശക്തിയില്ല. ഗവൎമ്മെൻറ് വളരെ മന്ദമായിട്ടാണ് ചലിക്കുന്നതു്. ഈ വൈഷമ്യം മനസ്സിലാക്കിയിട്ടും ഒരു ഏകാധിപതിയെ നിയമിക്കുവാൻ അവർ തയ്യാറില്ല. ചൈനായിലെ ഭരണം ചിയാങ്ങ് കൈഷെക്ക്, വാങ്ങ് ചിങ്ങ് വെയി, ടി. വി. സൂങ്ങ് എന്നീ മൂന്നു പേരടങ്ങിയ ഒരു കമ്മിററിയെ ഏല്പിക്കുവാൻ ഒടുവിൽ ജനങ്ങൾ സമ്മതിച്ചു. ലോകർ ചിയാങ്ങ് കൈഷെക്കിൻെറ പേരാണധികം കേൾക്കുന്നതു്. ചൈനായിൽ നടക്കുന്ന എല്ലാററിനും ഉത്തരവാദി അദ്ദേഹമാണെന്ന് ലോകം വിധിക്കുന്നു. അദ്ദേഹം സേനാനായകനാണ്. അദ്ദേഹത്തോടാലോചിക്കാതെ ആൎക്കും ഒന്നും ചെയ്യുവാൻ വയ്യാ. മററു രണ്ടുപേരും അദ്ദേഹത്തെ വകവെയ്ക്കാതെ നിവൃത്തിയില്ല. അദ്ദേഹത്തിനധികാരമുണ്ട്. എന്നാൽ പൊതുജനാഭിപ്രായം മററു രണ്ടുപേരുടേയും നിയന്ത്രണത്തിലാകുന്നു. വാങ്ങ്ചിങ്ങ് വെയി വിപ്ലവപ്രസ്ഥാനത്തിൻെറ നേതാവാണ്. വ്യാപാരികളേയും വ്യവസായികളേയും ടി. വി. സൂങ്ങ് പ്രതിനിധീകരിക്കുന്നു. ഈ ത്രിമൂൎത്തികളിൽ സൈനികശക്തിയുള്ളവന് പ്രാബല്യം കൂടും. എന്നാൽ രാഷ്ട്രീയവും സാമ്പത്തികവുമായ വശങ്ങളെ വിഗണിക്കുവാനും നിവൃത്തിയില്ല.

ചിയാങ്ങ്കൈഷെക്ക് ഒരു സാധാരണ ചൈനാക്കാരനാണ്. അദ്ദേഹം ജനങ്ങളുടെ ആളാകുന്നു. അദ്ദേഹം ആദ്യം ഒരു പഞ്ഞിക്കച്ചവടക്കാരനായിരുന്നു. തദനന്തരം അദ്ദേഹം സൺയററ്സെന്നിൻെറ സെക്രട്ടരിയായി. അദ്ദേഹം ജപ്പാനിലും റഷ്യയിലും പോയി സൈന്യപരിശീലനം നടത്തിയിരുന്നു. അദ്ദേഹം ഒരു പടയാളിയും

രാജ്യതന്ത്രജ്ഞനമായിരുന്നു. അദ്ദേഹം കീത്തി മോഹി ക്കുന്ന ഒരാളല്ല. അധികാരം വേണമെന്നല്ലാതെ അദ്ദേ ഹം പ്രശസ്തി കാംക്ഷിക്കുന്നില്ല. അദ്ദേഹം വങ്ങിൻെറ കീഴിലാണ്. ജനറൽ ചിയാങ്ങ് തലസ്ഥാനനഗരിയിൽ താമസമേയില്ല. കമ്മ്യൂണിസ്ററുകളുമായുള്ള യുദ്ധത്തിനു അദ്ദേഹം സദാ ജാഗരൂകനാണ്. അത്യാവശ്യകാര്യ്യങ്ങ ളെപ്പററിയാലോചിക്കുവാൻ വാങ്ങ് അദ്ദേഹമിരിക്കുന്നി ടത്തു് ചെല്ലുന്നു.

ദേശീയവിപ്ലവം തുടങ്ങിയപ്പോൾ അതിൻെറ പ്രാ തിനിദ്ധ്യം വഹിക്കുന്ന കുവോമിൻറാങ്ങ് എന്ന സംഘട ന കമ്മ്യൂണിസം ഇഷ്ടപ്പെട്ടിരുന്നു. സൺയററ്സെൻ റഷ്യയുടെ സഹായമാവശ്യപ്പെടുകയും ബൊറോഡിനെ ഉപദേഷ്ടാവായി സ്വീകരിക്കുകയും ചെയ്തു. ചിയാങ്ങ് കൈഷെക്ക് സേനാനായകനായതു് കമ്മ്യൂണിസ്ററുക ളുടെ സഹായത്തോടുകൂടിയാണ്. എന്നാൽ ചൈനാ യെ റഷ്യയുടെ അടിമയാക്കുവാൻ അദ്ദേഹം ഇഷ്ടപ്പെട്ടി രുന്നില്ല. തന്മൂലം അദ്ദേഹവും കമ്മ്യൂണിസ്ററുകളുമാ യി പിണങ്ങേണ്ടതായിവന്നു. ഇന്നു് ചൈനീസ് ഗവ ൺമെൻറ് ബോൾഷെവിസത്തെ എതിക്കുന്നു. ഇക്കാര ണത്താൽ അദ്ദേഹത്തിനു് പൂവ്വസ്നേഹിതന്മാരുമായി പി ണങ്ങേണ്ടതായി വന്നിട്ടുണ്ടു്. അദ്ദേഹം ജപ്പാൻകാൎക്ക് വിപരീതിയല്ല. ശക്തിമാന്മാരായ ജപ്പാൻകാരോടു് ഇ പ്പോൾ പിണങ്ങുന്നതു ആപൽക്കരമാണെന്നു് അദ്ദേഹ ത്തിനു് തോന്നിയിട്ടുണ്ടു്. ജപ്പാൻകാർ ചൈനാ ആക്ര മിച്ചാൽ അവർ ചൈനീസ് സംസ്കാരത്തിൽ ലയിച്ചു പോകുമെന്നാണ് ചീനന്മാരുടെ വിശ്വാസം.

ജനറൽ ചിയാങ്ങ് കൈഷക്ക് വിവാഹം ചെയ്തിരിക്കുന്നതു് ചൈനായിൽ അത്യന്തം പ്രാബല്യമുള്ള സൂങ്ങ് കുടുംബത്തിൽ നിന്നാകുന്നു. സൂങ്ങ് കുടുംബാംഗങ്ങൾ ക്രിസ്ത്യാനികളാകുന്നു. ഒരദ്ധ്യാപകനായ സൂങ്ങിൻെറ ഒരു പുത്രൻ ധനകാര്യമന്ത്രിയാണ്. അദ്ദേഹത്തിൻെറ മൂന്നു പുത്രിമാർ പ്രസിദ്ധ രാജ്യതന്ത്രജ്ഞന്മാരുടെ ഭാര്യമാരാകുന്നു. ചൈനീസ് സ്ത്രീകൾ ഇപ്പോൾ അമേരിക്കൻ വനിതകളെ അനുകരിച്ചു് ജീവിക്കുന്നവരാണ്. ഈ അദ്ധ്യാപകൻെറ ഇളയമകളാണ് ചിയാങ്ങിൻെറ ഭാര്യ. ഭാര്യയാണ് ഭർത്താവിൻെറ സെക്രട്ടറിയും ദ്വിഭാഷിയും. ജനറലിന് ചൈനീസു ഭാഷ മാത്രമേ വശമുള്ളു. ഭാര്യ ഭർത്താവിനെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തിരിക്കുന്നു.

ധനകാര്യ മന്ത്രിയായ ടി. വി. സൂങ്ങിൻെറ സഹോദരിയാണ് മിസ്സസ്സ് ചിയാങ്ങ് കൈഷെക്ക്. ടി. വി. സൂങ്ങ് ഒരു അമേരിക്കൻെറ സംസ്കാരമുള്ളയാളാണ്. അദ്ദേഹം അമേരിക്കയിലും ഇംഗ്ലണ്ടിലും മററും പോയി പഠിച്ചിട്ടുള്ള ആളാകുന്നു. അദ്ദേഹം സത്യസന്ധനും ഋജുബുദ്ധിയും ആകുന്നു. സൂങ്ങ് ഒരു തികഞ്ഞ ദേശഭക്തനാകുന്നു. ജപ്പാനോടു വേണമെങ്കിൽ ഒരു മഹായുദ്ധം നടത്തണമെന്നാണ് സൂങ്ങ് പറയുന്നതു്. അദ്ദേഹം കുട്ടികളെ വളരെ ഇഷ്ടപ്പെടുന്നു. സൌകര്യമുള്ളപ്പോഴെല്ലാം ഇംഗ്ലീഷു കവിതയെഴുതുകയാണ് അദ്ദേഹത്തിൻെറ ഒരു വിനോദം.

ചൈനായ്ക്കു് നേരിട്ടുള്ള റവന്യു കുറവാണ്. ആദായം കിട്ടുന്നതു് ചുങ്കത്തിൽ നിന്നാകുന്നു. മഞ്ചൂറിയായി

ലെ ചുങ്കവും ഉല്പന്നികുതിയും ജപ്പാൻകാർ അപഹരിച്ചു ശേഷം ചൈനായുടെ സാമ്പത്തികമായ ക്ഷീണം തട്ടിയിട്ടുണ്ട്. ചൈനായും ജപ്പാനും തമ്മിൽ യുദ്ധം നടക്കുകയും ആഭ്യന്തരകലഹങ്ങൾ സ്റ്റേററിനെ ദുർബ്ബലപ്പെടുത്തുകയും ചെയ്തിരുന്നിട്ടും സൂങ്ങ്, ഷാങ്ങ് ഹെയിയിലെ ബാങ്കറന്മാരുടെ സഹായം കൊണ്ട് സാമ്പത്തിക കാര്യങ്ങളിൽ വിജയപൂർവ്വം പ്രവർത്തിക്കുവാൻ ശക്തനാണ്. സൂങ്ങ് മററുകാര്യങ്ങളിൽ ബദ്ധശ്രദ്ധനായിരിക്കുമ്പോൾ ധനകാര്യ മന്ത്രിയുടെ ജോലികൾ നോക്കുന്നതു് അദ്ദേഹത്തിന്റെ സ്യാലനായ എച്ച്. എച്ച്. കുങ്ങ് ആകുന്നു. ചൈനാ സെൻട്രൽ ബാങ്കിന്റെ മേധാവി കുങ്ങ് ആണ്.

വാങ്ങ് ചിങ്ങ് വെയി ഒന്നാംതരം വാഗ്മിയും സാഹിത്യകാരനും എഴുത്തുകാരനുമാകുന്നു. അദ്ദേഹത്തിന്റെ ശരീരത്തിന് സ്ത്രൈണമായ മാർദ്ദവമുണ്ട്. ഈ പ്രധാന മന്ത്രിയെ ഭരിക്കുന്നതു് അദ്ദേഹത്തിന്റെ ഭാര്യയാണ്. വാങ്ങിന് ഫ്രഞ്ചു ഭാഷയറിയാമെങ്കിലും അദ്ദേഹം മിക്കവാറും സംസാരിക്കുന്നതു ചൈനീസ് ഭാഷയിലാണ്. പുനസ്സംഘടനകൊണ്ട് ഐകമത്യം സ്ഥാപിക്കണമെന്നാണ് വങ്ങിന്റെ സിദ്ധാന്തം. സാമ്പത്തികമായ അഭിവൃദ്ധിമൂലമല്ലാതെ സൈനികശക്തി കൊണ്ട് ചൈനായെ ഏകീകരിക്കുവാൻ പ്രയാസമാണെന്ന് അദ്ദേഹം വിശ്വസിക്കുന്നു. ആഭ്യന്തരമായ അഭിവൃദ്ധിയെ ലക്ഷ്യമാക്കി ജപ്പാൻകാരുമായുള്ള മത്സരം നിറുത്തണമെന്നു കൂടി വാങ്ങ് വിചാരിക്കുന്നു.

ഈ ത്രിമൂർത്തികൾ എപ്പൊഴും യോജിച്ചുവെന്നു വ രികയില്ല. ജനറൽ ചിയാങ്ങ് കൈഷെക്കിൻെറ ഉദ്ദേശം പട്ടാളം പരിഷ്ക്കരിക്കണമെന്നായിരിക്കും. ടി. വി. സൂങ്ങിന് സാമ്പത്തികാഭിവൃദ്ധിയിലായിരിക്കും ശ്രദ്ധ. അതു കൊണ്ടു് അവർ തമ്മിൽ പലപ്പോഴും വിയോജിക്കും. സൂങ്ങ് മിക്കപ്പോഴും ഉദ്യോഗം രാജി കൊടുക്കുകയും രാജി പിൻവലിക്കുകയും ചെയ്യാറുണ്ടു്. ജനറലിൻെറ പട്ടാളത്തിന് പണം വേണമെങ്കിൽ സൂങ്ങ് ധനകാര്യദർശിയായിരിക്കണം. രാജ്യത്തിൽ സമാധാനം കൂടാതെ സാമ്പത്തികാഭിവൃദ്ധിയുണ്ടായിരിക്കുകയില്ല. അതുകൊണ്ടു് അവർ തമ്മിൽ പിണങ്ങിയാലും വേഗം യോജിക്കും. രാജ്യത്തിലെ രാഷ്ട്രീയ സ്ഥിതികളെ നിയന്ത്രിക്കുന്നതു് വാങ്ങ് ചിങ്ങ് വെയി ആണ്. ജനറലിന് ഒരു സ്വേച്ഛാധികാരിയായാൽ കൊള്ളാമെന്ന് മോഹമുണ്ടെങ്കിലും അതു് ചൈനായുടെ ഇന്നത്തെ സ്ഥിതിക്ക് സാദ്ധ്യമല്ലെന്ന് അദ്ദേഹത്തിന് ബോദ്ധ്യമാണ്. ഇവർ മൂന്നു പേരും സ്വേച്ഛാധികാരികളാണോ എന്ന് വിദേശികൾ സംശയിക്കുന്നു.

---

# അദ്ധ്യായം ൧൪.

## ചൈനായിലെ പ്രശ്നം.

ചൈനാ ഒരു നവീന പരിഷ്കാരത്തിന്റെ ശൃംഖലകളിൽ കുടുങ്ങിയിരിക്കുകയാണ്. അലക്സാണ്ടർ ഗ്രീക്ക് സംസ്കാരം ഏഷ്യയിൽ പ്രചരിപ്പിച്ചപ്പോഴും, റോമും അക്രിസ്ത്യാനികളുമായി സമ്മേളിച്ചപ്പോഴും യൂറോപ്പ് അമേരിക്കയെ ആക്രമിച്ചപ്പൊഴും യൂറോപ്പിൽ ഒരു നവീനസംസ്കാരം ഉദിച്ചപ്പോഴും ഉണ്ടായിരുന്ന ഒരവസ്ഥയാണ് പാശ്ചാത്യ സംസ്കാരം ചൈനായിൽ സംക്രമിച്ചപ്പോഴുണ്ടായിരിക്കുന്നത്. മററു രാജ്യങ്ങളിലും ഈ സ്ഥിതി അല്പസ്വല്പം കാണുന്നുണ്ട്. ടൎക്കിയുടെ സ്ഥിതിയും ഇതുപോലെയായിരുന്നു. ടൎക്കിക്ക് യൂറോപ്പുമായി വളരെക്കാലത്തേ അടുത്ത ബന്ധമുണ്ട്. ചൈനാ പാശ്ചാത്യ പരിഷ്കാരത്തിന് വിധേയയായത് ഈയിടെയാണ്. ടൎക്കിയിലെ ഉഭയസംസ്കാരങ്ങൾക്കും ഒരേ ഉൽപ്പത്തിയും പ്രകൃതിയുമുണ്ട്. ചൈനായിലാകട്ടെ ഈ സംസ്കാരങ്ങൾ തമ്മിൽ യാതൊരു സാദൃശ്യവുമില്ല. ടൎക്കിയിലെ ഒരു കോടി നാല്പതു ലക്ഷം ജനങ്ങൾ ഒരു ഭാഷ സംസാരിക്കുന്നു. ആ രാജ്യത്തിന്റെ ഏതു ഭാഗത്തും ഒരാഴ്ച കൊണ്ടെത്താം. ചൈനായിൽ ൪൦ കോടി ജനങ്ങളുണ്ടെന്നു മാത്രമല്ല, രാജ്യമദ്ധ്യത്തു് നിന്നു് ഒററത്തെത്തുവാൻ പല മാസങ്ങൾ വേണം. യൂറോപ്യൻ യുദ്ധാനന്തരം

അന്യരുടെ സഹായമോ ഇടപാടോ ഉപദ്രവമോ കൂടാതെ ടക്കിക്ക് സ്വന്തകാൎയ്യങ്ങൾ ശരിപ്പെടുത്തുവാൻ സാധിച്ചു. ചൈനായുടെ പുരോഗമനത്തെ തടുക്കുവാൻ ജപ്പാൻ ഉററു ശ്രമിക്കുന്നു.

ഈ നവീന സംസ്കാരം ചൈനായിൽ എല്ലായിടത്തും പ്രചരിച്ചിട്ടില്ല. യൂറോപ്പിൽ വ്യാവസായികവിപ്ലവമുണ്ടായപ്പോൾ എന്തെല്ലാം വൈഷമ്യങ്ങളുണ്ടായി എന്നു ചരിത്രം ഘോഷിക്കുന്നു. എന്നാൽ യൂറോപ്പിനു് പാരമ്പൎയ്യങ്ങളെ പെട്ടെന്നുപേക്ഷിക്കേണ്ടതായി വന്നില്ല. ചൈനാക്കാൎക്ക് അവരുടെ സകല പാരമ്പൎയ്യങ്ങളേയും ത്യജിച്ചല്ലാതെ പാശ്ചാത്യ പരിഷ്കാരത്തെ മുഴുവൻ സ്വീകരിക്കുവാൻ പ്രയാസമാണു്.

പാശ്ചാത്യപരിഷ്കാരം പ്രയത്നത്തെ ബഹുമാനിക്കുന്നു. വലിയ കാൎയ്യങ്ങൾ ചെയ്തിട്ടുള്ളവരേയും ആദൎശങ്ങൾക്കുവേണ്ടി കഷ്ടത സഹിച്ചിട്ടുള്ളവരേയും വീരന്മാരേയും രക്തസാക്ഷികളേയും യൂറോപ്യന്മാർ ആദരിക്കുന്നു. ചൈനാക്കാർ പ്രയത്നത്തിൽ സുഖിക്കുന്നവരല്ല. ബുദ്ധമതവും കൺഫ്യൂഷ്യാനിസവും കഷ്ടതകൾ സഹിക്കുകയും മരിക്കുകയും ചെയ്യാനാണുപദേശിക്കുന്നതു്. ചീനൻ വീരപ്രവൃത്തികളെ വരിക്കുന്നില്ല. മത്സരിക്കുന്നതിനും യുദ്ധം ചെയ്യുന്നതിനും ചൈനാക്കാരൻ ഇഷ്ടപ്പെടുന്നില്ല. ശാന്തിയാണു് അവൻെറ ആദൎശം. അവൻ സമാധാനം കാംക്ഷിക്കുന്നു. യൂറോപ്യൻ നേർവഴി ഇഷ്ടപ്പെടുന്നു. ചൈനാക്കാരനു വളഞ്ഞ വഴിയാണിഷ്ടം. പിശാചുക്കൾ നേർവഴി പോകുന്നുവെന്നു അവൻ വിശ്വസിക്കുന്നു. അതുകൊണ്ടു് ചീനനു് യൂറോപ്യൻെറ മനസ്ഥിതി കിട്ടുവാൻ

വളരെ കാലതാമസമുണ്ടാകും. വിസ്തൃതമായ രാജ്യം, ഭിന്നഭാഷകൾ, ഭിന്നാചാരങ്ങൾ, ഗതാഗത സൌകൎയ്യങ്ങളുടെ കുറവ് ഇവ ചൈനായിൽ നവീനസംസ്കാരം പ്രചരിക്കുവാൻ വിഘ്നമുണ്ടാക്കുന്നു.

ഈ നൂതന സംസ്കൃതി ചൈനായെ ആക്രമിച്ചതു പെട്ടെന്നാകുന്നു. അതിൻെറ മന്ദമായ പ്രചാരത്തിന് സമയമുണ്ടായിരുന്നുവെങ്കിൽ ചൈനാക്കാരന് ഒരു പ്രയാസവുമുണ്ടാകയില്ല. അനവധി ശതാബ്ദങ്ങളിലെ സംസ്കാരം ൨൦ കൊല്ലം കൊണ്ട് മാററുവാൻ തുടങ്ങിയാൽ കലാപവും അക്രമവുമുണ്ടാകുന്നതത്ഭുതമല്ല. പാശ്ചാത്യപരിഷ്കാരം ചൈനായെ ആക്രമിച്ചപ്പോൾ അതിനെ ക്രമീകരിക്കുവാൻ ഒരു രാജവംശമുണ്ടായിരുന്നില്ല. ൧൯൧൧-ൽ അവിടത്തെ ദേശീയവാദികൾ ചക്രവൎത്തിയെ നിഷ്കാസനം ചെയ്തു് പ്രജാധിപത്യം സ്ഥാപിച്ചു. രാജ്യഭരണം മുഴുവൻ സൈനികനേതാക്കന്മാരുടെ കൈവശമായി. ൧൯൨൭-ൽ നടന്ന വിപ്ലവം സേനാനായകന്മാരെ സേച്ഛാധികാരികളാക്കി.

സൈന്യത്തെ എങ്ങിനെ നിയന്ത്രിക്കണമെന്നും പാരമാൎത്ഥികമായ ഭരണം എങ്ങിനെ നടത്തണമെന്നുമുള്ളതാണ് ചൈനായിലെ വിഷമപ്പെട്ട രണ്ടു പ്രശ്നങ്ങൾ. രാജ്യം മുഴുവൻ ദേശീയതത്വവും ദേശസ്നേഹവും പ്രചരിക്കാതെ സേനാനികളുടെ ശക്തിയ്ക്കു് കുറവു വരികയില്ല. ഉദ്യോഗസ്ഥന്മാൎക്ക് നേരെ ശമ്പളം കൊടുക്കുകയും പബ്ലിക്ക് സർവീസിനെ പരിശുദ്ധമാക്കിവെക്കുകയും ചെയ്യാതെ പരമാൎത്ഥമായ ഭരണമുണ്ടാകയില്ല. നികുതി

യിൽ നിന്നും ആദായം കിട്ടാതെ ഉദ്യോഗസ്ഥന്മാക്ക് ശമ്പളം കൊടുക്കുവാൻ പ്രയാസമാകുന്നു. നേതാക്കന്മാരും ജനസഞ്ചയവുമായി സമ്പക്കം കുറവാണു്. ചൈനായിൽ പാരമ്പര്യമായ പ്രഭുത്വത്തിനു് സ്ഥാനമില്ല. അവർ വിദ്യയെ അടിസ്ഥാനമാക്കിയുള്ള പ്രഭുത്വത്തെയാണു് മാനിച്ചിരുന്നതു്. വിപ്ലവത്തിനുശേഷം പാശ്ചാത്യ വിദ്യാഭ്യാസമുള്ളവക്ക് മാത്രമേ രാജ്യത്തിൽ സ്ഥാനമുള്ളൂ. അവർ ഓക്സ്ഫോർഡിലേയോ ഹാർവാർഡിലേയോ ഭാഷ സംസാരിക്കുന്നു. ഭൂരി പക്ഷം ജനതതിക്കും അജ്ഞാതമായ ഭാഷയാണു് അവർ സംസാരിക്കുന്നതു്. അവക്ക് പഴയ കുടുംബമര്യാദകളിൽ തന്നെ ഇഷ്ടമില്ലാതായിരിക്കുന്നു.

ജപ്പാൻകാർ ചൈനായുടെ ഏകീകരണത്തിനു സമ്മതിക്കുകയില്ല. ഹോപ്പയിലെ ഗവണ്ണർടീൻസ്റ്റിനിൽ വെച്ചുചെയ്ത ഒരു പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "ജപ്പാൻകാർ ചൈനായുടെ നാലു പ്രാവിൻസുകൾ കൈവശപ്പെടുത്തിയിരിക്കുന്നുവെന്നുള്ളതു് ചൈനാക്കാർ മറക്കുകയില്ല. ഈ പ്രാവിൻസുകളെ അവക്ക് സുഖമായി ഭരിക്കുവാനും സാധിക്കുകയില്ല. ഫ്രാൻസും ജമ്മനിയുമെന്നപോലെ ചൈനായും ജപ്പാനുമായി നിരന്തരമത്സരമുണ്ടു്. ഈ മത്സരം തീരുവാൻ കുറെക്കാലം ചെല്ലും. നമ്മുടെ ഒന്നാമത്തെ കൃത്യം ഭരണത്തെ ശുദ്ധീകരിക്കുകയാണു്. നമുക്കു് സംഘടനയുണ്ടായാൽ ജപ്പാന്റെ മത്സരം വകവെയ്ക്കാനില്ല. അതുകൊണ്ടാണു് നമ്മുടെ സംഘടനയ്ക്കു വിജയമുണ്ടാകാതിരിക്കുവാൻ

ജപ്പാൻകാർ ഉദ്യമിക്കുന്നതു്" ചൈനായിലെ ആഭ്യന്തരകലഹങ്ങൾക്കു് കാരണഭൂതന്മാർ ജപ്പാൻകാരാകുന്നു. അവിടത്തെ ഛിദ്രകാരികൾക്കു് ആയുധങ്ങൾ വാങ്ങിക്കൊടുക്കുന്നതു് ജപ്പാൻകാരാണു്. ചൈനയിലെ കവച്ചക്കാക്കും ചില സേനാനായകന്മാക്കും ജപ്പാൻ പണം കൊടുക്കുന്നു. സിങ്കിയാങ്ങിലെ ഛിദ്രകാരികളെ സഹായിക്കുവാൻ ടോക്കിയോവിൽ ഒരു സംഘടനയുണ്ടു്. ജപ്പാൻകാർ വഴക്കുണ്ടാക്കുന്നതിനായി ടക്കിവരെ ഏജൻറന്മാരെ അയക്കുന്നു.

ചൈനായിലെ യുവാക്കന്മാരെ ലഹരിപദാൎത്ഥങ്ങൾ തീററി മയക്കുവാനും ജപ്പാൻ ശ്രമിക്കാതിരിക്കുന്നില്ല. ബ്രിട്ടനിലെ എല്ലാത്തുറമുഖങ്ങളിലും ഇറക്കുമതി ചെയ്യുന്നതിൽ മന്നു ഇരട്ടി ലഹരി പദാൎത്ഥങ്ങൾ ചൈനായിലെഡ്ഡാരിയൻ തുറമുഖത്തു് ഇറക്കുമതി ചെയ്യപ്പെടുന്നു.

ചൈനായെപ്പററി ദുഷ്പ്രവാദങ്ങൾ സർവത്ര പരത്തിയിട്ടുള്ളതിനാൽ ഒരു യൂറോപ്യൻ രാജ്യവും ചൈനായ്ക്കു പണം കടം കൊടുക്കുകയില്ല. ചൈനായിൽ നടക്കുന്ന നിസ്സാര കാൎയ്യങ്ങൾ പോലും അവർ ലോകം മുഴുവൻ കമ്പി മൂലം പ്രചരിപ്പിക്കുന്നു. ജപ്പാൻകാരുടെ ഈ പ്രചരണവേലയെ തടുക്കുവാൻ ചൈനാക്കാൎക്കു് സാധിച്ചിട്ടില്ല. ചൈനായിലെ കേന്ദ്ര ഗവമ്മെൻറിനു് ശക്തിയില്ലെന്നും, ആഭ്യന്തര കലഹം നിത്യമാണെന്നും, കൃഷകന്മാരുടേയും വേലക്കാരുടേയും സ്ഥിതി മോശമാണെന്നും, സാംക്രമിക രോഗങ്ങൾ നിവാരണം ചെയ്യപ്പെടുന്നില്ലെന്നും അവിടെ നികുതിഭാരം അസഹ്യമാണെന്നും മററും നാം കേൾക്കുന്നതു് മുഴുവൻ ശരിയല്ല.

ചൈനായിൽ പൊതുജനാഭിപ്രായത്തിന് ശക്തി വദ്ധിച്ചിരിക്കുന്നു. കൂലിക്കാരും ഗ്രാമവാസികളും വത്തമാനപ്പത്രങ്ങൾ വായിക്കുന്നുണ്ട്. ജനങ്ങൾ ആഭ്യന്തര കലഹങ്ങൾക്കെതിരാണ്. ഫെങ്ങ്യുഷിയാങ്ങ് ഒരു ആഭ്യന്തര യുദ്ധത്തിനു ശ്രമിച്ചതിൽ അതു് ഫലപ്പെടാഞ്ഞതു് പൊതുജനാഭിപ്രായത്തിൻെറ ശക്തി കൊണ്ടാണ്. ൧൯൨൧-ൽ ചിയാങ്ങ് കൈഷെക്ക്തൻെറ എതിരാളികൾക്ക് ഭരണം ഒഴിഞ്ഞുകൊടുത്തതും ൧൯൨൨-ൽ മാർഷൽ ചങ്ങ് സൂലിയാങ്ങ് നിഷ്കാസിതനായതും പൊതുജനാഭിപ്രായഗതിയനുസരിച്ചാകുന്നു. ഭാവിചരിത്രത്തിൽ മഞ്ചൂരിയായുടേയും ജഹോളിൻേറയും നഷ്ടത്തിനുത്തരവാദി ചങ്ങാണെന്ന് വിധിക്കപ്പെടുന്നതാകുന്നു. അദ്ദേഹം ൧൦-ാമത്തെ വയസ്സിൽ സൈന്യത്തിൽ ചേരുകയും ഇരുപതാമത്തെ വയസ്സിൽ ഒരു സേനാനിയാകുകയും ചെയ്കതിനാൽ ലോകപരിചയമുള്ളവനായിരുന്നില്ല. അദ്ദേഹത്തിൻെറ ജപ്പാനീസ് ഡാക്ടറന്മാർ അദ്ദേഹത്തിന് ലഹരിപദാർത്ഥങ്ങളും വിഷമരുന്നുകളും കൊടുത്തു മയക്കിയിരുന്നു.

ചൈനായിലെ ഗ്രാമജീവിതത്തിൻെറ ശക്തികൊണ്ട് പട്ടണങ്ങളിലല്ലാതെ ഗ്രാമങ്ങളിൽ അക്രമവും മത്സരവും കടന്നിട്ടില്ല. ചൈനായിൽ കൂലിക്കാരനും ഭദ്രലോകിയും എന്നു രണ്ടു വിഭാഗങ്ങളെയുള്ളൂ. അവിടുത്തെ സമ്പന്നന്മാരും കൂലിക്കാരും ഒരേ വേഷമാണ് ധരിക്കുന്നതു്. ഭൃത്യനും യജമാനനും ഒന്നിച്ചിരുന്ന് തേയിലയും കുടിച്ചുകൊണ്ടു സംസാരിക്കുന്നു. ഇന്നത്തേ സേനാനി

കളും രാജ്യതന്ത്രജ്ഞന്മാരും കുടിലിൽ നിന്നും കൊട്ടാരത്തിൽ കയറിയവരാണ്. ജന്മമനുസരിച്ച് ചൈനായിൽ ആർക്കും പ്രാമാണ്യമില്ല.

ചൈനായെപ്പോലെ വിസ്തൃമായ ഒരു രാജ്യത്ത് ഫെഡറൽ ഭരണമേ തൃപ്തികരമായിരിക്കുകയുള്ളു. ഈ പ്രശ്നത്തെപ്പററി അവിടുത്തെ രാജ്യതന്ത്രജ്ഞന്മാർ വിചിന്തനം ചെയ്യുന്നില്ല.

# അദ്ധ്യായം ൧൨.

തെക്കെ തലസ്ഥാനം

ഒരു വിദേശ്യവംശത്തിൻെറ തലസ്ഥാനം പീക്കിങ്ങായിരുന്നു. അതു് ഒരു സാമ്രാജ്യത്തിൻെറ കേന്ദ്രമായിരുന്നു. ആ ചൈനാ ഇപ്പോഴില്ല. ചൈനായുടെ രാഷ്ട്രീയവും സാമ്പത്തികവും സാമുദായികവുമായ കേന്ദ്രം യാങ്ങ്സ്റ്റി തടത്തിലാകുന്നു. നാങ്കിങ്ങാണു് അതിൻെറ പ്രധാന നഗരി. മിംഗ് ചക്രവത്തിമാരും തൈപ്പിംഗ് ഛിദ്രകാരികളും അതിനെ പ്രധാനനഗരമാക്കിയിരുന്നു. തലസ്ഥാനം പീക്കിങ്ങിൽ നിന്നും നാങ്കിങ്ങിലേക്കു് മാററിയതു് വിദേശികൾക്കിഷ്ടമല്ല. ഷാങ്ങ്ഹെയിയിലെ വിദേശികൾ ഈ നടപടിയെ കുററപ്പെടുത്തുന്നു. ഈ പട്ടണത്തിലെ ഡ്രം ഗോപുരം, കായൽ തീരത്തുള്ള അമ്പലം, കൂലിക്കാരെ കൊണ്ടു പോകുന്ന ചെറിയ റയിൽ വണ്ടി, ആടുകളെ തീററുന്ന ഇടയന്മാരുടെ ഓടക്കുഴൽ വായന, കുഴിഞ്ഞ ടാറിട്ട റോഡുകൾ, ഓലമേഞ്ഞ കുടിലുകൾ, അങ്ങുമിങ്ങുമുള്ള കാടുകൾ, ശബ്ദായമാനമായ ഇടവഴികൾ, അമ്പലത്തിനു് മുൻവശത്തുള്ള കമ്പോളം, വള്ളം നിറഞ്ഞ തോടുകൾ ഇവ കണ്ടാൽ ഇതു് നാട്ടിൻപുറമാണെന്നു തോന്നും.

൧൯-ാം ശതാബ്ദത്തിൻെറ മദ്ധ്യത്തിൽ ഹങ്ങ്സൂയിചുവാൻ എന്നു പേരായ ഒരു യുവാവു് ഒരു വിപ്ലവ പ്ര

സ്ഥാനം തുടങ്ങി. അദ്ദേഹം ക്രിസ്ത്യാനിയായിരുന്നു. അദ്ദേഹം പ്രജായത്തഭരണവിശ്വാസിയും ദേശീയവാദിയുമായിരുന്നു. ബീ. ഏയ്ക്കു തോററ ഈ യുവാവ് നാങ്കിങ്ങിൽ ഒരു ചക്രവത്തിയായി പ്രഖ്യാപിക്കപ്പെട്ടു. അദ്ദേഹം യേശുക്രിസ്തുവിൻെറ അനുജനാണെന്നു പറഞ്ഞു പതിനഞ്ചുകൊല്ലം ഭരണം നടത്തി. ഇംഗ്ലീഷുകാർ അദ്ദേഹത്തിനെ സ്ഥാനഭ്രഷ്ടനാക്കുകയും നാങ്കിങ്ങ് പട്ടണം ദഹിപ്പിക്കുകയും ചെയ്തു. ഈ പട്ടണത്തിൽ മംഗോളിയരെ ഓടിച്ച തൈസുങ്ങ് ചക്രവത്തിയുടേയും മാഞ്ചുവംശത്തെ നശിപ്പിച്ച ഡാക്ടർ സൺയററ് സെന്നിൻേറയും ശവകുടീരങ്ങളുണ്ടു്. സൺയററ്സെന്നിനെ ഒരവതാരപുരുഷനെപ്പോലെ ചീനന്മാർ ആരാധിക്കുന്നു. അദ്ദേഹത്തെപ്പററി ആഴ്ച്ചതോറും പ്രസംഗങ്ങൾ നടക്കുന്നു. അദ്ദേഹത്തിൻെറ അന്ത്യശാസനം ആഴ്ച്ചതോറും ചൈനാക്കാർ മുഴുവൻ കേൾക്കുന്നു. അദ്ദേഹത്തിൻെറ പടമില്ലാത്ത വീട്ട് ചൈനായിലില്ല.

ചൈനായിൽ നാഷനലിസം പ്രചരിപ്പിച്ചതു കുവോ മിൻറാങ്ങാണ്. ആ സംഘത്തിൽ ചേരാത്തവക്കു രാഷ്ട്രീയമായ സ്ഥാനമില്ല. ഇപ്പോൾ ഈ സംഘത്തിൽ ഭിന്നതകളുണ്ടു്. ഈ സംഘത്തിനു് ജനസാമാന്യവുമായുള്ള അടുപ്പം കുറവാകുന്നു. ഈ സംഘത്തിൻെറ രാഷ്ട്രീയസമിതിയിൽ നിന്നും എക്സിക്യൂട്ടിവ് കൌൺസിലിനെ തിരഞ്ഞെടുക്കുന്നു. എക്സിക്യൂട്ടിവ് കൌൺസിലിൽ മൂന്നുപേരടങ്ങിയ ഒരു വക്കിങ്ങ് കമ്മിററിയുണ്ടു്. ഉദ്യോഗങ്ങൾക്കാളുകളെ നിയമിക്കുന്നതും പ്രധാന തീരുമാനങ്ങൾ ചെയ്യുന്നതും എക്സിക്യൂട്ടിവ് കൌൺസിലാണു്.

നാഷനൽ അസംബ്ളി എക്സിക്യൂട്ടിവു കൌൺസിലിനെ തിരഞ്ഞെടുക്കുന്നു. നാഷനൽ അസംബ്ളിയിൽ അംഗമാകണമെങ്കിൽ എക്സിക്യൂട്ടിവ് കൌൺസിലിൻെറ അനുവാദം വേണം. കുവോമിൻറാങ്ങ് ആദ്യം ഒരു രഹസ്യസംഘമായിരുന്നു. ബൊറോഡിൻ അതിനെ റഷ്യയിലെ കമ്മ്യൂണിസ്റ്റ് സംഘത്തിൻെറ മാതൃകയിൽ പരിഷ്കരിച്ചു. ഇപ്പോൾ ഈ സംഘം കമ്മ്യൂണിസത്തെ അംഗീകരിക്കുന്നില്ല.

ചൈനായിൽ നല്ല സിവിൽ സർവീസില്ല. ഒരുദ്യോഗസ്ഥന് കാലാവധി നിശ്ചയിക്കപ്പെട്ടിട്ടില്ല. ഉദ്യോഗസ്ഥന്മാരുടെ അധികാരവിതരണവും മോശമാണ്. കൈക്കൂലിയും അഴിമതിയും വളരെ കൂടുതലാകുന്നു. ഓരോ ഡിപ്പർട്ടുമെൻറും റവന്യൂ പ്രത്യേകം സൂക്ഷിക്കുന്നു. റവന്യൂവില്ലാത്ത ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥന്മാക്ക് നേരെ ശമ്പളം കിട്ടുകയില്ല. അവിടെ ശുപാശയും സേവയുമുള്ളവക്ക് ഉദ്യോഗം കൊടുക്കപ്പെടുന്നു.

എന്നാൽ പുതിയ ഭരണം പല പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ട്. ഈയിടെയായി ചൈനായിൽ അനവധി സർവ്വകലാശാലകളും സ്ക്കൂളുകളും ഉത്ഭവിച്ചിരിക്കുന്നു. കൂലിക്കാർ പോലും വത്തമാനപ്പത്രങ്ങൾ വായിക്കുകയും രാജ്യകാര്യങ്ങളെപ്പററി വാദപ്രതിവാദം ചെയ്യുകയും ചെയ്യുന്നു. ആശുപത്രികൾ, റോഡുകൾ, റെയിൽവേകൾ വിമാനങ്ങൾ മുതലായവ നിർമ്മിക്കപ്പെടുന്നു. യൂറോപ്യൻ വിദ്യാഭ്യാസമുള്ള യുവാക്കന്മാരുടെ കയ്യിലാണ് ഇന്ന് ചൈനായിലെ ഭരണം.

# അദ്ധ്യായം ൧൩.

## സൺ യററ് സെൻ

ആധുനിക ചൈനായുടെ പിതാവായ സൺയററ്സെന്നിൻെറ ജീവചരിത്രമറിയാതെ ചീനസംസ്ക്കാരത്തെപ്പററി പൂണ്ണജ്ഞാനം ലഭിക്കുകയില്ല. ചൈനീസു വിപ്ലവം സൺയററ്സെന്നിൻെറ സൃഷ്ടിയും ചൈനീസ് റിപ്പബ്ളിക്ക് അദ്ദേഹത്തിൻെറ സന്താനവുമാണെന്നു പറയപ്പെടുന്നു. സംഘടനാചതുരനും ഏകാഗ്രനുമായ സൺയററ്സെൻ വിപ്ലവകാരികളെ ഏകോപിപ്പിച്ചു മാഞ്ചു ഭരണത്തെ നശിപ്പിക്കുവാൻ ഒരു കമ്മപദ്ധതിയുണ്ടാക്കി. ചൈനായുടെ രാഷ്ട്രീയവും സാമ്പത്തികവുമായ അധഃപതനം ജനങ്ങളെ മനസ്സിലാക്കിയതു് അദ്ദേഹമായിരുന്നു. സൺ ചൈനാക്കാക്കു ദേശീയതത്വവും കമ്മപരിപാടിയും നൽകി. ഇന്നു ചൈനായിലുള്ള സ്ഥാപനങ്ങൾ അദ്ദേഹത്തിൻെറ സൃഷ്ടിയാണ്. പ്രാചീന ചൈനായുടെ ദീഘദശി കൺഫൂഷ്യസ്സാണെങ്കിൽ ആധുനിക ചൈനായുടെ മിശിഹാ സൺയററ്സെന്നാണ്. അദ്ദേഹം പ്രാചീനവും അവ്വാചീനവുമായ സംസ്കാരങ്ങളെ കൂട്ടിയിണക്കുവാൻ ശ്രമിച്ചു.

സൺയററ്സെൻ ൧൮൬൬ നവമ്പർ ൧൨-ാനു- കൊാൻറംഗ് പ്രാവിൻസിലുള്ള സൂയിഹെങ്ങ് ഗ്രാമത്തിൽ

ജനിച്ചു. അദ്ദേഹത്തിൻെറ ജനനകാലത്തു് തൈപ്പിംഗ് ഛിദ്രത്തിൻെറയും ഫ്രെഞ്ചുകാരുടേയും ഇംഗ്ലീഷുകാരുടേയും പീക്കിങ്ങ് ആക്രമണത്തിൻേറയും സ്മരണ ജനങ്ങൾക്കുണ്ടായിരുന്നു. സണ്ണിൻെറ പിതാവു് സൺ താവോചുവാൻ ഒരു സാധുവായ കൃഷകനായിരുന്നു. അദ്ദേഹം തൈപ്പിംഗ് ഛിദ്രകാരികളോടു ചേൎന്നു ക്രിസ്തുമതം സ്വീകരിച്ചിരുന്നു. അക്കാലത്തു് ക്രിസ്ത്യാനികൾ ചൈനീസ് ദേവന്മാരെ ഭജിച്ചിരുന്നു. സൺ ഒരു ക്രിസ്ത്യനായിട്ടാണു് ജനിച്ചതു്. അദ്ദേഹം പള്ളിയിൽ പോയിരുന്നില്ല. സ്വൎഗ്ഗരാജ്യത്തെപ്പററി ക്രിസ്തു പ്രസംഗിച്ചതു് സാമ്രാജ്യപദവിയേയും മുതലാളിത്തത്തേയും നശിപ്പിക്കുന്നതിനും കമ്മ്യൂണിസം സ്ഥാപിക്കുന്നതിനും ആയിരുന്നുവെന്നു് അദ്ദേഹം വിശ്വസിച്ചു. ചൈനീസ് ക്രിസ്ത്യാനികൾ വിദേശ്യരുടെ സഹകരണമഭ്യൎത്ഥിക്കുന്നതിനോടു് അദ്ദേഹം യോജിച്ചിരുന്നില്ല. അദ്ദേഹത്തിനെ വീട്ടിൽ വിളിച്ചിരുന്നതു് സൺവെൻ എന്നായിരുന്നു. ചൈനായിൽ സൺചുങ്ങ്ഷാൻ എന്ന പേരിൽ അദ്ദേഹം അറിയപ്പെട്ടിരുന്നു. ൧൯൨൫-ൽ അദ്ദേഹത്തിൻെറ മരണശേഷം ചൈനായിലെ പല സൎവ്വകലാശാലകൾക്കും ചുംഗ്ഷാൻ എന്ന ബഹുമതിമുദ്ര കിട്ടി.

ഏഴാമത്തെ വയസ്സിൽ സൺ സമീപത്തുള്ള ഗ്രാമദേവാലയത്തിൽ പോയി പഠിച്ചു. പഴയ പുരാണങ്ങൾ ഉരുവിടുവാൻ കുട്ടി ഇഷ്ടപ്പെട്ടിരുന്നില്ല. അദ്ധ്യാപകന്മാരുമായി സൺ വഴക്കുണ്ടാക്കിയിരുന്നു. ചെറുപ്പം മുതൽ സണ്ണിനു പിതാവിനെ കൃഷിക്കാൎയ്യങ്ങളിൽ സഹായിക്കേ

ണ്ടിയിരുന്നു. പിതാവും പുത്രനും താമസിച്ചിരുന്നത് ഒരു മൺകുടിലിലാണ്. അവക്ക് ഭക്ഷിക്കുവാനരിയില്ലാത്തതിനാൽ മധുരക്കിഴങ്ങ് വേവിച്ച് തിന്നേണ്ടതായിവന്നു. സൺ ചെറുപ്പം മുതൽ ഒരു വിപ്ലവകാരിയായിരുന്നു. തൻെറ സഹോദരിയുടെ കാൽ ചെറുതാക്കുവാൻ അമ്മ ചെയ്യുന്ന ശ്രമത്തെ സൺ കഠിനമായി പ്രതിഷേധിച്ചു. എന്നാൽ അമ്മ ഈ പ്രതിഷേധം വക വെച്ചില്ല.

സണ്ണിൻെറ ജ്യേഷ്ഠനായ മെയി ഹോണലോലുവിൽ പോയി കൃഷിചെയ്തു കുറെപ്പണമുണ്ടാക്കിയിരുന്നു. ൧൮൭൯-ൽ സൺ സഹോദരനെ സഹായിക്കുവാനായി ഹോണലോലുവിൽ പോയി. അവിടെവെച്ചു പാശ്ചാത്യപരിഷ്കാരത്തിൻെറ സ്വഭാവം മനസ്സിലാക്കുവാൻ സണ്ണിന്നു സാധിച്ചു. സൺ ഒരു മിഷ്യനറി സ്കൂളിൽ ചേൎന്നു ൧൮-ാമത്തെ വയസ്സുവരെ ഇംഗ്ലീഷ് പഠിച്ചു. സൺ പാശ്ചാത്യപരിഷ്കാരത്തിൽ ഭ്രമിക്കുന്നുവെന്നു കണ്ടിട്ട് ജ്യേഷ്ഠഭ്രാതാവ് അദ്ദേഹത്തെ ൧൮൮൪-ൽ ചൈനായിലേക്ക് തിരിച്ചയച്ചു. സൺ തിരിച്ചുവന്ന് പരിഷ്കാരത്തെപ്പററി പ്രസംഗിക്കുവാൻ തുടങ്ങി. അദ്ദേഹം ഗ്രാമങ്ങളിലെ ദേവവിഗ്രഹങ്ങൾ തല്ലിപ്പൊട്ടിക്കുകയും മററും ചെയ്തപ്പോൾ ഗ്രാമവാസികൾ കുപിതരായതിനാൽ മാതാപിതാക്കന്മാർ അദ്ദേഹത്തെ ക്യൂൻസ് കാളേജിൽ പഠിക്കുവാനയച്ചു. ൧൮൮൬-ൽ കാളേജ് പഠനം കഴിഞ്ഞശേഷം സൈനിക പരിശീലനം സമ്പാദിക്കണമെന്ന് സണ്ണിന്നു മോഹമുണ്ടായി. എന്നാൽ അതിന്ന് ഒരിടത്തും സൌകൎയ്യം ലഭിച്ചില്ല. ഒടുവിൽ അദ്ദേഹം വൈദ്യം

പഠിക്കാമെന്ന് നിശ്ചയിച്ച് ഹാങ്കോങ്ങ് മെഡിക്കൽ കാളേജിൽ ചേൎന്ന് ൧൮൯൨-ൽ ബിരുദം സമ്പാദിച്ചു.

ചൈനായിലെ ആചാരമനുസരിച്ചു ക്യൂൻസ്കാളേജിൽ ചേരുന്നതിന് മുമ്പ് ൧൮-ാമത്തെ വയസ്സിൽ സൺ വിവാഹം കഴിച്ചു. ആ സ്ത്രീയുടെ പേർ ലൂ എന്നായിരുന്നു. ലൂവിന് ഭൎത്താവിൻെറ രാഷ്ട്രീയാഭിപ്രായങ്ങൾ ഇഷ്ടപ്പെട്ടിരുന്നില്ല. അവർ തമ്മിൽ വലിയ സ്നേഹവുമില്ലായിരുന്നു. ൧൯൧൨-ൽ സൺ നാങ്കിങ്ങിൽ പ്രസിഡൻറായിരുന്നപ്പോൾ മിസ്സ് സൂംഗ് ഐലിംഗ് എന്ന സ്ത്രീയുമായി പരിചയപ്പെട്ടു. ആ സ്ത്രീയുടെ പിതാവു സണ്ണിൻെറ ഒരു മിത്രമായിരുന്നു. ഈ സ്ത്രീയെ സൺ തൻെറ ഇംഗ്ലീഷ് പ്രൈവററ് സെക്രട്ടറിയായി നിയമിച്ചു. ൧൯൧൩-ൽ സൺ ജപ്പാനിൽ പോയപ്പോൾ മിസ്സ് സൂങ്ങും കൂടെപോയിരുന്നു. എന്നാൽ താമസിയാതെ മിസ്സ് സൂങ്ങ് മി. എച്ച്. എച്ച്. കൂങ്ങിനെ വിവാഹം കഴിക്കുകയും തൻെറ സഹോദരിയായ സൂങ്ങ് ചിങ്ങ്ലിങ്ങിനെ സണ്ണിൻെറ പ്രൈവററ് സെക്രട്ടറിയായി നിയോഗിക്കുകയും ചെയ്തു. മിസ്സ് സൂങ്ങും സൺയെററ്സെന്നും തമ്മിൽ ക്രമേണ പ്രണയബദ്ധരായി. സണ്ണിന് ആദ്യഭാൎയ്യയിൽ രണ്ടു സന്താനങ്ങളുണ്ടായിരുന്നു. മൂത്തപുത്രനായ സൺ ഫോ നാങ്കിങ്ങ് ഗവമ്മെൻറിലെ ഒരംഗമായിരുന്നു. രണ്ടാം വിവാഹം പാടില്ലെന്ന് അദ്ദേഹത്തിൻെറ സ്നേഹിതന്മാരുപദേശിച്ചു. മിസ്സസ്സ് സൺ വിവാഹമോചനത്തിനു സന്നദ്ധയായിരുന്നു. ആദ്യവിവാഹം മോചനം ചെയ്തശേഷം ഡാക്ടർ സൺ ൧൯൧൫ ഒക്ടോ

ബർ ൨൫-ാനു- മിസ് സൂങ്ങിനെ വിവാഹംചെയ്തു. ജപ്പാനിൽവെച്ചാണു ഈ വിവാഹം നടന്നതു്. ഈ വിവാഹം സണ്ണിനു ആനന്ദകരമായിരുന്നു. അതിനു മുമ്പു യഥാൎത്ഥ പ്രണയമെന്താണെന്നു് അദ്ദേഹം അറിഞ്ഞിരുന്നില്ല. മിസ്സ് സൂംഗ് അദ്ദേഹത്തിൻെറ താല്പൎയ്യങ്ങളിലും ആദർശങ്ങളിലും പങ്കുകൊണ്ടിരുന്നു.

ഡാക്ടർ സൺ മെഡിക്കൽ കാളേജിൽ പഠിക്കുമ്പോഠം കൊലാവോഹ്വേയി എന്ന ഒരു രഹസ്യസംഘത്തിൽ ചേരുകയും ചെങ്ങ്ഷിലിയാങ്ങ് എന്ന ഒരു സ്നേഹിതനെ സമ്പാദിക്കുകയും ചെയ്തു. ഹാങ്കാങ്ങിലുള്ള പല ചെറുപ്പക്കാരേയും സൺ ഈ സംഘത്തിൽ ചേൎത്തു. ചെൻ, യ്യൂ, യങ്ങ് ഇവർ സണ്ണിനോട്ടു് ചേൎന്നു് മാഞ്ചുവംശത്തെ നശിപ്പിക്കുവാനുള്ള മാൎഗ്ഗങ്ങളാലോചിച്ചു. ൧൮൯൨-ൽ സൺ മക്കാവോയിൽ താമസിച്ചു വിപ്ലവകക്ഷിയിൽ ആഠം ചേൎത്തുവന്നു. കാൻറണിൽ ചെങ്ങിനോടുകൂടിച്ചേൎന്നു് അദ്ദേഹം സിൻചിങ്ങലൂയി എന്നൊരു സംഘമുണ്ടാക്കി. ഈ സംഘത്തിൻെറ ഉദ്ദേശം വ്യവസ്ഥാപിതമായ രാജാധികാരം സ്ഥാപിക്കുകയെന്നുള്ളതായിരുന്നു.

൧൮൯൪-ൽ ചൈനായ്ക്കു ജപ്പാൻകാരിൽ നിന്നും പല പരാജയങ്ങഠം സിദ്ധിച്ചുകൊണ്ടിരുന്നപ്പോഠം ഡാക്ടർ സൺ ഹാവായിൽ പോയി അവിടെയുള്ള ചൈനാക്കാരുടെ സഹായമഭ്യൎത്ഥിച്ചു. അവിടെ നിന്നും പത്തുപേർ മാത്രമേ അദ്ദേഹത്തിനെ സഹായിച്ചുള്ളു. ഷിമോണോസേക്കിയിൽ വെച്ചു് ജപ്പാനും ചൈനായുമായുള്ള

ളുടമ്പടിക്കശേഷം ചീനന്മാക്ക് മാഞ്ചുവംശത്തിൽ വിശ്വാസമില്ലാതായി. സണ്ണും കൂട്ടരും രാജ്യത്തിൽ ചില പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തണമെന്ന് ചക്രവത്തിക്ക് ഹജ്ജികൊടുക്കവാൻ നിശ്ചയിച്ചു. ഇതുദ്യോഗസ്ഥന്മാക്ക് രസിച്ചില്ല. സൺ തിരിച്ചു കാൻറണിൽ വന്ന് ഒരു പട്ടാളം ശേഖരിക്കുവാൻ നിശ്ചയിച്ചു. അവരുടെ ഉദ്യമം വെളിപ്പെട്ടു പോയതിനാൽ ൬൦൦ കൈത്തോക്കുകളോടു കൂടി ൭൦ പേർ ബന്ധിതരായി സണ്ണും രണ്ടു മൂന്നു സ്നേഹിതന്മാരും ബന്ധനത്തിൽപ്പെടാതെ ജപ്പാനിലേക്കു പോയി. സണ്ണിൻെറ തല കൊയ്തുകൊണ്ടു ചെല്ലുന്നവക്ക് ഒരു വലിയ തുക സംഭാവനകൊടുക്കാമെന്നു മാഞ്ചു ഗവമ്മെൻറ് പരസ്യം പ്രസിദ്ധപ്പെടുത്തി. സൺ ഒരു ജപ്പാനീസിൻെറ വേഷത്തിലാണ് ജപ്പാനിൽ താമസിച്ചതു്. ഇനിയും രാജാക്കന്മാരെ ഓടിച്ചു പ്രജാധിപത്യം സ്ഥാപിക്കണമെന്ന് സൺ നിശ്ചയിച്ചു. അതിനു വേണ്ടി പണമുണ്ടാക്കുവാനായി സൺ ഹാവായി, അമേരിക്ക, യൂറോപ്പു മുതലായ സ്ഥലങ്ങളിൽ സഞ്ചരിച്ചു. ലണ്ടനിൽവെച്ച് അവിടുത്തെ ചൈനീസധികാരികൾ അദ്ദേഹത്തെ പിടികൂടി ഒരു ഭ്രാന്തനെന്ന നിലയിൽ ചൈനയിലേക്കയക്കുവാനുദ്യമിച്ചു. അദ്ദേഹത്തിൻെറ ഗുരുവായിരുന്ന സർ ജയിംസ് കാൻറലിയുടേയും ബ്രിട്ടീഷ് ഗവമ്മെൻറിൻേറയും സഹായത്താൽ സൺ രക്ഷപ്പെട്ടു. ഈ സംഭവം മൂലം അദ്ദേഹത്തിൻെറ പേർ പരക്കുകയും സ്നേഹിതന്മാരും ശത്രുക്കളും വർദ്ധിക്കുകയും ചെയ്തു. അദ്ദേഹം പല യൂറോപ്യൻ രാജ്യങ്ങളും സന്ദർശിച്ച് സോഷ്യലിസ്റ്റ് കക്ഷി

കളുടെ പ്രവൎത്തനരീതികൾ മനസ്സിലാക്കി. ചൈനാ യിൽ പ്രജാധിപത്യം സ്ഥാപിക്കുവാൻമാത്രമല്ല സാമ്പത്തി കസമത്വമുണ്ടാക്കുവാനും ശ്രമിക്കണമെന്ന് സൺ തീർച്ച പ്പെടുത്തി. ൧൮൯൬ മുതൽ രണ്ടുവൎഷക്കാലം സൺ യൂറോ പ്പിൽ താമസിച്ചു. തദനന്തരം അദ്ദേഹം ജപ്പാനിൽ തിരിച്ചെത്തുകയും അവിടത്തെ ജനകീയ കക്ഷിയുടെ സ്നേഹം സമ്പാദിക്കുകയും ഒരഖിലേഷ്യാ ഫെഡറേഷൻ സ്ഥാപിക്കുവാനുദ്ദേശിക്കുകയും ചെയ്തു. ജപ്പാനിൽ താമ സിച്ചുകൊണ്ട് വിപ്ലവ കക്ഷിയിൽ ആളുകളെ ചേൎക്കാ നദ്ദേഹമുദ്ദേശിച്ചിരുന്നു.

ചൈനായിലെ ജനങ്ങൾക്ക് മാഞ്ചു ഭരണം തൃപ്തിക രമല്ലെന്ന് കണ്ടു് ചക്രവൎത്തി പല പരിഷ്ക്കാരങ്ങളും നട പ്പിൽവരുത്താമെന്ന് ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. ഈ പരിഷ്ക്കാരങ്ങൾ നടപ്പിൽ വരാതിരുന്നതിനാൽ ഒരു വിപ്ലവം മൂലമല്ലാതെ സൽഭരണമുണ്ടാകയില്ലെന്ന് ജനങ്ങൾക്ക് ബോധമുണ്ടായി. വിപ്ലവ സാഹിത്യം പ്രചരിപ്പിക്കുന്നതിനായി ചെൻഷാവോ പെയിയുടെ ആധിപത്യത്തിൽ ഹോങ്കോങ്ങിൽ നിന്നും ചൈനീസു ഡെയിലി ന്യൂസ് എന്നൊരു പത്രം പുറപ്പെട്ടു. സണ്ണി ൻെറ കൂട്ടുകാർ ചൈനായിൽ വീണ്ടും വിപ്ലവകക്ഷി രൂപവൽക്കരിച്ചു. ൧൯൦൫-ൽ വിപ്ലവകാരികൾ രഹ സ്യമായി ഒരു കാൺഫറൻസു കൂടി സൺയറ്റ് സെന്നി നെ അവരുടെ നേതാവായി സ്വീകരിച്ചു.

ഈ സമയത്താണ് ഉത്തര ചൈനായിൽ ബോക്സർ പ്രസ്ഥാനമുണ്ടായതു്. ഇതു മാഞ്ചു വംശത്തിനെതിരാ

യി തുടങ്ങിയെങ്കിലും ഈ പ്രക്ഷോഭണം വിദേശികൾക്കെതിരായി തിരിക്കപ്പെട്ടു. തെക്കൻ ചൈനായിലുള്ളവർ ഈ പ്രക്ഷോഭണത്തിൽ പങ്കുകൊണ്ടില്ല. മദ്ധ്യചൈനായിലേയും തെക്കൻ ചൈനായിലേയും ഗവണ്ണറന്മാർ പോലും വിദേശികൾക്കനുകൂലമായിരുന്നു. ഈ അവസരം നോക്കി മാഞ്ചു വംശത്തോട്ട് പടവെട്ടുവാൻ സൺ തൻെറ അനുയായികളെ ഉപദേശിച്ചു. സൺതന്നെ ഏതാനും ജപ്പാൻ ഉപദേഷ്ടാക്കളുമായി ഹാങ്കാങ്ങിലെത്തി. എന്നാൽ അദ്ദേഹത്തെ അവിടുള്ളവർ മനസ്സിലാക്കിയതിനാൽ അദ്ദേഹം ഫോർമോസായിലേക്കു പോയി. അവിടത്തെ ഗവണ്ണർ ഛിദ്രകാരികൾക്കനുകൂലനായിരുന്നു. ഈ അവസരത്തിൽ സണ്ണിൻെറ അനുചരനായ ചെങ്ങ് ഷിലിയാങ്ങ് ഒരു പട്ടാളത്തെ ശേഖരിച്ചു ഹ്യയിച്ചോ മുതൽ സിനിയാങ്ങു വരെയുള്ള കടൽ തീരം കൈവശപ്പെടുത്തുകയും ഗവമ്മെണ്ട് സൈന്യത്തെ തോല്പിക്കുകയും ചെയ്തു. ഈ ഘട്ടത്തിൽ ജപ്പാനിലെ പുതിയ പ്രധാനമന്ത്രി ചൈനയ്ക്കനുകൂലമായ നയം സ്വീകരിച്ചതിനാൽ സണ്ണിൻെറ വിപ്ലവം വിജയകരമായില്ല. ഈ വിപ്ലവകരമായ സംരംഭം പരാജിതമായെങ്കിലും വിദേശികൾ പീക്കിങ്ങ് പിടിച്ചടക്കിയതു മൂലം മാഞ്ചു വംശത്തിനെ ഉച്ചാടനം ചെയ്യണമെന്ന് ജനങ്ങൾക്ക് പൂവാധികം താല്പയ്യം വർദ്ധിച്ചു. കുറേക്കാലം ചൈനായിൽ പല വിപ്ലവങ്ങളും നടന്നു. ൧൯൦൪-ൽ സൺ ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തി. ൧൯൦൫-ൽ അദ്ദേഹത്തിൻെറ അദ്ധ്യക്ഷതയിൽ തങ്ങ് മെങ്ങ് ഹ്യയി എന്ന പേ

രിൽ ഒരു സംഘം രൂപവൽക്കൃതമായി. ഇങ്ങിനെ വിപ്ലവം വളൎന്നുവന്ന് ഒടുവിൽ വിപ്ലവകാരികൾ ജയിക്കുകയും ൧൯൧൨ ജനുവരി ൧-ാനു- അദ്ദേഹം നാങ്കിങ്ങിൽ ചൈനീസ് റിപ്പബ്ളിക്കിൻെറ ഒന്നാമത്തെ പ്രസിഡൻറാകുകയും ചെയ്തു. എന്നാൽ വിപ്ലവകാരികളും അദ്ദേഹവുമായുള്ള ചില അഭിപ്രായവ്യത്യാസം മൂലം അദ്ദേഹം പ്രസിഡൻറു സ്ഥാനം യുവാൻഷിക്കായിക്ക് ഫെബ്രുവരി മാസത്തിൽ ഒഴിഞ്ഞു കൊടുത്തു. യുവാൻഷിക്കായിയുടെ ഉദ്ദേശം ഒരു രാജവംശം സ്ഥാപിക്കണമെന്നായിരുന്നു.

യുവാൻ പ്രസിഡൻറായതിനു ശേഷം ഡാക്ടർ സൺ രാഷ്ട്രീയരംഗത്തു് നിന്നും പിന്മാറി സാമ്പത്തിക കാൎയ്യങ്ങളിൽ ശ്രദ്ധ പതിപ്പിച്ചു വന്നു. വാങ്ങ് ചെങ്ങ് വെയിയും ഹുയിഹാൻമിനും അദ്ദേഹത്തെ ഈ പ്രസ്ഥാനത്തിൽ സഹായിച്ചിരുന്നു. യുവാൻഷിക്കായി സൈന്യത്തിനു് ശമ്പളം കൊടുക്കാനായി കുറെ പണം വിദേശ്യ ബാങ്കുകളിൽ നിന്നും കടം വാങ്ങിക്കുവാനാലോചിച്ചു. ഇതു് അസംബ്ളിയും മന്ത്രി സഭയും അനുവദിച്ചില്ല. തൽഫലമായി പട്ടാളക്കാർ ബഹളമുണ്ടാക്കുമെന്നു് ശങ്കിച്ചു. മന്ത്രിസഭ രാജിവെയ്ക്കുകയും യുവാൻഷിക്കായിയുടെ ഇഷ്ടാനുസരണം ഒരു മന്ത്രിസഭ രൂപവൽക്കരിക്കപ്പെടുകയും ചെയ്തു. കുവോമിൻറാങ്ങിൻെറ ശക്തിയുടയ്ക്കുവാൻ അതിലെ അംഗങ്ങളായ ചങ്ങ് ചെങ്ങ് വൂയിനേയും ഫാങ്ങ്വെയിയേയും യുവാൻ കൊല്ലിച്ചു. ഉടൻ യുവാനോടു ഒരു യുദ്ധം നടത്തണമെന്നു് വിപ്ലവകാരികൾ തീൎച്ചപ്പെടുത്തുകയും ചെയ്തു. യുവാൻ പശ്ചാത്തപിച്ചു് മാപ്പു

ചോദിച്ചതിനാൽ യുദ്ധമുണ്ടായില്ല. സൺയററ്സെന്നി ൻെറ ഇഷ്ടംവേണമെന്ന് കരുതി യുവാൻഷിക്കായി അദ്ദേ ഹത്തെ ആണ്ടിൽ മുപ്പതിനായിരം ഡാളർ ശമ്പളത്തിൽ റെയിൽവേയുടെ ഡയറക്ടർ ജനറലായി നിയമിച്ചു. ഈ നിയമനത്തിൻെറ ഉദ്ദേശം എതിരാളികളെ സ്വാധീനം ചെയ്തു് സ്വേച്ഛാധികാരം സ്ഥാപിക്കുന്നതിനായിരുന്നു. ഔട്ടർ മംഗോളിയായിൽ റഷ്യയുടേയും ടിബററിൽ ബ്രിട്ട ൻേറയും അധികാരം യുവാൻ വക വെച്ചു കൊടുത്തു. യു വാൻ തിരഞ്ഞെടുപ്പ് നടത്തുന്നതിൽ വിമുഖനായിരുന്നു. എന്നാൽ ജനങ്ങളുടെ നിർബന്ധം മൂലം അദ്ദേഹം തിര ഞ്ഞെടുപ്പു നടത്തി. ഈ തിരഞ്ഞെടുപ്പിൽ കുവോമിൻറാ ങ്ങിനു ഭൂരിപക്ഷം കിട്ടി. പീക്കിങ്ങിൽ വെച്ച് പാർല്ലിമെ ൻറ് നടത്താതിരിക്കുവാൻ കുവോമിൻറാങ്ങിൻെറ നായ കനായ സൂങ്ങ് ചിയൊ ജന്നിനെ ഷാങ്ങ് ഹെയിയിൽ വെച്ച് ആരൊ കൊലപ്പെടുത്തി. ഈ വധത്തിന്കാരണ ക്കാരൻ യുവാനും പ്രധാനമന്ത്രിയുമാണെന്ന് തെളിഞ്ഞു. യുവാനെ ഓടിക്കുവാൻ വീണ്ടും ഒരു വിപ്ലവം തുടങ്ങണ മെന്ന് സൺ ഉപദേശിച്ചു. എന്നാൽ അദ്ദേഹത്തിൻെറ കക്ഷിക്കാർ പാർല്ലിമെൻറു മുഖേന പ്രതിഷേധം പുറ പ്പെടുവിച്ചാൽ മതിയെന്ന് തീരുമാനിച്ചു.

ഈ പ്രക്ഷോഭണത്തെ അമർത്തുവാൻ യുവാൻ ചെ യ്തതു് അമേരിക്കൻ ബാങ്കിങ്ങ് കാർപൊറേഷനോട്ട് പ ണം കടം വാങ്ങി സൈന്യത്തെ ബലപ്പെടുത്തുകയായിരു ന്നു. ഈ വായ്പ ചൈനയെ ബന്ധിക്കുകയില്ലെന്ന് പാർ ല്ലിമെൻറ് പ്രമേയം പാസ്സാക്കി. ചൈനായിലെ ദേശീ

യത്നത്തെ നശിപ്പിക്കുവാൻ പണം കടം കൊടുക്കരുതെന്ന് സൺ യൂറോപ്യൻ രാജ്യക്കാരെ അറിയിച്ചു. ചൈനായെ സാമ്പത്തികമായി അടിമപ്പെടുത്താമെന്നുള്ള ഉദ്ദേശത്തോടുകൂടി ഈ പ്രതിഷേധം വകവെയ്ക്കാതെ ബാങ്കിങ്ങ് കാർപൊറേഷൻ യുവാനു പണം കടം കൊടുത്തു. ചൈനായിൽ സ്വേച്ഛാധികാരം സ്ഥാപിക്കുന്നതിനായി ഫ്രാൻസും ബ്രിട്ടനും യുവാനെ സഹായിച്ചതിൽ ചൈനാക്കാർ വിസ്മയിച്ചു. എന്നാൽ വിദേശികൾക്ക് ബലവത്തായ ഒരു ചൈനാ അല്ല ആവശ്യമായിരുന്നതെന്ന് ദേശീയവാദികൾ മനസ്സിലാക്കിയിരുന്നില്ല.

യുവാനെ ഉച്ചാടനം ചെയ്യുവാൻ കുവോമിൻറാങ്ങ് സൈന്യസജ്ജീകരണം ചെയ്തെങ്കിലും അവരുടെ ശ്രമം ഫലവത്തായില്ല. അതുകൊണ്ട് സൺ യററ്സെന്നും ഹ്വാങ്ങ്സിങ്ങും മററും ചൈനാവിട്ടു പോകേണ്ടതായി വന്നു. യുവാൻ പാർല്ലിമെൻറ് മെമ്പറന്മാരെ ഭയപ്പെടുത്തി പ്രസിഡൻറ് സ്ഥാനം കരസ്ഥമാക്കി. വിദേശ്യരുടെ സഹായത്തോടുകൂടി അദ്ദേഹം കുവോമിൻറാങ്ങിനെ നിയമവിരുദ്ധസംഘമാക്കുകയും പാർല്ലിമെൻറ് പിരിച്ചുവിടുകയും സ്വേച്ഛാധികാരം പരിപൂർണ്ണമായി സ്ഥാപിക്കുകയും ചെയ്തു.

സൺ അധൈര്യപ്പെടാതെ വീണ്ടും വിപ്ലവകാരികളെ സംഘടിപ്പിച്ചു. ചൈനീസ് വിപ്ലവസംഘത്തിലെ അംഗങ്ങൾ സണ്ണിൻെറ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കണമെന്ന് പ്രതിജ്ഞചെയ്യേണ്ടിയിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ കക്ഷിയിൽചേരാൻഅധികമാളുകളുണ്ടാ

യില്ല. യുവാൻഷിക്കായി ൧൯൧൫-ൽ ഒരു ഡിക്േറററററു ടെ അധികാരങ്ങൾ കവൎന്നെടുത്തു. ചൈനായിലെ ചക്രവൎത്തിപദം കൈവശപ്പെടുത്തണമെന്നായിരുന്നു യുവാന്റെ അടുത്ത ശ്രമം. ഈ സമയം ജപ്പാൻകാരെ വിരോധപ്പെടുത്തരുതെന്നു കരുതി അവരാവശ്യപ്പെട്ട സൌജന്യങ്ങളെല്ലാം യുവാൻ അനുവദിച്ചുകൊടുത്തു. യുവാൻ രാജാധികാരം സ്വീകരിക്കണമെന്നു് ജനപ്രമാണികളേയും പാർല്ലിമെൻറു് മെമ്പറന്മാരേയും കൊണ്ടു് അദ്ദേഹം വോട്ടു ചെയ്യിച്ചു. ഈ വിവരമറിഞ്ഞു് യുവാന്റെ ഇഷ്ടനായ ലിയാങ്ങചീചാവോ ഒരു പ്രതിഷേധക്കത്തെഴുതിയശേഷം മന്ത്രിപദമൊഴിഞ്ഞു. തൽഫലമായി പല പ്രധാന ഉദ്യോഗസ്ഥന്മാരും രാജിക്കത്തുകളെഴുതി. ജനങ്ങൾ ആകപ്പാടെ ക്ഷോഭിച്ചു. നിസ്സഹായനായി യുവാൻ ൧൯൧൬-ൽ രാജാധികാരം വേണ്ടെന്നുവെച്ചു. അധികം താമസിയാതെ അദ്ദേഹം കാലധൎമ്മവും പ്രാപിച്ചു.

അദ്ദേഹത്തിനു ശേഷം ലീഹുവാൻഹങ്ങ് പ്രസിഡൻറായി. അദ്ദേഹം പാർല്ലമെൻററി ഭരണത്തെ പുനസ്ഥാപിക്കുകയും വീണ്ടും തിരഞ്ഞെടുപ്പു് നടത്തുകയും ചെയ്തു. എന്നാൽ ലീയുടെ ഉദ്ദേശവും രാജാധികാരം പുനസ്ഥാപിക്കണമെന്നായിരുന്നു. ലീയും പാർല്ലമെൻറുമായി പിണങ്ങുകയും മാഞ്ചുവംശത്തെ പുനസ്ഥാപിച്ചതായി പ്രഖ്യാപനം ചെയ്യുകയും ചെയ്തു. സൺയററ്സെൻ വീണ്ടും കാൻറണിൽ എത്തി ഒരു സൈന്യത്തെ സജ്ജീകരിച്ചു. എന്നാൽ അദ്ദേഹത്തിന്റെ അനുയായി

കൾതന്നെ വിശ്വസ്തന്മാരല്ലായിരുന്നതിനാൽ അദ്ദേഹം വടക്കൻ ചൈനയുമായുള്ള വഴക്കമുപേക്ഷിച്ച് ഷാങ്ങ്ഹെയിൽ പോയി താമസിച്ചു. ൧൯൨൧-ൽ വീണ്ടും ഒരാഭ്യന്തരസമരമുണ്ടായപ്പോൾ സൺ ചൈനയുടെ പ്രസിഡൻറായി. പക്ഷെ അവിടത്തെ വഴക്കുകൾ കൊണ്ട് അദ്ദേഹത്തിന് സുഖമായി ഈ സ്ഥാനം വഹിക്കുവാൻ സാധിച്ചില്ല. അദ്ദേഹത്തിൻെറ സേനാനായകനും അദ്ദേഹവുമായി പിണങ്ങിയതിനാൽ സൺ അടുത്ത കൊല്ലം കാൻറണിൽ നിന്നും ഒളിച്ചോടേണ്ടതായി വന്നു. പിന്നീട് സൺ യററ് സെൻ റഷ്യയെ സ്വാധീനപ്പെടുത്തികൊണ്ട് വടക്കൻ ചൈനായുമായി വഴക്കിനൊരുങ്ങി. സൺയററ്സെൻ ൧൯൨൫ മാച്ച് ൧൨-ാനു- നിര്യാതനായി. ൧൯൨൭-ൽ വീണ്ടും ഒരു വിപ്ലവമുണ്ടായതിൻെറ ഫലമായി ചൈനായിൽ ദേശീയത്വം സ്ഥാപിതമായി.

---

## അദ്ധ്യായം ൧൬.

### ചൈനായും സവ്വരാജ്യസഖ്യവും.

ചൈനാക്കാർ ലീഗ് അഫ് നേഷൻസിൽ വിശ്വാസമുള്ളവരാണ്. ൧൯൨൮-ൽ ചൈനീസ് പ്രതിനിധികൾ വിദേശ്യരുമായുള്ള ഉടമ്പടികളെ നവീകരിക്കണമെന്നും ലീഗ്കൌൺസിലിൽ ചൈനായ്ക്കു് സ്ഥിരമായ ഒരു സ്ഥാനം നല്കണമെന്നും വാദിച്ചതിനെ ലീഗ് അസംബ്ളി തിരസ്കരിച്ചു. ചൈനാക്കാർ തന്മൂലം ലീഗിൽ നിന്നും പിന്മാറുവാൻ തീർച്ചപ്പെടുത്തി. ഈ വിവരമറിഞ്ഞു ലീഗിൽ നിന്നും എം. അവനോളിനെ ചൈനായിലേക്കയക്കുകയും അദ്ദേഹത്തിന്റെ സാമത്ഥ്യത്താൽ പിണക്കമില്ലാതാകുകയും ചെയ്തു. ചൈനായുടെ പുനരുദ്ധാരണത്തിന് സ്ഥാപിതമായ നാഷണൽ എക്കൊണാമിക്ക് കൌൺസിലിനെ സഹായിക്കുവാൻ ലീഗ് ചില വിദഗ്ദ്ധന്മാരെ അയച്ചുകൊടുത്തു.

ലിഗ്പ്രതിനിധികളായി ചൈനായിൽ ചെന്നവർ പൊതുജനാരോഗ്യം, റോഡുനിമ്മാണം, വിദ്യാഭ്യാസ പരിഷ്കരണം, ഭരണഘടന, കൃഷിപരിഷ്കരണം, പട്ടു വ്യവസായം മുതലാവയിൽ ശ്രദ്ധിച്ചിരുന്നു. അവരുടെ ഉപദേശം സ്വീകരിക്കുവാൻ ചൈനായ്ക്കു് സാധിച്ചില്ല. ജപ്പാന്റെ മത്സരത്താൽ ചൈനായും ലീഗുമായിത്തന്നെ വ്വി

യോജിക്കേണ്ടിവന്നു. ചൈനായ്ക്കു വേണ്ടിയിരുന്നതു് സ്വാതന്ത്ര്യസംരക്ഷണമാണു്. അക്കാൎയ്യത്തിൽ ലീഗ് ചൈനായെ സഹായിച്ചില്ല.

ലീഗിലെ ഒരു മെമ്പരായ ജപ്പാൻ ലീഗുടമ്പടിക്കു വിരുദ്ധമായി ചൈനായെ ആക്രമിച്ചു. തദനന്തരം ചൈനായുടെ പേരിലാണു് കുററമെന്നു സ്ഥാപിക്കുവാൻ ജപ്പാൻ ശ്രമിച്ചു. യൂറോപ്പിലെ മഹച്ഛക്തികൾ ചൈനായോടു് സഹഭാവം പ്രകടിപ്പിച്ചിരുന്നില്ല. ചൈന ഉയൎന്നു് വന്നാൽ ജപ്പാൻ അധഃപതിക്കുമെന്നാണു് ജപ്പാൻകാരുടെ വിശ്വാസം. ജപ്പാൻകാർ യുദ്ധംചെയ്യുന്നതിനു് പകരം ചൈനായെ സഹായിച്ചിരുന്നുവെങ്കിൽ അവൎക്കു് ഏഷ്യയിൽ ഒരു വലിയ ശക്തിയുണ്ടാക്കാമായിരുന്നു. എന്നാൽ ജപ്പാനിലെ സേനാനികൾ ചൈനാ ആക്രമിക്കുന്നതിനാണു് നിശ്ചയിച്ചതു്. ജപ്പാൻകാർ ൧൮൯൪-ൽ ചൈനയുമായി യുദ്ധം ചെയ്തു. ൧൯൦൪-ൽ അവർ ചൈനായുടെ ഒരു ഭാഗം കരസ്ഥമാക്കി. ൧൯൧൫-ൽ അവർ ൨൧ നിൎദ്ദേശങ്ങൾ മൂലം ചൈനായെ അവമാനിച്ചു. ക്രമേണ അവർ ഷാൻറംഗ് കൈവശപ്പെടുത്തുകയും ൧൯൩൧-ൽ മഞ്ചൂറിയായിൽ പ്രവേശിക്കുകയും ചെയ്തു. അവർ ഷാങ്ങ്ഹൈയി ദഹിപ്പിക്കുകയും നാങ്കിങ്ങ് വളയുകയും ജെഹോൾ പിടിക്കുകയും പീക്കിങ്ങും ടീൻസ്റ്റിനും പിടിച്ചടക്കുവാനൊരുങ്ങുകയും അനവധി ചീനന്മാരെ കൊല്ലുകയും ചെയ്തിട്ടുണ്ടു്.

ചൈനായിൽ അന്തഃഛിദ്രമാണെന്നാകുന്നു ജപ്പാൻകാർ യൂറോപ്യന്മാരെ ധരിപ്പിക്കുന്നതു്. ചൈനാക്കാർ

അവരുടെ അന്തഃഛിദ്രങ്ങളൊതുക്കി സമാധാന സംസ്ഥാപനത്തിന്ന് ശ്രമിക്കുമ്പോഴാണ് ജപ്പാൻകാർ വിഘ്നമുണ്ടാക്കുന്നത്. ൧൯൩൧-ൽ ജപ്പാൻ മഞ്ചൂറിയായിൽ പ്രവേശിച്ചത് ചൈനായിൽ ആഭ്യന്തരകലഹം അവസാനിക്കാറായപ്പോഴായിരുന്നു. ലീഗ് അഫ് നേഷൻസ് ഈ അവസരത്തിൽ ചൈനായെ സഹായിക്കാത്തതു കൊണ്ട് ചൈനാ ജപ്പാനുമായി ഒരു മഹായുദ്ധത്തിനൊരുങ്ങിയില്ല. ചൈനാ യുദ്ധം ചെയ്തിരുന്നുവെങ്കിൽ ലീഗിൻെറ സഹായമുണ്ടാകുമായിരുന്നുവെന്ന് ഇപ്പോൾ ചിലർ പറയുന്നു. ഈ പ്രസ്താവം ശരിയല്ലെന്ന് ഇററലിയും ആബിസീനിയായും തമ്മിലുള്ള സമരത്തിൽ നിന്നും തെളിഞ്ഞിട്ടുണ്ട്. ലീഗ് ചൈനായെ സഹായിച്ചാൽ യൂറോപ്യന്മാക്കുതന്നെ നല്ല കമ്പോളമുണ്ടാകുമെന്ന് അവർ അറിയുന്നില്ല.

ചൈനാക്കാക്ക് യൂറോപ്യന്മാരോടു പൊതുവെയുള്ള മനോഭാവമെന്താണെന്നും ഇവിടെ വിവരിക്കാം. യൂറോപ്യന്മാർ ജപ്പാൻകാരുടെ പക്ഷത്താണെന്ന് ചീനന്മാർ വിശ്വസിക്കുന്നു. ചീനന്മാർ താഴ്ന്നവരാണെന്നാകുന്നു യൂറോപ്യന്മാരുടെ ബോധം. അവർ ചൈനാക്കാരുമായി സാമുദായിക ജീവിതത്തിൽ ഇടപെടുന്നില്ല. ഒരു ചൈനീസ് മന്ത്രിയെ വിരുന്നിനായി ഒരു യൂറോപ്യൻ ക്ഷണിച്ചപ്പോൾ മററു യൂറോപ്യന്മാർ ഈ കൂലിക്കാരനെ ക്ഷണിച്ചതെന്തിനാണെന്ന് ആതിഥേയനോട് ചോദിച്ചു. ഷാങ്ഹെയിലെ യൂറോപ്യന്മാർ സ്ഥിതിയുള്ള ചൈനാക്കാരെപ്പററി അഭിപ്രായം പറയുന്നത് അവരുടെ ആശയഗതികൾ അറിയാതെയാണ്.

# അദ്ധ്യായം ൰൯.

## ചൈനായിലെ ചില പ്രധാന സ്ഥലങ്ങൾ.

ഷാങ്ങ് ഹൈയി ചൈനായിലെ ഒരു പ്രധാന പട്ടണമാകുന്നു. അവിടെ ഫ്രെഞ്ചുകാൎക്ക് ഒരു പ്രത്യേകവിഭാഗവും എല്ലാ രാജ്യക്കാരും താമസിക്കുന്ന ഭാഗവുമുണ്ടു്. ഫ്രെഞ്ചുകാരുടെ വിഭാഗത്തിൽ ൯ ലക്ഷം ജനങ്ങൾ താമസിക്കുന്നു. അതിലെ പ്രധാന തെരുവായ ജോഫർ സ്ട്രീററിസ് ൪ മയിൽ നീളമുണ്ടു്. ഫ്രെഞ്ചു വിഭാഗം ഭരിക്കുന്നത്തു് ഫ്രെഞ്ചു കാൺസൽ ജനറലാണ്. ഈ പട്ടണത്തിൽ പല സംസ്കാരങ്ങളും സമ്മേളിച്ചിരിക്കുന്നു. ഒരു ഭാഗത്തു് അമേരിക്കാക്കാരുടെ പരിഷ്കാരം കാണുന്നു. അമേരിക്കയിൽ പോയി പഠിച്ചു വന്ന ചീനന്മാർ ചിക്കാഗോവിലെ ഇംഗ്ലീഷാണ് സംസാരിക്കുന്നതു്. നാങ്കിങ്ങിലെ കച്ചവടക്കാർ അഞ്ചു മണിക്ക് കടകളടയ്ക്കുന്നു. ജപ്പാൻ സ്ത്രീകൾ ഈ പട്ടണത്തിൽ കൂടി മെതിയടിയിന്മേൽ നടക്കുന്നു. അവ ന്യൂജോഫർ തെരുവിൽ എല്ലാവരും റഷ്യൻ ഭാഷ സംസാരിക്കുന്നു. ചൈനാത്തെരുവിൽ വിവാഹത്തിനും ശവസംസ്കാരത്തിനും ആഘോഷമുണ്ടു്. ഷാങ്ങ് ഹൈയിൽ ചൈനാക്കാർ താമസിക്കുന്നിടത്തു് യൂറോപ്യൻ സ്ത്രീകൾ തനിയെ പോകാറില്ല. അവിടെ സദാ കൂട്ടമാണ്. ചൈനായിൽ ഒരാൾ ചെയ്യേണ്ട ജോലി തീൎക്കുവാൻ പലരാവശ്യമാണ്. ഒരാഫീസിൽ

തന്നെ അമ്പതും അറുപതും പ്യൂൺമാരുണ്ടായിരിക്കുന്നു. അവിടെ റിക്ഷാക്കാരുടെ ഉപദ്രവം കൊണ്ടു വഴിയെ ആളുകൾക്കു നടക്കുവാൻ വയ്യാ. അവരുടെ കൂലി വളരെ കുറവാണു്. റിക്ഷാക്കാരെ എല്ലാവരും ഉപദ്രവിക്കുന്നു. പോലീസുകാർ റിക്ഷാക്കാരുടെ ശത്രുക്കളാണു്. ചൈനായിലെ പരിഷ്ക്കാരികൾ ഷാങ്ങ് ഹേയിൽ താമസിക്കുവാനിഷ്ടപ്പെടുന്നു. മദ്യപാനം, നൃത്തനം, വ്യഭിചാരം, ചൂതുകളി ഇവയുടെ കേന്ദ്രമാണു് ഷാങ്ങ് ഹെയി.

ടീൻസ്റ്റിൻ ചൈനായിലെ ഒരു അഖില ലോകനഗരമാകുന്നു. അവിടുത്തെ പോലീസുകാർ പാരിസു യൂണിഫാറം ധരിക്കുന്നു. ഇംഗ്ലീഷുകാർ പാക്കുന്ന സ്ഥലത്തു് തലപ്പാവുധാരികളായ സിക്കുകാരാണു് പോലീസുകാർ. ജപ്പാൻ വിഭാഗത്തിൽ ചൈനായിലെ യുവാക്കന്മാരെ ദുഷിപ്പിക്കുവാൻ ലഹരി പദാൎത്ഥങ്ങൾ വില്ക്കപ്പെടുന്നു. ജപ്പാൻകാരെ ചൈനയുടെ ഏതു ഭാഗത്തും കാണാം. ജപ്പാൻ സാമാനങ്ങളെ ചൈനാ പരിവർജ്ജിക്കുന്നുണ്ടെങ്കിലും ടീൻസ്റ്റിനിൽ അതിൻെറ ലക്ഷണമൊന്നും കാണുന്നില്ല.

പീക്കിങ്ങ് ചക്രവൎത്തിമാരുടെ രാജധാനിയായിരുന്നു. അവിടെയാണു് സ്വൎഗ്ഗക്ഷേത്രം സ്ഥാപിതമായിരിക്കുന്നതു്. ഇപ്പോൾ ഈ ക്ഷേത്രം നശിച്ചു വരുന്നു. ചീനന്മാൎക്കു് അവരുടെ കൊട്ടാരങ്ങളും അമ്പലങ്ങളും ഇപ്പോൾ ഇഷ്ടമല്ല. ബുദ്ധക്ഷേത്രങ്ങളിൽ ഇപ്പോൾ ആരും പോകാറില്ല. ബൌദ്ധപുരോഹിതന്മാർ വയറുപിഴപ്പിനു് ചില കൎമ്മങ്ങൾ ചെയ്യുന്നു. ചൈനീസു ക്ഷേത്രങ്ങളിൽ

ദേവനോ ശവകുടീരത്തിൽ പിതൃവൊ ഇല്ലെന്നായിരിക്കു ന്നു. ഇപ്പോറം ഈ പട്ടണത്തിൻെറ പേർ പെയിപ്പിങ്ങ് എന്നാണു്.

ഹാങ്ങ്ചോ ഷാങ്ങ്ഹെയിയിൽ നിന്നും ൧൨൦ മയിലകലെയാണു്. അതു് ചെക്കിയാങ്ങ് സംസ്ഥാനത്തി ൻെറ തലസ്ഥാനമാണു്. അവിടെ ഏഴ്ലക്ഷത്തിയമ്പ തിനായിരം ജനങ്ങറം നിവസിക്കുന്നു. ഷാങ്ങ്ഹെയി യിൽ നിന്നും ഹാങ്ങ്ചോയിലേക്കു് അടുത്തകാലത്തു് ഒരു നല്ല റോഡുവെട്ടിയിട്ടുണ്ടു്. ഹാങ്ങ്ചോയിലെ സം സ്കാരം ചൈനീസാകുന്നു. തെക്കെ ചൈനായിലെ ഒരു മതകേന്ദ്രമാണു് ഹാങ്ങ്ചോ. അവിടെ അസംഖ്യം ക്ഷേത്രങ്ങളും വിഹാരങ്ങളുമുണ്ടു്. തീൎത്ഥയാത്രക്കാർ ഈ പട്ടണം സന്ദൎശിക്കുന്നു. ഇപ്പോറം തീൎത്ഥയാത്രക്കാ ൎക്കു് പകരം ഷാങ്ങ്ഹെയി നിവാസികറം സുഖവാസത്തി നായി ഹാങ്ങ്ചോയിൽ പോകുന്നു. പട്ടുകച്ചവടത്തിനു് ഹാങ്ങ്ചോ സുപ്രസിദ്ധമാണു്.

കാൻറൺ ചൈനായിലെ ഒരു പരിഷ്കൃത നഗര മാണു്. യൂറോപ്യൻ പരിഷ്കാരവുമായി ദീൎഘകാലത്തെ ബന്ധമുള്ളതു് ഈ നഗരത്തിനാകുന്നു. കാൻറൺ നിവാ സികളാണു് പൂൎവ്വകാലത്തു് വിദേശിയരാജ്യങ്ങളുമായി ക ച്ചവടം നടത്തിയിരുന്നതു്. ബ്രിട്ടീഷുകാരും ഡച്ചുകാരും പോൎട്ടുഗീസുകാരും ആദ്യമായി കച്ചവടത്തിനു് വന്നതു് ഈ പട്ടണത്തിലാകുന്നു. ഇവിടുത്തെ ചൈനാക്കാരും യൂറോപ്യന്മാരും രമ്യതയിൽ വൎത്തിക്കുന്നു. ഈ പട്ടണ ത്തിൽ നിന്നാണു് ആംഗലവിദ്യാഭ്യാസത്തിനായി യുവാ

ക്കന്മാർ ആദ്യമായി അമേരിക്കയിലേക്കു പോയതു്. കാൻറണിലെ സ്ത്രീകൾ യൂറോപ്യൻരീതിയിൽ വസ്ത്രധാരണം ചെയ്യുന്നു. ഇവിടത്തെ ബുദ്ധക്ഷേത്രത്തിൽ ഇപ്പോൾ ആരും പോകുന്നില്ല. ഇന്നു് കാൻറൺ നിവാസികളുടെ ദൈവം സൺയററു് സെന്നാണു്. കാൻറൺ, വിപ്ലവകാരികളുടെ തൊട്ടിലാകുന്നു. ഗവമ്മെൻറിനോടു വിരുദ്ധതയുള്ളവർ കാൻറണിൽ അഭയം പ്രാപിക്കുന്നു. ജനപ്രഭുത്വം പ്രകാശിക്കുന്നതു് കാൻറണിലാണെന്നു് അവിടത്തെ ജനങ്ങൾ ഭാവിക്കുന്നു.

---

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. M 900 Acc. No. 21418

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 24 MAR 2022 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

M 900
MAD - C

21418

മാധവ വാര്യര്‍ ഛം. ന്യൂ
ചിന്താസന്താനം

KOTTAYAM PUBLIC LIBRARY

Call No M900 Acc. No 21418

Author [illegible]

Title ചിന്താസന്താനം

Indic Digital Archive Foundation

gpura.org